TAB

# TRICHUR ARCHDIOCESAN BULLETIN

2023 ഫെബ്രുവരി വാല്യം: 90 ലക്കം: 02




**യേശുവും നിക്കോദേമോസും** (യോഹ 3: 5)



2023 ജനുവരി 01ന് ആശീർവാദവും പ്രതിഷ്ഠാകർമ്മവും നിർവഹിക്കപ്പെട്ട
ആളൂർ സെന്റ് സെബാസ്റ്റ്യൻ ഇടവക ദൈവാലയവും അൾത്താരയും






Trichur Archdiocesan Bulletin TAB
ESTD: 1934

**ഫെബ്രുവരി 2023**
ലക്കം: 02 വാല്യം: 90

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Daijo Poruthur

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org



| | |
|---|---|
| സിനഡാനന്തര സർക്കുലർ | 4 |
| സർക്കുലർ | 12 |
| കച്ചേരിക്കാര്യം | 15 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 18 |
| സഹായമെത്രാന്റെ പരിപാടികൾ | 19 |
| നാളാഗമം | 20 |
| നാമകരണ നടപടികൾ | 26 |
| വൈദികർ | 30 |
| സന്യസ്തർ | 32 |
| അതിരൂപത തീർത്ഥാടന കേന്ദ്രം | 36 |
| സാമ്പത്തിക കാര്യാലയം | 37 |
| മതബോധനം | 38 |
| സ്ഥാപനങ്ങൾ | 44 |
| സംഘടനകൾ | 55 |

# സിനഡാനന്തര
# സർക്കുലർ

**സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്**
**കർദിനാൾ ജോർജ് ആലഞ്ചേരി**

Prot. No. 0029/2023

**സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്**
**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**
**തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും**
**മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും**
**അല്മായസഹോദരങ്ങൾക്കും എഴുതുന്ന സർക്കുലർ.**

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മുപ്പത്തിയൊന്നാമത് സിനഡിന്റെ ഒന്നാമത്തെ സമ്മേളനം മൂന്നു ദിവസങ്ങളിലെ ധ്യാനത്തിനും പ്രാർത്ഥനകൾക്കുംശേഷം ജനുവരി 9 മുതൽ 14 വരെ സഭാകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. നമ്മുടെ സഭയെയും സമൂഹത്തെയും ബാധിക്കുന്ന സമകാലിക വിഷയങ്ങളെക്കുറിച്ചു പ്രാർത്ഥനാപൂർവ്വം പഠിക്കാനും ദൈവഹിതം അന്വേഷിക്കാനുമാണു സിനഡ് പിതാക്കന്മാർ ശ്രമിച്ചത്. സിനഡിന്റെ വിജയത്തിനായി നിങ്ങളെല്ലാവരും ആത്മാർത്ഥമായി പ്രാർത്ഥിച്ചതിനു ഞാൻ ഹൃദയപൂർവ്വം നന്ദി പറയുന്നു.

തന്റെ അഗാധമായ ദൈവികജ്ഞാനംകൊണ്ടും മാതൃകാപരമായ വിശുദ്ധജീവിതംകൊണ്ടും തിരുസഭയെ നയിച്ച ബെനഡിക്ട് പതിനാറാമൻ മാർപാപ്പ നിത്യസമ്മാനത്തിനു വിളിക്കപ്പെട്ടതിന്റെ പശ്ചാ

ത്തലത്തിലാണ് സിനഡു സമ്മേളനം ആരംഭിച്ചത്. പ്രതിസന്ധികളുടെ കാലത്തു സഭാനൗകയെ ധീരമായി നയിച്ച ബെനഡിക്ട് പാപ്പായോടു സഭയ്ക്കു വലിയ കടപ്പാടുണ്ട്. നമ്മുടെ സഭയുടെ വളർച്ചയ്ക്കു സഹായകമായ നിർണായകമായ ഒട്ടേറെ തീരുമാനങ്ങൾ എടുത്ത ബെനഡിക്ട് പാപ്പായുടെ ഹൃദയത്തിൽ സീറോമലബാർസഭയ്ക്കു സവിശേഷമായ സ്ഥാനമുണ്ടായിരുന്നു. റോമിലെ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ നടന്ന ബെനഡിക്ട് പാപ്പായുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ നമ്മുടെ സഭയിൽനിന്നുള്ള ഏതാനും പിതാക്കന്മാരോടൊപ്പം ഞാനും പങ്കെടുത്തിരുന്നു. ബെനഡിക്ട് മാർപാപ്പായുടെ ആത്മാവിനെ ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചു നമുക്കു പ്രാർത്ഥിക്കാം.

ജഗദൽപൂർ രൂപതയുടെ മുൻ അദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ സൈമൺ സ്റ്റോക്ക് പാലാത്തറ സി.എം.ഐ. പിതാവിന്റെ മരണത്തിൽ സിനഡ് അനുശോചനം രേഖപ്പെടുത്തി. സീറോമലബാർ സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കു പിതാവു നൽകിയ ഊർജവും ദിശാബോധവും കാലാതിവർത്തിയാണെന്നു സിനഡു വിലയിരുത്തി.

**ഏകീകൃത കുർബാനയും എറണാകുളം അങ്കമാലി അതിരൂപതയും**

ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം നടപ്പിലാക്കുന്നതിൽ എറണാകുളം അങ്കമാലി അതിരൂപതയ്ക്കുള്ള അജപാലനപ്രശ്നങ്ങളെ സിനഡു വസ്തുനിഷ്ഠമായി വിലയിരുത്തി. 1999 നവംബർ മാസത്തിലെ സിനഡ് ഒരുമനസ്സോടെ തീരുമാനിച്ചതും തുടർന്നുള്ള വിവിധ സിനഡു സമ്മേളനങ്ങൾ ആവർത്തിച്ചാവശ്യപ്പെട്ടതും 2021 ആഗസ്റ്റ് മാസത്തിൽ സിനഡിന്റെ തീരുമാനപ്രകാരം 2021 നവംബർ 28 മംഗളവാർത്ത ഒന്നാം ഞായർ മുതൽ നിയമബദ്ധമായി നടപ്പിലാക്കാൻ നിർദ്ദേശിക്കപ്പെട്ടതുമാണ് സീറോമലബാർസഭയുടെ ഏകീകൃത കുർബാനക്രമം. ഈ ക്രമം നടപ്പിലാക്കാൻ, തികച്ചും അസാധരണമായ നടപടിയെന്ന നിലയിൽ പിതൃസഹജമായ സ്നേഹത്തോടെ 2021 ജൂലൈ മൂന്നിനും 2022 മാർച്ച് 25നും ഫ്രാൻസിസ് മാർപാപ്പ രണ്ടു കത്തുകളിലൂടെ നേരിട്ടു ആവർത്തിച്ചു ആവശ്യപ്പെട്ടതാണ്. തിരുസ്സഭയുടെ പരമാധികാരിയായ പരിശുദ്ധ പിതാവിന്റെ ഈ ഉദ്ബോധനം സീറോമലബാർസഭയുടെ മക്കൾ മുഴുവനും അനുസരിക്കാൻ കടപ്പെട്ടവരാണ്. ആരാധനാക്രമവിഷയങ്ങളിൽ അന്തിമതീരുമാനം എടുക്കേണ്ടതു സഭയുടെ സിനഡും ശ്ലൈഹിക സിംഹാസനവുമാണ്. ഇപ്രകാരം നൽകപ്പെട്ട നിയമത്തിനു വിരുദ്ധമായി തീരുമാനമെടുക്കാൻ മറ്റാർക്കും അവകാശമില്ല. ശ്ലൈഹിക സിംഹാസനം അംഗീകരിച്ച സഭാസിനഡിന്റെ തീരുമാനത്തെ മനഃപൂർവം അവഗണിച്ചു വിശുദ്ധ കുർബാനയർപ്പിക്കു

ന്നതു നിയമവിരുദ്ധമാണെന്ന് (illicit) എല്ലാവരും തിരിച്ചറിയണം. മേൽ പറഞ്ഞ തീരുമാനത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ടുള്ള ചർച്ചകൾക്കുമാത്രമേ സഭാപരമായി സാധുതയുള്ളൂ.

എറണാകുളം അങ്കമാലി അതിരൂപത നിലവിൽ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററുടെ ഭരണത്തിൻ കീഴിലായതിനാൽ സിനഡിനു നേരിട്ട് അതിരൂപതയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനം എടുക്കാനാവില്ല. അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായ ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിന്റെ നിർദ്ദേശപ്രകാരം എറണാകുളം അങ്കമാലി അതിരൂപതയിൽനിന്നുള്ള പിതാക്കന്മാർ ഉൾപ്പെടുന്ന ആറംഗ സമിതി ചർച്ചകൾക്കായി നിയോഗിക്കപ്പെട്ടു. ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതിയെ എതിർക്കുന്നവരും അനുകൂലിക്കുന്നവരുമായി സമിതി പല തവണ ചർച്ചകൾ നടത്തി. അതിരൂപതാ കൂരിയായിലെ അംഗങ്ങളുമായും വിശദമായ ചർച്ചകൾ നടന്നു. കൂടാതെ അതിരൂപതാംഗങ്ങളായ വിവിധ അല്മായപ്രമുഖരുമായും സമിതി ആശയവിനിമയം നടത്തി. എറണാകുളംഅങ്കമാലി അതിരൂപതയിൽനിന്നു സിനഡിൽ സന്നിഹിതരായിരുന്ന എല്ലാ പിതാക്കന്മാരും ചർച്ചയുടെ വിവിധ ഘട്ടങ്ങളിൽ ഹൃദയപൂർവം പങ്കുചേർന്നിരുന്നു. സിനഡു പിതാക്കന്മാരെല്ലാവരും ഉപവാസവും പ്രാർത്ഥനയുംവഴി ഈ അനുരഞ്ജന പ്രക്രിയയിൽ പങ്കാളികളായി.

സഭയുടെ ഐക്യത്തെ വർധിപ്പിക്കുന്നരീതിയിൽ ഏകീകൃത ബലിയർപ്പണം നടപ്പാക്കണമെന്ന തീരുമാനത്തിൽ അടിയുറച്ചുനിന്നുകൊണ്ട് അതു നടപ്പിലാക്കാൻ എറണാകുളം അങ്കമാലി അതിരൂപതയിലെ ഇടവകകൾക്ക് ഔദാര്യപൂർവം സമയം നൽകുകയെന്ന ലക്ഷ്യത്തോടെയാണു ചർച്ചകൾ പുരോഗമിച്ചത്. കത്തീഡ്രൽ ബസിലിക്കയിൽ ഞായറാഴ്ചകളിലെങ്കിലും ഏകീകൃത രൂപത്തിലുള്ള കുർബാനയർപ്പിച്ചുകൊണ്ട് അനുരഞ്ജനത്തിന്റെ പ്രക്രിയ ആരംഭിക്കാമെന്നായിരുന്നു സിനഡുപിതാക്കന്മാരുടെ പ്രതീക്ഷ. അങ്ങനെ യോജിപ്പിൽ എത്തുകയാണെങ്കിൽ സിനഡിന്റെ അവസാനദിവസം പിതാക്കന്മാരെല്ലാം ഒന്നുചേർന്നു മേജർ ആർചുബിഷപ്പിന്റെ കാർമികത്വത്തിൽ ബസിലിക്കയിൽ വിശുദ്ധ കുർബാനയർപ്പിച്ചു ഐക്യത്തിലേക്കുള്ള പ്രയാണത്തെ ത്വരിതപ്പെടുത്താമെന്ന ചില വിഭാഗങ്ങളുടെ നിർദ്ദേശവും ഞങ്ങൾക്കു സ്വീകാര്യമായിരുന്നു. എന്നാൽ ഇനിയും വ്യക്തമാകാത്ത കാരണങ്ങളാൽ ഏകീകൃത കുർബാനക്രമത്തെ അംഗീകരിക്കാത്ത ചിലർ മേൽ വിവരിച്ച തത്വങ്ങളിൽ ഉറച്ചുനിൽക്കാൻ വിസമ്മതിച്ചതിനാൽ സിനഡിന്റെ സമാപനത്തിൽ എല്ലാവർക്കും സ്വീകാര്യമായ തീരുമാനം പ്രഖ്യാ

പിക്കാൻ കഴിയാത്തതിൽ ഞങ്ങൾക്കു ഖേദമുണ്ട്. ഐക്യത്തിനുവേണ്ടിയുള്ള സഭയുടെ മനസ്സു തിരിച്ചറിഞ്ഞ് എല്ലാവരും ഏകമനസ്സോടെ സിനഡിന്റെ നിർദ്ദേശങ്ങൾ പാലിക്കുന്ന ദിവസം അകലെയല്ലെന്ന പ്രത്യാശ ഈ ചർച്ചകളുടെ വെളിച്ചത്തിൽ ഞങ്ങൾ പങ്കുവയ്ക്കുന്നു. അതിനാൽ ചർച്ചകൾ തുടരുവാൻ ഏതാനും അല്മായപ്രമുഖരോടും ഞങ്ങൾ സഹായം തേടിയിട്ടുണ്ട്. പിതാക്കന്മാരുടെ സമിതി തുടർന്നും ചർച്ചകൾക്കു നേതൃത്വം കൊടുക്കുന്നതാണ്.

മുറിവുകളുണക്കി ഹൃദയൈക്യത്തിലേക്കു നീങ്ങാൻ പരിശുദ്ധാത്മാവ് എല്ലാവരെയും പ്രചോദിപ്പിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു. സഭയുടെ ആധികാരിക പ്രബോധനങ്ങളും തീരുമാനങ്ങളും പൊതുനന്മയും ബലികഴിച്ചുകൊണ്ടുള്ള ഒത്തുതീർപ്പിനു സിനഡിനു സാധിക്കില്ല എന്ന സത്യം എല്ലാവരും മനസ്സിലാക്കേ താണ്.

ചർച്ചകളിലൂടെ പ്രശ്നപരിഹാരമു ാക്കാൻ ഒരു മനസ്സോടെ പരിശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ എല്ലാത്തരം പ്രതിഷേധപ്രകടനങ്ങളിൽനിന്നും സമരമുറകളിൽനിന്നും പിന്മാറണമെന്ന് എല്ലാ വൈദികരോടും സന്യസ്തരോടും അല്മായവിശ്വാസികളോടും സിനഡ് ഏകമനസ്സോടെ ആഹ്വാനം ചെയ്യുന്നു. മാർപാപ്പയുടെ ഉദ്ബോധനം ലംഘിക്കുന്നതും മാർപാപ്പ നിയോഗിച്ച അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർക്കെതിരായി പ്രവർത്തിക്കുന്നതും പരിശുദ്ധ പിതാവിനെ നിരാകരിക്കുന്ന ഗുരുതരമായ കുറ്റമാണെന്ന് എല്ലാവരും ഗ്രഹിക്കണം. പരിശുദ്ധ പിതാവിന്റെ അംഗീകാരത്തോടെയുള്ള സിനഡിന്റെ തീരുമാനം നടപ്പിലാക്കാൻ വിശ്വാസപൂർവം മുമ്പോട്ടുവന്ന എറണാകുളംഅങ്കമാലി അതിരൂപതയിലെ വൈദികരുടെയും അല്മായസഹോദരങ്ങളുടെയും നിലപാടു മാതൃകാപരമാണ്.

ഏകീകൃതരീതിയിലുള്ള കുർബാനയർപ്പണത്തിനുള്ള പരിശീലനമാണ് 2000ാം ആണ്ടു മുതൽ കേരളത്തിലെ വൈദികവിദ്യാർത്ഥികൾക്കു മേജർ സെമിനാരികളിൽ നൽകിവരുന്നത്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടായി നമ്മുടെ സഭയുടെ മതബോധനക്ലാസുകളിൽ പഠിപ്പിച്ചിരുന്നതും ഏകീകൃത കുർബാനയർപ്പണരീതിയെ പരിചയപ്പെടുത്തുന്ന പാഠങ്ങളാണ്. അതിനാൽ ഏകീകൃത കുർബാനയർപ്പണരീതി തികച്ചും അപരിചിതമെന്നു പറയാൻ ആർക്കും സാധിക്കില്ല. നമ്മുടെ സഭയിൽ പ്രധാനമായും രണ്ടു തരത്തിലുള്ള വിശുദ്ധ കുർബാനയർപ്പണരീതികളാണ് 1999 വരെ നിലനിന്നിരുന്നത്: പൂർണമായി അൾത്താരാഭിമുഖവും പൂർണമായി ജനാഭിമുഖവും. പ്രസ്തുത രീതികളെ സഭയുടെ ഐക്യത്തെ മുൻനിറുത്തി ഏകോപിപ്പിച്ചാണു നിലവിലുള്ള ഏകീകൃത കുർ

ബാനയർപ്പണരീതി സിനഡ് അംഗീകരിച്ചത്. അതിനാൽ, ഏതെങ്കിലും പക്ഷത്തിന്റെ വിജയമോ പരാജയമോ ആയി ഏകീകൃത കുർബാനയർപ്പണരീതിയെ ആരും ദുർവ്യാഖ്യാനം ചെയ്യരുത്.

2022 നവംബർ 27ന് എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ വിശുദ്ധ കുർബാനയർപ്പിക്കാനെത്തിയ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററെ തടഞ്ഞതും എറണാകുളംഅങ്കമാലി അതിരൂപതാകേന്ദ്രത്തിൽ നടന്ന പ്രതിഷേധപ്രകടനങ്ങളും അതിക്രമങ്ങളും അങ്ങേയറ്റം അപലപനീയമാണ്. പരിശുദ്ധ സിംഹാസനം ഭരമേല്പിച്ച ദൗത്യനിർവഹണത്തിനുള്ള ആത്മാർത്ഥമായ പരിശ്രമമാണ് അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവു നടത്തിയതെന്നു സിനഡു വിലയിരുത്തി. 2022 ഡിസംബർ 23,24 തീയതികളിൽ എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ നടന്നതു സമാനതകളില്ലാത്ത വിശ്വാസവിരുദ്ധ പ്രവർത്തനങ്ങളാണ്. പരിശുദ്ധ കുർബാനയെ അവഹേളിക്കുന്ന പ്രവർത്തനങ്ങൾ ഹൃദയം തകർക്കുന്ന വേദനയോടെയാണു സഭയിലെ ഓരോ വിശ്വാസിയും നോക്കികണ്ടത്. വിശുദ്ധ കുർബ്ബാനയെ പ്രതിഷേധ സമരമാർഗമായി ഉപയോഗിച്ച വൈദികരും അതിനെ പ്രതിരോധിക്കാൻ ബലിപീഠം കയ്യേറിയ വ്യക്തികളും സഭാഗാത്രത്തിൽ ഏൽപ്പിച്ച മുറിവ് ഏറെ ആഴമുള്ളതാണ്. പരിശുദ്ധ കുർബാനയെ അവഹേളിക്കുന്നതു നേരിട്ടുള്ള ദൈവനിന്ദയാണ്. ഈ സംഭവത്തെക്കുറിച്ചു അന്വേഷിക്കാൻ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ഒരു കമ്മീഷനെ നിയമിച്ചിരുന്നു. ഈ കമ്മീഷന്റെ റിപ്പോർട്ടു റോമിലെ ബന്ധപ്പെട്ട കാര്യാലയത്തിൽ അറിയിക്കുകയും അവിടെനിന്നു ലഭിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതം മേൽനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. പരിശുദ്ധ കുർബാനയെ അവഹേളിച്ച പ്രവർത്തിക്കു പരിഹാരമായി മെത്രാന്മാരും വൈദികരും സന്യസ്തരും സാധിക്കുന്ന വിശ്വാസികളും വിശുദ്ധ കുർബാനയ്ക്കുമുന്നിൽ ഒരു മണിക്കൂർ നിശബ്?ദമായ ആരാധന നടത്തണമെന്നു സിനഡ് ആഹ്വാനം ചെയ്യുന്നു.

പൗരോഹിത്യം സഭയിലൂടെ ദൈവം നൽകുന്ന ദാനമാണ്. പരിശുദ്ധ പിതാവിനോടും മേജർ ആർച്ചുബിഷപ്പിനോടും രൂപതാദ്ധ്യക്ഷനോടും ചേർന്നുനിൽക്കുമ്പോഴാണു പൗരോഹിത്യം കൃപാദായകമാകുന്നത്. മാർപാപ്പായെയും സഭാതലവനെയും രൂപതാദ്ധ്യക്ഷനെയും നിഷേധിക്കുമ്പോൾ പൗരോഹിത്യം ഉറകെട്ടുപോയ ഉപ്പുപോലെ ഫലരഹിതമാകും എന്നതിനാലാണ് പൗരോഹിത്യ സ്വീകരണവേളയിൽ സഭാധികാരികളോടുള്ള അനുസരണവും വിധേയത്വവും പുരോഹിതാർത്ഥികൾ ഏറ്റുപറയുന്നത്. സഭയോടുള്ള കൂട്ടായ്മ മറക്കുമ്പോൾ പൗരോഹിത്യം ദൈവജനത്തിന് കൃപ നൽകാൻ കഴിവില്ലാത്തതാകുമെന്ന സത്യം

എല്ലാ വൈദികരും തിരിച്ചറിയണം.

അനുരഞ്ജിതരായിത്തീരാൻവേണ്ടി നാം അർപ്പിക്കുന്ന വിശുദ്ധ കുർബാന അനൈക്യത്തിന്റെ വേദിയാക്കി സ്വയം അപഹാസ്യരാകാതിരിക്കാൻ എല്ലാ വൈദികരും സമർപ്പിതരും അല്മായസഹോദരങ്ങളും ശ്രദ്ധിക്കണം. സഭാസ്നേഹികളും പാരമ്പര്യവാദികളും എന്ന പേരിൽ നിരന്തരം പ്രകോപനപരമായി പ്രതികരിക്കുന്ന ഓൺലൈൻ കൂട്ടായ്മകൾ സ്വയം നിയന്ത്രിക്കേ ത് സഭയുടെ ഐക്യത്തിന് അനിവാര്യമാണ്.

**പുതിയ യാമപ്രാർത്ഥനകൾ**

നമ്മുടെ സഭയുടെ യാമപ്രാർത്ഥനകളുടെ നവീകരിച്ച ക്രമം പുറത്തിറക്കാൻ കഴിഞ്ഞത് ഏറെ ശ്രദ്ധേയമായ നേട്ടമാണ്. സഭയുടെ തനതു പാരമ്പര്യങ്ങളോടും മൂലകൃതികളോടും വിശ്വസ്തത പുലർത്തുന്ന രീതിയിലാണ് പുതിയ ക്രമം രൂപപ്പെടുത്തിയിരിക്കുന്നത്. നമ്മുടെ ആധ്യാത്മികതയിൽ യാമപ്രാർത്ഥനകൾക്കു വലിയ പ്രാധാന്യമുണ്ട്. വൈദികരും സന്യസ്തരും സാധിക്കുന്ന അല്മായരും യാമപ്രാർത്ഥനകൾ അനുദിന ആധ്യാത്മികതയുടെ ഭാഗമാക്കണം. 2023 ഫെബ്രുവരി 19 നോമ്പുകാലം ഒന്നാം ഞായർ മുതലാണ് നവീകരിച്ച ക്രമം ഔദ്യോഗികമായി നിലവിൽ വരുന്നത്.

**ബഫർസോൺ**

ബഫർ സോൺ വിഷയത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 2023 ജനുവരി 11ലെ പരാമർശം കർഷകർക്ക് ആശാവഹമാണെന്നു സീറോമലബാർ സിനഡു വിലയിരുത്തി. മുഴുവൻ ജനവാസ കേന്ദ്രങ്ങളെയും കൃഷിഭൂമിയെയും തോട്ടങ്ങളെയും ബഫർസോൺ പരിധിയിൽനിന്നു ഒഴിവാക്കാനുള്ള സത്വരനടപടികൾ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ഭാഗത്തുനിന്ന് ഉ ാകണം. കണ്ണൂർ ജില്ലയിലെ ആറളം മുതൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാർവരെ വ്യാപിച്ചുകിടക്കുന്ന കേരളത്തിലെ 23 വന്യജീവി സങ്കേതങ്ങൾക്കുചുറ്റും ജീവിക്കുന്ന ജനങ്ങൾ അപ്രഖ്യാപിത കുടിയിറക്കിന്റെ വക്കിലാണെന്നു സിനഡു നിരീക്ഷിച്ചു. നിലവിലുള്ള സങ്കേതങ്ങൾക്കുപുറമേ അട്ടപ്പാടിയിൽ പുതുതായി വനംവകുപ്പ് ശുപാർശചെയ്തിരിക്കുന്ന ഭവാനി വന്യജീവി സങ്കേതം അട്ടപ്പാടിയെ കൂടുതൽ ദോഷകരമായി ബാധിക്കും. സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഈ പുതിയ നീക്കം കർഷകരോടുള്ള വെല്ലുവിളിയായി മാത്രമേ മനസ്സിലാക്കാനാകൂ എന്നു സിനഡു വിലയിരുത്തി.

കൃഷിസ്ഥലങ്ങളും ജനവാസ കേന്ദ്രങ്ങളും പൂർണമായും ഒഴിവാക്കി വനാതിർത്തിക്കുള്ളിൽ ബഫർസോൺ നിലനിർത്തണമെന്നു സിനഡു സർക്കാരിനോട് ആവശ്യപ്പെടുന്നു. പുതുതായി നിർദ്ദേശിച്ചിരിക്കു

ന്ന ഭവാനി വന്യജീവിസങ്കേത ശുപാർശ അടിയന്തരമായി പിൻവലിക്കണം. കേരളത്തിലെ ഭൂരിപക്ഷം വന്യജീവിസങ്കേതങ്ങളുടെയും കോർസോണിന്റെ അതിർത്തി ജനവാസകേന്ദ്രങ്ങളുമായി പങ്കിടുന്ന വിധത്തിൽ തെറ്റായി നിശ്ചയിക്കപ്പെട്ടുപോയിട്ടുെ ന്നും, വന്യജീവിസങ്കേതങ്ങളുടെ അതിർത്തിനിർണയത്തിലെ ഈ തെറ്റു തിരുത്താൻ സമയം അനുവദിക്കണമെന്നും കോടതിയിൽ ആവശ്യപ്പെടണം. ജനവാസകേന്ദ്രങ്ങളും കൃഷിഭൂമികളും വന്യജീവിസങ്കേതങ്ങളുടെ ബഫർസോൺ ആയി പ്രഖ്യാപിക്കാൻ സാധിക്കുകയില്ല എന്നും രേഖകളുടെ പിൻബലത്തോടെ കോടതി മുൻപാകെ സമർത്ഥിക്കാൻ സർക്കാരിനു കഴിയണം. നിലവിലുള്ള വന്യജീവി സങ്കേതങ്ങളുടെ അതിർത്തി അടിയന്തരമായി പുനർനിർണയിച്ച റിപ്പോർട്ട് കേന്ദ്ര വന്യജീവിബോർഡിന്റെ ശുപാർശയോടും സെൻട്രൽ എംപവെർഡ് കമ്മിറ്റി (CEC)യുടെയും കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിന്റെയും അംഗീകാരത്തോടെയും സുപ്രീംകോടതിയിൽ സമർപ്പിക്കാൻ ആവശ്യമായ സമയം അനുവദിക്കണമെന്നു കോടതിയിൽ ആവശ്യപ്പെടണം. സാങ്കേതിക പിഴവുകൾകൊണ്ടു വനാതിർത്തിക്കുള്ളിൽ പെട്ടുപോയ നിരവധി ജനവാസമേഖലകളും കൃഷിയിടങ്ങളും സംരക്ഷിക്കാൻ പ്രസ്തുത പ്രദേശങ്ങളിലെ വനാതിർത്തികൾ പുനർനിർണയിക്കേണ്ടത് ആവശ്യമാണ്. കർഷകരെ മറന്നുകൊണ്ടുള്ള പരിസ്ഥിതി സംരക്ഷണം ഒരിക്കലും പ്രായോഗികമല്ല. അതിനാൽ, കർഷകരെക്കൂടി വിശ്വാസത്തിൽ എടുത്ത് ആരോഗ്യകരമായ പരിസ്ഥിതി സംസ്കാരം രൂപപ്പെടുത്തുവാൻ സർക്കാരിനു കഴിയണം.

**സംവരണേതര വിഭാഗങ്ങൾക്കുള്ള സംവരണം**

സംവരണേതരവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള സംവരണത്തിന്റെ (EWS) ആനുകൂല്യങ്ങൾ സഭാംഗങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തണമെന്നു സിനഡ് ആഹ്വാനം ചെയ്യുന്നു. സംവരണ മാനദണ്ഡങ്ങളെ സംബന്ധിച്ചുള്ള കേന്ദ്ര ഗവൺമെന്റ് ഉത്തരവിനനുസൃതമായി കേരളത്തിലും നിയമഭേദഗതി വരുത്താൻ സംസ്ഥാന സർക്കാർ തയ്യാറാകണം. എങ്കിൽമാത്രമേ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സഭാംഗങ്ങൾക്ക് ഈ സംവരണത്തിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. കേന്ദ്രസംസ്ഥാന നിയമങ്ങൾതമ്മിൽ നിലവിലുള്ള വൈരുധ്യം പരിഹരിക്കാൻ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി മുൻകൈ എടുക്കണമെന്നു സിനഡ് ആവശ്യപ്പെട്ടു.

**മെൽബൺ രൂപതയ്ക്ക് പുതിയ ഇടയൻ**

സീറോമലബാർസഭയ്ക്കു ഓസ്ട്രേലിയായിലെ മെൽബൺ കേന്ദ്രമായുള്ള രൂപതയ്ക്ക് പുതിയ ഇടയനായി സി.എം.ഐ. സന്യാസ

സഭാംഗമായ ഫാ. ജോൺ പനന്തോട്ടത്തിലിനെ മാർപാപ്പ നിയമിച്ചു. നിയുക്ത മെത്രാനും മെൽബൺ രൂപതയ്ക്കും എല്ലാ ഭാവുകങ്ങളും അഭിനന്ദങ്ങളും പ്രാർത്ഥനാപൂർവ്വം നേരുന്നു. ആരംഭംമുതൽ നാളിതുവരെ മെൽബൺ രൂപതയെ വളർച്ചയുടെ പാതയിൽ കൃപയോടെ നയിച്ച അഭിവന്ദ്യ ബോസ്കോ പുത്തൂർ പിതാവിനോടു സീറോമലബാർ സഭ ഏറെ കടപ്പെട്ടിരിക്കുന്നു. സഭയുടെ ആദ്യത്തെ കൂരിയാ ബിഷപ്പ് എന്നനിലയിലും മെൽബൺ രൂപതാദ്ധ്യക്ഷൻ എന്നനിലയിലുമുള്ള പിതാവിന്റെ ശ്ലൈഹികശുശ്രൂഷ സഭയ്ക്കുമുഴുവൻ അനുഗ്രഹമായിരുന്നു.

പുതുവർഷത്തിൽ പുത്തൻ പ്രതീക്ഷകളുമായി നമ്മെ മുന്നോട്ടു നയിക്കുന്ന നല്ല ദൈവത്തിന്റെ കരുതലാർന്ന പരിപാലനയ്ക്കു നമുക്കു നന്ദിപറയാം. ദൈവത്തിന്റെ അനുഗ്രഹീതമാതാവും നമ്മുടെ അമ്മയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെയും മാധ്യസ്ഥ്യം നമുക്കു സഹായമാകട്ടെ. പിതാവായ ദൈവത്തിന്റെ അതിരില്ലാത്ത സ്നേഹവും നമ്മുടെ കർത്താവീശോമിശിഹായുടെ നിരന്തരസാന്നിധ്യവും പരിശുദ്ധാത്മാവിന്റെ കൃപയാർന്ന പരിപാലനയും നമ്മെ അനുഗ്രഹിക്കട്ടെ.

കാരുണ്യവാനായ കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2023-ാം ആണ്ട് ജനുവരി മാസം 14-ാം തീയതി നല്കപ്പെട്ടത്.




**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്



**Pope Benedict XVI**
1927-2022

| 01/ 2023 — 02.01.2023 | C-1 |
|---|---|

# സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

### ദിവംഗതനായ
### ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പക്ക്
### തൃശ്ശൂർ അതിരൂപതയുടെ ആദരാഞ്ജലി

2022 ഡിസംബർ 31 ശനിയാഴ്ച ഇറ്റാലിയൻ സമയം രാവിലെ 9:34ന് പരി. പിതാവ് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ സ്വർഗ്ഗീയപിതാവിന്റെ പക്കലേക്ക് യാത്രയായ വിവരം നമുക്കറിയാമല്ലോ. ദിവംഗതനായ പരി. പിതാവിന്റെ മൃതസംസ്കാരം 2023 ജനുവരി 5 വ്യാഴാഴ്ച

പരി. പിതാവ് ഫ്രാൻസിസ് പാപ്പയുടെ മുഖ്യകാർമ്മികത്വത്തിൽ വത്തിക്കാൻ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ ഇറ്റാലിയൻ സമയം രാവിലെ 9:30ന് (ഇന്ത്യൻ സമയം ഉച്ചക്ക് 2 മണി) നടത്തപ്പെടുകയാണ്. പരി. പിതാവിനോടും പരി. സിംഹാസനത്തിനോടും നമുക്കുള്ള ആദരവ് പ്രത്യേകമായ രീതിയിൽ പ്രകടമാക്കാം. ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പയുടെ ദേഹവിയോഗത്തിലുള്ള അനുശോചനം പ്രകടമാക്കുന്നതിന് അതിരൂപതാതലത്തിൽ താഴെ പറയുന്ന കാര്യങ്ങൾ നടത്തുന്നതാണ്.

1. 2023 ജനുവരി 4ന് ബുധനാഴ്ച ഉച്ചകഴിഞ്ഞ് 4 മണിക്ക് തൃശ്ശൂർ പരി. വ്യാകുലമാതാവിൻ ബസിലിക്കയിൽ പരി. പിതാവിന്റെ ആത്മശാന്തിക്കുവേണ്ടി അഭിവന്ദ്യപിതാക്കന്മാരുടെ മുഖ്യകാർമ്മികത്വത്തിൽ വി. ബലി അർപ്പിക്കുന്നതാണ്. അതിരൂപതയിലെ എല്ലാ വൈദികരും സമൂഹബലിയിൽ സഹകാർമ്മികരായി പങ്കെടുക്കേണ്ടതാണ്. വി. ബലിക്കുശേഷം അന്നേ ദിവസം പരി. പിതാവിനോടുള്ള ആദരസൂചകമായി വിലാപയാത്ര നടത്തുന്നു. പരി. വ്യാകുലമാതാവിന്റെ ബസിലിക്കയിൽ നിന്നും ആരംഭിക്കുന്ന വിലാപയാത്ര സ്വരാജ് റൗണ്ട് ചുറ്റി സെന്റ് തോമസ് കോളേജിലെ ഫാ. ജോൺ പാലോക്കാരൻ സ്ക്വയറിൽ എത്തിച്ചേർന്ന് പുഷ്പാഞ്ജലി അർപ്പിച്ച് ഹ്രസ്വമായ അനുസ്മരണ പ്രഭാഷണത്തോടെ അവസാനിക്കുന്നു. വി. ബലിയിലും വിലാപയാത്രയിലും അനുസ്മരണപ്രഭാഷണത്തിലും അതിരൂപതയിലെ എല്ലാ വൈദികരും സമർപ്പിതരും വൈദികവിദ്യാർത്ഥികളും സന്യാസിനി അർത്ഥിനികളും കൂടാതെ ഓരോ ഇടവകയിൽ നിന്നും കൈക്കാരന്മാർ, പ്രതിനിധിയോഗ അംഗങ്ങൾ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, കുടുംബകൂട്ടായ്മ കേന്ദ്രസമിതി ഭാരവാഹികൾ, സംഘടന ഏകോപനസമിതിയംഗങ്ങൾ, മതാധ്യാപകർ എന്നിവരും പങ്കെടുക്കേണ്ടതാണ്. ബഹു. വികാരിയച്ചന്മാർ ഓരോ ഇടവകയിൽ നിന്നും മേല്പ്പറഞ്ഞ വിഭാഗങ്ങളെ ഉൾപ്പെടുത്തികൊണ്ട് 20 പേരെയെങ്കിലും പ്രസ്തുത പരിപാടികളിൽ പങ്കെടുപ്പിക്കുകയും അതിന് വാഹന സൗകര്യം അതത് ഇടവകകളിൽ നിന്ന് ക്രമീകരിക്കുകയും ചെയ്യേണ്ടതാണ്.
2. പരി. പിതാവ് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പയുടെ മൃതസംസ്കാരദിനമായ 2023 ജനുവരി 5ന് അതിരൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും പ്രാർത്ഥനാദിനമായി ആചരിക്കുകയും അന്നേ ദിവസം പരി. പിതാവിനുവേണ്ടി രാവിലെ വി. കുർബാനയും മരിച്ചവർക്കുള്ള ഒപ്പീസും ചൊല്ലേണ്ടതുമാണ്. ഇടവക ദൈവാലയങ്ങളിലും

സ്ഥാപനങ്ങളിലും പാപ്പയുടെ ചിത്രം അലങ്കരിച്ചുവച്ച് പുഷ്പാർച്ചനയും അനുസ്മരണസമ്മേളനവും നടത്തുന്നത് ഉചിതമാണ്.

3. 2022 ഡിസംബർ 31ന് അതിരൂപതയിൽ നിന്നും നൽകിയ നിർദ്ദേശപ്രകാരം മാർപ്പാപ്പയുടെ ദേഹവിയോഗത്തിൽ ആദരസൂചകമായി സംസ്കാരദിനംവരെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും കറുത്തകൊടി ഉയർത്തേണ്ടതാണ്. മൃതസംസ്കാരദിനം വരെ മുൻകൂട്ടി ക്രമീകരിച്ചിട്ടുള്ള എല്ലാ പരിപാടികളും ലളിതമായി മാത്രം നടത്തേണ്ടതാണ്.

കത്തോലിക്കാസഭയുടെ പരമാധ്യക്ഷനായി ജീവിച്ച് ക്രിസ്തീയവിശ്വാസത്തിന്റെയും ഉപവിയുടെയും മാതൃക കാണിച്ചു തന്ന നല്ലിടയനായ പരി. ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പക്ക് സമർപ്പിതജീവിതത്തിന്റെ വിശുദ്ധിയുടെയും നന്മ നിറഞ്ഞ മനസ്സിന്റെയും പ്രതിഫലം ദൈവപിതാവ് നൽകട്ടെയെന്നും വിശുദ്ധരുടെ ഗണത്തിൽ എത്രയും വേഗം ചേർക്കട്ടെയെന്നും നമുക്ക് പ്രാർത്ഥിക്കാം.

മിശിഹായിൽസ്നേഹപൂർവ്വം,



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

**"The closer a person is to God, the closer he is to people."**
Pope Benedict XVI

---

# കച്ചേരി വാർത്തകൾ

ഫെബ്രുവരി 2023

## 1. ഓർമിക്കേണ്ട ദിവസങ്ങൾ

1 : മൂന്നു നോമ്പ്
2 : ന. കർത്താവിന്റെ ദൈവാലയപ്രവേശനം
(പരി. കന്യകാമറിയത്തിന്റെ ശുദ്ധീകരണതിരുനാൾ)
3 : *ആദ്യവെള്ളി*
എസ്തപ്പാനോസ്
4 : വി. ജോൺ ബ്രിട്ടോ
5 : **ദനഹാ അഞ്ചാം ഞായർ**
10 : ഗ്രീക്കുസഭാപിതാക്കന്മാർ
സുറിയാനി സഭാപിതാക്കന്മാർ
ഇടവക മധ്യസ്ഥന്റെ തിരുനാൾ
11 : ലൂർദ്ദ് മാതാവ് (രോഗീദിനം)
12 : **ദനഹാ ആറാം ഞായർ**
19 : **നോമ്പ് ഒന്നാം ഞായർ**
(ഇന്ന് പാതിരാമുതൽ നോമ്പാരംഭം. നാളെ മുതൽ ഉയിർപ്പു വരെ വിവാഹാഘോഷങ്ങൾക്ക് വിലക്ക്)
23 : വി. പൊലിക്കാർപ്പ്
25 : വാഴ്ത്തപ്പെട്ട സി. റാണി മരിയ
26 : **നോമ്പ് രണ്ടാം ഞായർ**

## 2. ഫെബ്രുവരി മാസത്തെ പരിപാടികൾ

02 : വൈദികസമ്മേളനം & നവവൈദികർക്ക് സ്വീകരണം
09 : വൈദികസ്ഥലമാറ്റം
16 : ആലോചനസമിതി യോഗം (10:30 am)
23 : വൈദികമാസധ്യാനം (10:00 am)
27–28 : യുവവൈദികരുടെ തുടർപരിശീലന പ്രോഗ്രാം

3. **നോമ്പുകാലം**

ഈശോയുടെ പരസ്യജീവിതത്തിന്റെ അവസാനത്തിലാണല്ലോ രക്ഷാകരകർമ്മങ്ങളുടെ പരിസമാപ്തി കുറിക്കുന്ന അവിടുത്തെ പീഡാനുഭവവും മരണവും ഉത്ഥാനവും ദനഹാക്കാലത്തിനും ഉയിർപ്പു തിരുനാളിനും ഇടയ്ക്കുള്ള ഏഴ് ആഴ്ചകൾ പ്രാർത്ഥനക്കും പ്രായശ്ചിത്തത്തിനും ഉപവാസത്തിനുമായി നീക്കി വച്ചിരിക്കുന്നു. ഈശോയുടെ നാല്പതു ദിവസത്തെ ഉപവാസമാണ് 'വലിയ നോമ്പ്' എന്ന പേരിൽ അറിയപ്പെടുന്ന ഈ കാലത്തിന്റെ അടിസ്ഥാനം. എങ്കിലും നാം സാധാരണമായി 'അമ്പതുനോമ്പ്' എന്നാണ് ഈ കാലത്തെ വിളിക്കുക. മാർത്തോമാ ക്രിസ്ത്യാനികൾ 'പേത്തുർത്താ' ഞായർ മുതൽ ഉയിർപ്പു തിരുനാൾ വരെനോമ്പു നോക്കിയിരുന്നതാകാം 'അമ്പതുനോമ്പ്' എന്നു പറയാനുള്ള കാരണം. 'പേത്തുർത്താ' എന്ന സുറിയാനി പദത്തിന്റെ അർത്ഥം 'അവസാനിപ്പിക്കൽ' 'തിരിഞ്ഞുനോക്കൽ' എന്നൊക്കെയാണ്. സുഭിക്ഷമായ ഭക്ഷണത്തിന്റെയും ആഘോഷങ്ങളുടെയും ദിനങ്ങളവസാനിച്ചു എന്നാണ് ഈ പദം കൊണ്ട് ഉദ്ദേശിക്കുന്നത്.

നോമ്പുകാലം നാലാമത്തെ ആഴ്ചയിലെ ബുധനാഴ്ചയാണ് പാതിനോമ്പ് ആചരിക്കുന്നത്. ജീവിതത്തിലെ പോരായ്മകൾ പരിഹരിച്ചു ഈശോയുടെ പെസഹാരഹസ്യങ്ങളോടു താദാത്മ്യപ്പെടാനും നോമ്പിന്റെ ചൈതന്യത്തിൽ കൂടുതൽ നിഷ്ഠയോടെ ജീവിക്കാനും ഓർമ്മിപ്പിക്കുന്ന വേളയാണ് പാതിനോമ്പ് ബുധൻ. ദൈവമായും മനുഷ്യർ തമ്മിൽത്തമ്മിലും അനുരഞ്ജിതരാകേണ്ടതിന്റെ ആവശ്യകതയിലേക്ക് നോമ്പുകാലം പ്രത്യേകമായി ശ്രദ്ധ തിരിക്കുന്നു. അതുകൊണ്ടാണ് ഈ അവസരത്തിൽ അനുരഞ്ജന കൂദാശ സ്വീകരിക്കാൻ സഭ വിശ്വാസികളെ പ്രേരിപ്പിക്കുക. പ്രലോഭനങ്ങളെ പരാജയപ്പെടുത്തി സ്വജീവിതം പിതാവിനു സമർപ്പിച്ച ഈശോയെപ്പോലെ നമ്മുടെ ദുരാശകളെ ഉന്മീലനം ചെയ്ത്, തീഷ്ണത നിറഞ്ഞ പ്രാർത്ഥനയിലും അത്മാർത്ഥതയുള്ള ഉപവാസത്തിലും ഔദാര്യപൂർവ്വകമായ ദാനധർമ്മ പ്രവൃത്തികളിലും ഈ കാലം ചെലവഴിക്കണമെന്ന് സഭ നമ്മെ അനുസ്മരിപ്പിക്കുന്നു. മരണത്തെ പരാജയപ്പെടുത്തി ജീവിതത്തിലേക്ക് പ്രവേശിച്ച ഈശോയെപ്പോലെ നമുക്ക് പാപത്തിനു മരിച്ച് നിത്യജീവിതത്തിലേക്ക് പ്രവേശിക്കാം.

4. **വൈദികസമ്മേളനവും നവവൈദികർക്ക് സ്വീകരണവും:**

പുതുവർഷത്തിലെ ആദ്യത്തെ വൈദികസമ്മേളനവും നവവൈദികർക്കുള്ള സ്വീകരണവും 2023 ഫെബ്രുവരി 2ന് ഡി.ബി.സി.എൽ.

സി.യിൽ വെച്ചായിരിക്കും നടത്തുന്നത്. കാലത്ത് 10 മണിക്ക് ആരംഭിക്കും. അതിരൂപതയ്ക്കും മറ്റു രൂപതകൾക്കും സന്യാസസമൂഹങ്ങൾക്കും വേണ്ടി അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് പട്ടം സ്വീകരിച്ച നവവൈദികർക്ക് അന്നേ ദിവസം സ്വീകരണം നൽകുന്നു. അതിരൂപതയിലെ വൈദികരുടെ സ്ഥലമാറ്റം അന്നുതന്നെ പ്രഖ്യാപിക്കുന്നതാണ്. ഫെബ്രുവരി 9-ാം തീയതിയായിരിക്കും സ്ഥലമാറ്റം പ്രാബല്യത്തിൽ വരുന്നത്.

**5. വൈദികരുടെ നിയമനം :**

1. ഫാ. ഷിജോ ചിരിയങ്കണ്ടത്ത് – കപ്ലോൻ സി. എച്ച്. എഫ്. കൂടി; സാധുത 2022 നവംബർ 22 മുതൽ.
2. ഫാ. ജോബി പുത്തൂർ – വികാരി ഇൻ ചാർജ്ജ് കുന്നംകുളം ഒഴിവായി; സാധുത 2022 സെപ്തംബർ 30 മുതൽ.
   വികാരി ഇൻ ചാർജ്ജ് കാവീട് കൂടി; സാധുത 2022 നവംബർ 21 മുതൽ.
3. ഫാ. ജേക്കബ് തച്ചറാട്ടിൽ – ലീവ്; സാധുത 2022 നവംബർ 21 മുതൽ.
4. ഫാ. വിനോയ് വാഴപ്പിള്ളി – സഹവികാരി പുത്തൻപീടിക ഒഴിവായി; സാധുത 2022 നവംബർ 30 മുതൽ.
5. ഫാ. റോജർ തരകൻ – പഠനാവധി മൂന്നു വർഷത്തേക്കു കൂടി; സാധുത 2022 ഡിസംബർ 1 മുതൽ.
6. ഫാ. രാജു അക്കര – ഡയറക്ടർ ഇൻ ചാർജ്ജ് സെന്റ് ജോസഫ്സ് ഹോം കൂടി; സാധുത 2022 ഡിസംബർ 10 മുതൽ.
7. ഡീ. ആൽബർട്ട് വല്ലൂരാൻ – ഡീക്കൻ മിനിസ്ട്രി ചേർപ്പ്; സാധുത 2022 ഡിസംബർ 1 മുതൽ മാർച്ച് 31 വരെ.
8. ഡീ. ജാക്സൺ തെക്കുംപീടിക – ഡീക്കൻ മിനിസ്ട്രി ഒല്ലൂർ; സാധുത 2022 ഡിസംബർ 1 മുതൽ മാർച്ച് 31 വരെ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

# ENGAGEMENTS

## 2023 FEBRUARY Mar Andrews Thazhath

| Date | Day | Time | Description |
|---|---|---|---|
| 02 | Thu | Morning | Reception to New priests & Priest Conference |
| 03 | Fri | Morning | Holy Mass at Spiritual Animation Centre |
| | | Afternoon | Marymatha: Batchwise meeting with seminarians |
| 04 | Sat | Morning | Silver Jubilee Celebrations @ Eravu SCV |
| | | Afternoon | Platinum Jubilee Celebrations of CSN Sisters at Ernakulam |
| 09 | Thu | | TCR - Transfer of Priests |
| 10 | Fri | Afternoon | Annual Day Celebrations at Pope Paul Mercy Home |
| 11 | Sat | Afternoon | Marymatha: Personal Meeting with Staff |
| 16 | Thu | Morning | Consultors' meeting |
| 17 | Fri | Evening | JMMC Trust meeting |
| 20 | Mon | Morning | Ash Monday @ Lourdes Cathedral |
| | | Afternoon | Vratharambha Koottaima @ Palayur |
| 23 | Thu | Morning | Monthly Recollection for Priests |
| 26 | Sun | Morning | Inauguration of Golden Jubilee Celebrations of St. Joseph's Parish, Vettukad |
| | | Afternoon | Media Award Day at St. Thomas College |
| 27 | Mon | Morning | Holy Mass at Marymatha Major Seminary Training program for Young Priests (batch 2018-2021) |
| 28 | Tue | | Training program for Young Priests (batch 2018-2021) |

# ENGAGEMENTS

**2023 FEBRUARY Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 01 | Wed | All Day | Aluva Seminary |
| 02 | Thu | All Day | Priests' Conference |
| | | | & Reception to New priests |
| 03 | Fri | Afternoon | Marymatha Seminary |
| 04 | Sat | Afternoon | Marymatha Seminary |
| 08 | Wed | Morning | Holymass @ Animation centre |
| 10 | Fri | All Day | St. Thomas College |
| 12-13 | | All Days | Pastoral Visit @ Viyyur |
| 14-15 | | All Days | Kottayam |
| 16 | Thu | Morning | Consultors' Meeting |
| 17 | Fri | Morning | Holy Mass@ Marymatha Seminary |
| | | Evening | Jubilee Advisory Board |
| 18 | Sat | Morning | Jubilee Holy Mass @ Eravu |
| 20 | Mon | Morning | Ash Monday Holy Mass @ Basilica |
| 26 | Sun | Afternoon | Bible Award Day |
| | | Afternoon | Catholic Congress Meeting |
| 27-28 | | All Days | Young Priests' Training Programme |

# നാളാഗമം

**ഡിസംബർ 2022**

1. അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ജറുസലേം ധ്യാന കേന്ദ്രത്തിൽ വച്ച് നടന്ന ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വില്ലടം ഇടവകയിൽ വി. ബലിയർപ്പിച്ചു.
2. അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് തിരുവില്ലാമല സെന്റ് പോൾസ് ഗുരുകുലത്തിൽ വൈദിക വിദ്യാർഥികൾക്കുവേണ്ടി വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. ഉച്ചതിരിഞ്ഞ് അമ്മാടം ഇടവകയിൽ സംഘടിപ്പിച്ച സ്നേഹോത്സവത്തിന്റെ സമാപന സമ്മേളനത്തിൽ സംബന്ധിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉച്ചക്കഴിഞ്ഞ് സെന്റ് തോമസ് കോളേജ് സ്റ്റാഫിനെ കണ്ടു. വൈകിട്ട് പടിഞ്ഞാറെക്കോട്ട സെന്റ് ആൻസ് ഇടവകയിൽ സ്നേഹോത്സവം സമാപനത്തിന്റെ ഭാഗമായി വി. ബലിയർപ്പിച്ചു.
3. അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് കുരിയച്ചിറ സെന്റ് പോൾസ് സ്ക്കൂളിലെ യോഗത്തിൽ കേന്ദ്രമന്ത്രി ശ്രീ. രാജീവ് ചന്ദ്രശേഖറിനോടൊപ്പം പങ്കെടുത്തു. അതിരൂപതയിലെ കൈക്കാന്മാരുടെയും ക്ലർക്കുമാരുടെയും യോഗത്തിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് തൃശ്ശൂർ അതിരൂപതയിൽ നിന്ന് പൗരോഹിത്യം സ്വീകരിക്കുന്ന നാല് ബഹുമാനപ്പെട്ട ഡിക്കന്മാരുടെ ഭവനങ്ങളിലും അവരുടെ ഇടവക പള്ളിക

ളിലും അഭിവന്ദ്യ പിതാക്കൻമാർ സന്ദർശനം നടത്തി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ അഞ്ചേരി എസ്.ഡി. കോൺവെന്റിൽ വി. ബലിയർപ്പിച്ചു. ഉച്ചക്കഴിഞ്ഞ് ഈ വർഷം തിരുപ്പട്ടം സ്വീകരിക്കുന്ന ഡീക്കന്മാരുടെ ഭവനങ്ങൾ സന്ദർശിച്ചു. വൈകീട്ട് ബഹു. ലൂവീസ് എടക്കളത്തൂരച്ചന്റെ അനുസ്മരണയോഗത്തിൽ പങ്കെടുത്തു.

4. അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് അതിരൂപതയിലെ സാമ്പത്തിക ഉപദേശക സമിതി യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉച്ചക്ക് ഫാമിലി അപ്പസ്തോലെറ്റിൽ നടന്ന നവദമ്പതികളുടെ സംഗമം ഉദ്ഘാടനം ചെയ്തു. വിവാഹത്തിന്റെ പത്താം വർഷം ആഘോഷിക്കുന്നവർക്കായി വി. ബലിയർപ്പിച്ചു.

5–7 കെസിബിസി യോഗത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു.

8. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിധ്യത്തിൽ വൈദിക സമിതി യോഗം നടന്നു.അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പുല്ലഴി സെന്റ് ജോസഫ് മെന്റൽ ഹോമിൽ ജൂബിലി സമാപന വി. ബലിയർപ്പിച്ചു. വൈകീട്ട് ചൂണ്ടൽ ഇടവകയിലെ പുതിയ ദൈവാലത്തിന് കല്ലിടൽ നടത്തി.

9. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉച്ചക്കഴിഞ്ഞ് സെന്റ് തോമസ് ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. നെടുപുഴ ഇടവകയിലെ ധ്യാനത്തിൽ സന്ദേശം നൽകി.

10. അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മേരിമാതാ മേജർ സെമിനാരിയിൽ വൈദിക വിദ്യാർഥികൾക്കായി വിശുദ്ധ ബലിയർപ്പിച്ചു. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽ വച്ച് കെ.സി.വൈ.എം. യൂത്ത് കോൺഫറൻസിന്റെ ലോഗോ ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്തു. ലൂർദ് കത്തീഡ്രൽ വെച്ച് വിവാഹത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ദമ്പതികൾക്ക് വേണ്ടി വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. വൈകീട്ട് ലോഫ് കുടുംബാംഗങ്ങളുടെ ക്രിസ്തുമസ് ആഘോഷത്തിലും മാസധ്യാനത്തിലും പങ്കെടുത്തു.അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഏങ്ങണ്ടിയൂർ സെന്റ് വിൻസെന്റി ഡി. പോൾ കോൺവെന്റിൽ വി. ബലിയർപ്പിച്ചു. കോട്ടപ്പടിയിൽ ബഹു. ജോൺ ചുങ്കത്തച്ചന്റെ ഗോൾഡൻ ജൂബിലിയിൽ പങ്കെടുത്തു.

11. അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് ഫാമിലി അപ്പോസ്തോലറ്റിൽ വച്ച് മൈനോറിറ്റി ദിനാചരണ പരിപാടികൾ ഉദ്ഘാടനം

ചെയ്തു. തുടർന്ന്, ഡി.ബി.സി.എൽ.സിയിൽ വച്ച് നടന്ന എക്യുമെനിക്കൽ കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. സെന്റ്. തോമസ് കോളേജിലെ പാലോക്കാരൻ സ്ക്വയറിൽ വച്ച് നടന്ന ബൈബിൾ അപ്പോസ്തലേറ്റ് അവാർഡ് ദാനചടങ്ങിൽ സംബന്ധിക്കുകയും വിജയികളെ പ്രത്യേകം അനുമോദിക്കുകയും ചെയ്തു. തുടർന്ന് സെന്റ് പോൾസ് സ്കൂളിൽ വച്ച് സംഘടിപ്പിച്ച ജീസസ് യൂത്ത് ഫാമിലി കൂട്ടായ്മയിൽ പങ്കെടുത്തു. വൈകിട്ട് പറപ്പൂർ ഇടവകയിൽ വച്ച് നടന്ന ബഹുമാനപ്പെട്ട ഫാദർ ഡൊമിനിക് വാളമ്നാൽ നയിച്ച കൃപാഭിഷേകം കൺവെൻഷനിൽ സന്ദേശം നൽകി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വടക്കാഞ്ചേരി യിൽ പാസ്റ്ററൽ വിസിറ്റ് നടത്തി.

12. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വടക്കാഞ്ചേരിയിൽ പാസ്റ്ററൽ വിസിറ്റ് നടത്തി.

13. ആൻഡ്രൂസ് പിതാവിന്റെയും ജേക്കബ് തുങ്കുഴി പിതാവിന്റെയും പിറന്നാൾ ദിനമായ ഇന്ന് രാവിലെ ചെന്നായിപ്പാറ ആശ്രമത്തിൽ അവിടുത്തെ അന്ത്യവാസികളോട് കൂടെ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് വിശുദ്ധ കുർബാന അർപ്പിച്ചു. പത്തുമണിയോടെ വരാക്കര ഇടവകയിൽ ബോൺ നത്താലെയുടെ ഭാഗമായി പണിതു നൽകുന്ന ഭവനത്തിന്റെ തറക്കല്ലിടൽ അഭിവന്ദ്യ താഴത്ത് പിതാവ് നിർവഹിച്ചു. ഉച്ചയോടെ തൃശ്ശൂർ സ്വരാജ് റൗണ്ടിൽ വച്ച് പാവപ്പെട്ടവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തുകൊണ്ട് ആൻഡ്രൂസ് പിതാവിന്റെ പിറന്നാളാഘോഷിച്ചു. ഉച്ചതിരിഞ്ഞ് പോപ്പ് പോൾ മേഴ്സി ഹോമിൽ അവിടുത്തെ അന്തേവാസികളുടെ പിറന്നാൾ ആഘോഷവും അഭിവന്ദ്യ പിതാക്കന്മാരുടെ പിറന്നാളും ഒരുമിച്ച് ആഘോഷിച്ചു. വൈകിട്ട് ഡിബിസിഎൽസി യുടെ അങ്കണത്തിൽ വച്ച് ബോൺ നത്താലെ ടീമിൻറെ നേതൃത്വത്തിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവിൻറെയും ജേക്കബ് തുങ്കുഴി പിതാവിന്റെയും പിറന്നാൾ സമുചിതമായി ആഘോഷിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കാരുണ്യദിനാഘോഷത്തിൽ പങ്കെടുത്തു.

14. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ട്രസ്റ്റിന്റെ യോഗത്തിൽ അഭിവന്ദ്യ പിതാക്കന്മാർ സംബന്ധിച്ചു. അഭിവന്ദ്യ മാർ ടോണി നീല ങ്കാവിൽ പിതാവ് സെന്റ് പോൾ ഗുരുകുലത്തിൽ സന്ദർശനം നടത്തി.

15. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പോപ്പ് പോൾ പീസ് ഹോമിൽ ഹോം ഡേയുടെ ഭാഗമായി വിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചതിരിഞ്ഞ് ഡിവൈൻ ധ്യാനകേന്ദ്രത്തിൽ വച്ച്

വചനപ്രഘോഷകർക്കുള്ള ധ്യാനത്തിൽ സന്ദേശം നൽകി. വൈകിട്ട് തൃശ്ശൂർ രൂപതയിലെ ഡീക്കന്മാരുമായി സംസാരിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. വൈകീട്ട് പീസ് ഹോമിന്റെ ഹോം ഡേ ഉദ്ഘാടനം ചെയ്തു.

16. രാവിലെ പുതുക്കാട് ഫൊറോന പള്ളിയിൽ വച്ച് അഭിവന്ദ്യ പിതാക്കന്മാർ ബഹുമാനപ്പെട്ട ജോസഫ് കണ്ണാത്ത് അച്ചന്റെ മൃതദേഹസംസ്കാര ശുശ്രൂഷയിൽ സംബന്ധിച്ചു. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് വൈകിട്ട് ചെങ്ങാലൂർ ഇടവകയിലെ പുനർനിർമ്മിച്ച പാരിഷ് ഹാളിന്റെ ആശീർവാദകർമ്മം നിർവഹിച്ചു.അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉച്ചക്കഴിഞ്ഞ് ദീപിക ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. പിന്നീട് ഡീക്കന്മാർക്ക് ക്ലാസ് എടുത്തു.

17. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വിയ്യൂർ ഇടവകയിലെ പുനർനിർമിച്ച ദേവാലയം ആശിർവദിച്ച് വി. ബലിയർപ്പിച്ചു. തുടർന്ന് ലൂർദ് കത്തീഡ്രൽ ദേവാലയത്തിൽ വിവാഹത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്നവരെ ആദരിച്ചു വിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചതിരിഞ്ഞ് അഭിവന്ദ്യ പിതാക്കന്മാർ ഈ വർഷം പൗരോഹിത്യം സ്വീകരിക്കുന്ന ബഹുമാനപ്പെട്ട ഡിക്കന്മാരുടെ മാതാപിതാക്കളുമായി സംസാരിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ സ്നേഹാശ്രമത്തിൽ വി. ബലിയർപ്പിച്ചു. ഉച്ചക്കഴിഞ്ഞ് സെന്റ് തോമസിലെ പൂർവ്വവിദ്യാർത്ഥി സംഗമത്തിൽ പങ്കെടുത്തു. വൈകീട്ട് ഡീക്കന്മാർക്കായി ഡി.ബി.സി.എൽ.സിയിൽ വി.ബലിയർപ്പിച്ചു.

18. അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് മുംബൈയിൽ വച്ച് നടന്ന കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് തിരുമേനിയുടെ മെത്രാഭിഷേകത്തിന്റെ രജത ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വെളുത്തൂർ ഇടവകയിൽ വി. ബലിയർപ്പിച്ചു. ഉച്ചക്കഴിഞ്ഞ് എരുമപ്പെട്ടിയിൽ സീനിയർ സി.എൽ.സി കുടുംബ സംഗമത്തിൽ പങ്കെടുത്തു. തുടർന്ന് കോലഴി ഇടവകയുടെ സിൽവർ ജൂബിലിയോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് പൊതു സമ്മേളനം ഉദ്ഘാടനം ചെയ്തു.

19. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പൊങ്ങണംകാടുള്ള സിസ്റ്റേഴ്സ് ഓഫ് മേഴ്സി സിസ്റ്റേഴ്സിന്റെ വൃദ്ധസദനം വെഞ്ചിരിച്ചു.

20. അഭിവന്ദ്യ താഴത്ത് പിതാവ് ന്യൂഡൽഹിയിലെ സിബിസിഐ സെന്ററിൽ പുതുതായി ചാർജ് എടുത്ത് സിബിസിഐ

ഭാരവാഹികൾക്ക് സ്വീകരണവും ക്രിസ്തുമസ് ആഘോഷവും സംഘടിപ്പിച്ചു. ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ശ്രീ ജോൺ ബാർളയുടെ ഭവനത്തിൽ സന്ദർശനം നടത്തി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ചെവ്വൂരിൽ വി. ബലിയർപ്പിച്ചു.

21. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് ബഹുമാനപ്പെട്ട പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയുമായി കൂടിക്കാഴ്ച നടത്തി.

22. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഒല്ലൂക്കര ഇടവകയിലെ കാരുണ്യഭവനം വെഞ്ചിരിച്ചു. പിന്നീട് സെൻട്രൽ ജയിലിലും മാതൃവേദിക്കാരോടുകൂടെയും പടിഞ്ഞാറെക്കോട്ടയിലെ മെന്റൽ ഹോസ്പിറ്റലിലും ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു. വൈകീട്ട് ചോറ്റൂപാറ നവീകരിച്ച മദ്ബഹ വെഞ്ചിരിച്ചു.

23. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് ആർച്ച്ബിഷപ്പ്സ്ഹൗസിൽ ബോൺ നത്താലെയുമായി ബന്ധപ്പെട്ടുള്ള പത്രസമ്മേളനത്തിൽ പങ്കെടുത്തു. വൈകിട്ട് ആർച്ച്ബിഷപ്സ് ഹൗസിൽ സംഘടിപ്പിച്ച ക്രിസ്തുമസ് ഈവിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ആമ്പല്ലൂർ ആനിമേഷൻ സെന്ററിൽ വി. ബലിയർപ്പിച്ചു.

24. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മഡോണ നഗർ ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിച്ചു. തുടർന്ന് മഡോണ നഗർ ഇടവകയിൽ പുതുതായി നിർമ്മിച്ചു നൽകിയ ഭവനം 'പുൽക്കൂട് ആൻഡ്രൂസ് പിതാവ് ആശിർവദിക്കുകയും ചെയ്തു.

25. തൃശൂർ ലൂർദ് കത്തീഡ്രൽ ദേവാലയത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് ക്രിസ്തുമസ് തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് പുതുതായി നിർമ്മിച്ച കൈപ്പറമ്പ് ദൈവാലയം കൂദാശ കർമ്മം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ബസിലിക്കയിൽ ക്രിസ്തുമസ്സ് വി. ബലിയർപ്പിച്ചു.

26. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വിയ്യൂർ ഇടവകയിൽ ബഹുമാനപ്പെട്ട ഡീക്കൻ ജോൺ പുത്തൂരിന് പൗരോഹിത്യം നൽകി. വൈകിട്ട് അമ്മാടം ഇടവകയിലെ സി. എൽ. സി. സംഘടനയുടെ ശതാബ്ദി ആഘോഷങ്ങളുടെ സമാപന യോഗത്തിൽ പങ്കെടുത്തു. അതിനുശേഷം ഡി.ബി.സി.എൽ.സി. യിൽ വെച്ച് സംഘടിപ്പിച്ച ലോഫ് സംഘടനയുടെ ക്രിസ്തുമസ് ആഘോഷത്തിലും പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ചിറ്റിശ്ശേരി പള്ളിയിൽ തന്റെ കൈവെപ്പ് ശുശ്രൂഷ വഴി ഡീക്കൻ ഷിമ്ജോയ്ക്ക് തിരുപ്പട്ടം നൽകി.

27. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ചിറ്റാട്ടുകര പള്ളിയിൽ തന്റെ കൈവെപ്പ് ശുശ്രൂഷ വഴി ഡീക്കൻ ഡേവിസിന് തിരുപ്പട്ടം നൽകി. ഉച്ചക്കഴിഞ്ഞ് അഭിവന്ദ്യപിതാക്കന്മാർ ബോൺ നത്താലെയിൽ പങ്കെടുത്തു.

28. രാവിലെ പുതുക്കാട് ഇടവകയിൽ വച്ച് ബഹുമാനപ്പെട്ട ഡീക്കൻ സെബിൻ ചോനേടത്ത് സി. എം. ഐ. അഭിവന്ദ്യ താഴത്ത് പിതാവിൽനിന്നും വൈദിക പട്ടം സ്വീകരിച്ചു. ഉച്ചതിരിഞ്ഞ് ബഹുമാനപ്പെട്ട ഡീക്കൻ സിനോജ് നീലങ്കാവിൽ ആൻഡ്രൂസ് പിതാവിന്റെ കൈവെപ്പുവഴി തിരൂർ ഇടവകയിൽ വച്ച് അഭിഷിക്തനായി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കൈപ്പറമ്പ് ദൈവാലയത്തിൽ വി.ബലിയർപ്പിച്ചു.

29. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ നടത്തറ ഇടവകയിൽ ബഹുമാനപ്പെട്ട പ്രിൻസ് പൂവത്തിങ്കൽ അച്ചന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷത്തിൽ ആശംസകൾ അർപ്പിച്ചു. തുടർന്ന് കുരിയച്ചിറ സെൻറ്. ജോസഫ് സ്ക്കൂളിൽ ജീസസ് യൂത്തിന്റെ ഭാഗമായി സംഘടിപ്പിച്ച കുടുംബങ്ങളുടെ സംഗമത്തിൽ ആൻഡ്രൂസ് പിതാവ് പങ്കെടുത്ത് സംസാരിച്ചു. ഉച്ചകഴിഞ്ഞ് കാരമുക്ക് ഇടവകയിൽ ബഹുമാനപ്പെട്ട ഡീക്കൻ ഡെറിൻ അരിമ്പൂരിന് പൗരോഹിത്യം നൽകി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ നെല്ലിക്കുന്ന് പള്ളിയിൽ തന്റെ കൈവെപ്പ് ശുശ്രൂഷ വഴി ഡീക്കൻ ജിറ്റോക്ക് തിരുപ്പട്ടം നൽകി.

30. രാവിലെ എറണാകുളം അതിരൂപതയിലെ ഉള്ളല ഇടവകയിൽ വച്ച് ബഹുമാനപ്പെട്ട ഡീക്കൻ ടോജോ വാഴയിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവിന്റെ കൈവെപ്പുവഴി അഭിഷിക്തനായി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ചെങ്ങാലൂർ പള്ളിയിൽ തന്റെ കൈവെപ്പ് ശുശ്രൂഷ വഴി ഡീക്കൻ റെമിക്ക് തിരുപ്പട്ടം നൽകി.

31. പുതുക്കാട് ഇടവകയിലെ ഇടവക ദിനാഘോഷത്തിലും പുതിയ സി.ബി.സി.ഐ. പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട പിതാവിനുള്ള സ്വീകരണത്തിലും അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. തുടർന്ന് പുത്തൂർ ഇടവകയിൽ ശതാബ്ദി ആഘോഷങ്ങളുടെ സമാപന യോഗത്തിൽ പങ്കെടുത്തു സന്ദേശം നൽകി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മണ്ണുത്തി ഡോൺ ബോസ്കോ ഹൗസിൽ വച്ച് തന്റെ കൈവെപ്പ് ശുശ്രൂഷ വഴി ഡീക്കൻ ദിപുവിന് തിരുപ്പട്ടം നൽകി.

# ധന്യൻ
# അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

നോമ്പുകാലം ! ഒരിക്കൽകൂടെ പുണ്യം പൂക്കുന്ന വഴികളിലൂടെ നടക്കുവാൻ ഒരുങ്ങുകയാണ് നാം. നെറ്റിയിൽ ഭസ്മവുമണിഞ്ഞ് പ്രകടമായ ഒരുക്കത്തിലൂടെ പരിഹാരത്തിന്റെ പ്രവർത്തനവീഥി തുറക്കുവാൻ പോകുന്നു. കറയും കളങ്കവുമെല്ലാം കഴുകി കളഞ്ഞ് ക്രിസ്തുവിനെ അനുകകരിച്ചുള്ള ഈ യാത്രയിൽ നമുക്ക് മാർഗ്ഗദർശികളായി അനേകം വിശുദ്ധാത്മക്കളുണ്ട്. ആ ഗണത്തിലെ ഒരു പുണ്യാത്മാവാണ് ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ. പരിത്യാഗപ്രവർത്തികളിലൂടെ ഈശോയെ സ്നേഹിക്കേണ്ടത് തന്റെ കർത്തവ്യമാണെന്ന് തിരിച്ചറിഞ്ഞ പുരോഹിതനാണദ്ദേഹം. കേവലം പ്രസംഗങ്ങളിലും ഉപദേശങ്ങളിലും മാത്രം ഒതുങ്ങിനിന്നില്ല അദ്ദേഹത്തിന്റെ ക്രിസ്താനുകരണം. പകരം യേശുവിനെപ്പോലെ സഹിക്കുന്നതിനും



ക്ഷമിക്കുന്നതിനും അതിലൂടെ സ്വർഗ്ഗരാജ്യ വിസ്തൃതിക്കായി പ്രവർത്തിക്കുന്നതിനും അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. നോമ്പുകാലത്തിനൊരുക്കമായി പാശ്ചാത്യരാജ്യങ്ങളിൽ നടന്നുകൊണ്ടിരുന്ന കാർണിവലുകളിൽ ദൈവജനം തെറ്റു ചെയ്ത് ദൈവത്തിൽനിന്നും അകന്നുപോകുന്നുണ്ടെന്ന് മനസ്സിലാക്കി പ്രത്യേക പരിഹാരങ്ങളനുഷ്ഠിച്ച് ഈ വന്ദ്യ വൈദികൻ പ്രാർത്ഥിക്കുമായിരുന്നുവെന്ന് അദ്ദേഹത്തിന്റെ സമകാലികർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. തന്റെ വിശുദ്ധീകരണത്തിനായി മുള്ളരിഞ്ഞാണം ധരിക്കുവാനും മുട്ടിന്മേൽനിന്ന് കാനോന നമസ്കാരം ചൊല്ലുവാനും നിഷ്കർഷ വച്ചിരുന്ന ഊക്കനച്ചൻ അന്നും ഇന്നും ഏവർക്കും ഒരു മാതൃകതന്നെയാണ്. കുരിശിനെയും കുരിശിന്റെ വഴിയേയും സ്വജീവിതത്തിൽ സ്നേഹിച്ചിരുന്ന ഈ ധന്യാത്മാവ് ക്രൂശിതാദ്ധ്യാത്മികത സ്വന്തമാക്കിയ വിശിഷ്ട വ്യക്തിത്വങ്ങളിൽ അഗ്രഗണ്യനാണ്. ഊക്കനച്ചൻ പറയുന്നു: "പാപം നിർമ്മാർജ്ജനം ചെയ്ത് തീക്ഷ്ണതയുള്ളവനാകാൻ പ്രായശ്ചിത്തവും പരിത്യാഗവും കൂടുതൽ അനുഷ്ഠിക്കണം. സമയം കിട്ടുമ്പോഴെല്ലാം വിശുദ്ധ കുർബാന സന്ദർശനം ഭയഭക്തിയോടുകൂടി നടത്തുകയും നമ്മുടെ കർത്താവിന്റെ പീഢാസഹനത്തെപ്പററി ധ്യാനിക്കുകയും വേണം.

ഇങ്ങനെ പാവങ്ങളിലും പാപികളിലും ക്രൂശിത മുഖം ദർശിച്ച് അവർക്ക് ദൈവസ്നേഹാ നുഭവം പകർന്നു  നല്കിയ ഊക്കനച്ചന്റെ ജീവിതമാതൃക നമുക്കും അനുകരിക്കാം. അപരനുവേണ്ടി മുറിയപ്പെടുന്നതിലും സഹിക്കുന്നതിലും ആനന്ദം കണ്ടെത്താം. അറിഞ്ഞും അറിയാതെയും നഷ്ടപ്പെടുത്തിയ ദൈവരാജ്യം പരിഹാരകർമ്മങ്ങളിലൂടെയും ത്യഗപ്രവർത്തികളിലൂടെയും വീണ്ടും സ്വന്തമാക്കാം. കർത്താവിന്റെ ഭവനത്തിലേക്ക് ധന്യനായ ഊക്കനച്ചൻ നമ്മുടെ കൈകൾ പിടിച്ച് നയിക്കാനിടവരട്ടെ.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

വിധിയെക്കുറിച്ചും അനുതാപത്തെക്കുറിച്ചും അച്ചൻ നൽകുന്ന ഉപദേശങ്ങൾ നോമ്പുകാലത്തിലേക്ക് കടക്കുമ്പോൾ നമുക്കു ശ്രവിക്കാം.

അപ്പോൾ മനുഷ്യപുത്രൻ ശക്തിയോടും വലിയ മഹത്വത്തോടും കൂടെ മേഘങ്ങളിൽ വരുന്നത് അവർ കാണും (ലൂക്ക 21 : 27). ധനവാന്റെയും ലാസറിന്റെയും ഉപമയിൽ കാണുന്നതുപോലെ തനതു വിധി ഉടനെയായിരിക്കും. പൊതുവിധിയുടെ ദിവസം വെളിപ്പെടുത്തപ്പെട്ടിട്ടില്ല. പക്ഷെ അവിടുന്ന് അടയാളങ്ങൾ നൽകും. ലോകം പ്രളയത്താലും അഗ്നിയാലും നശിപ്പിക്കപ്പെടും. ക്രൈസ്തവരുടെ ഉപവി തണുത്തുപോകുമെന്നും ഹെനോക്കും ഏലിയായും യുദ്ധത്തിനു വരുമെന്നും അന്തിക്രിസ്തു പ്രത്യക്ഷപ്പെടുമെന്നും അച്ചൻ കൂട്ടിച്ചേർക്കുന്നു. കടലും പുഴയും കുന്നുകളും നിരപ്പാകും. കാഹളധ്വനി മുഴങ്ങും. ഒരു ഇടിമുഴക്കം നിന്നെ അലോസരപ്പെടുത്തുന്നുവെങ്കിൽ അവസാന കാഹളത്തിന്റെ



ശബ്ദം എങ്ങനെ നിനക്ക് സഹിക്കാനാകും  എന്ന വി. എപ്രേമിന്റെ വാക്കുകൾ അച്ചൻ ഉദ്ധരിക്കുന്നു.  ജോസഫാത്ത് താഴ്‌വരയിൽ ജറുസലേമിനടുത്തു കാൽവരിയുടെ നേരെ കാഹളധ്വനി മുഴങ്ങുമെന്ന് ജോയേൽ പ്രവാചകന്റെ പുസ്തകം പറയുന്നു.  നീതിയുള്ള ജറുസലെം ഒരു വിളക്കുകൊണ്ട് പരിശോധിക്കപ്പെടുന്നെങ്കിൽ ബാബേലിന്റെ സ്ഥിതി എന്തായിരിക്കും എന്ന് അച്ചൻ കുറിച്ചു വയ്ക്കുന്നു.  പ്രതീക്ഷയോടെ അച്ചൻ ചോദിക്കുന്നു:   നമ്മുടെ രക്ഷകന്റെ കരുണയുള്ള കരങ്ങൾ കരുണയോടെ വീണ്ടും നീട്ടപ്പെടുകയില്ലേ........?

അനുതാപത്തിന്റെ ഫലങ്ങൾ അച്ചൻ ചൂണ്ടിക്കാണിക്കുന്നു.  1 കൊറി 13 ഉദ്ധരിച്ചുകൊണ്ട് സ്നേഹവും കരുണയും ദയയും നമുക്കുണ്ടാകണമെന്ന് അച്ചൻ ആഗ്രഹിക്കുന്നു.  അനുതപിക്കുന്നില്ലെങ്കിൽ നാമെല്ലാവരും നശിക്കും.  ദാനധർമ്മം നാം അനുവർത്തിക്കേണ്ട മറ്റൊന്നാണ്.  വെള്ളം മുകളിൽ നിന്ന് ഒഴുകുന്നു.  സ്വഭാവികമായി അത് താഴ്ന്ന പ്രദേശത്തേക്ക് പതിക്കുന്നു.  പണക്കാർ പാവങ്ങളുടെ സഹായത്തിന് എത്തണം.  അനുതാപത്തിന്റെ ഫലങ്ങൾ നൽകണം.  ഫലം നൽകാത്ത വൃക്ഷമെല്ലാം വെട്ടി തീയിലെറിയപ്പെടും   (മത്താ. 3.8). മലയിലെ പ്രസംഗം അച്ചൻ ഉദ്ധരിക്കുന്നു.  ഫരിസേയരുടെ നീതിയെ അതിശയിക്കുന്ന നീതി നമുക്കുണ്ടാകണമെന്നും (മത്താ. 5.20) വാക്കുകളിൽ കൃത്യത വേണമെന്നും (മത്താ. 5.37) ലോകത്തിലേതുപോലെ പ്രതികാരചിന്ത പുലർത്തരുതെന്നും (മത്താ. 5.39) വിധിക്കപ്പെടാതിരിക്കാൻ നാം വിധിക്കരുതെന്നും (മത്താ. 7.1) അച്ചൻ നിർദ്ദേശിക്കുന്നു.

ആകയാൽ  മാനസാന്തരത്തിന്റെയും  പരിഹാരത്തിന്റെയും ഫലങ്ങൾ നൽകുക.  ആഘോഷങ്ങളിലും മദ്യപാനത്തിലും അശുദ്ധിയിലും മുഴുകാതിരിക്കുക   എന്ന് അച്ചൻ ശക്തമായി ആഹ്വാനം ചെയ്യുന്നു.   കഷ്ടപ്പാടുകൾ അനുഭവിച്ച് സ്വമനസ്സാലെ ക്രൂശിൽ മരിക്കുന്ന നമ്മുടെ ദിവ്യ രക്ഷകനിലേക്കണയാം.  നമ്മോടുള്ള സ്നേഹത്തെപ്രതി അവിടുന്ന് ഭൂജാതനായി...   – അച്ചൻ കൂട്ടിച്ചേർക്കുന്നു.

അനുതാപത്തിന്റെയും സൽകർമ്മങ്ങളുടെയും പാതയിലൂടെ ഈ നോമ്പുകാലത്ത് നമുക്കു സഞ്ചരിക്കാം.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. തോമസ് ചക്കുംപീടിക | 01 |
| ഫാ. ആന്റണി കുരുതുകുളങ്ങര | 02 |
| ഫാ. ജോൺസൻ പുലിക്കോട്ടിൽ | 02 |
| ഫാ. തോമസ് ഊക്കൻ | 02 |
| ഫാ. ഫ്രാങ്ക്ളിൻ കണ്ണനായ്ക്കൽ | 03 |
| ഫാ. തോമസ് വടക്കൂട്ട് | 03 |
| ഫാ. ജോൺസൻ ആച്ചാണ്ടി | 07 |
| ഫാ. സിജു പുളിക്കൻ | 09 |
| ഫാ. ഡേവിസ് പുലിക്കോട്ടിൽ Jr. | 09 |
| ഫാ. നോബിൾ പെട്ടയിൽ | 10 |
| ഫാ. ഫ്രാൻസിസ് മുട്ടത്ത് | 11 |
| ഫാ. ഷോൺസൻ ആക്കാമറ്റത്തിൽ | 12 |
| ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | 12 |
| ഫാ. ജോവി കുണ്ടുകുളങ്ങര | 13 |
| ഫാ. സാജൻ വടക്കൻ | 13 |
| ഫാ. ജോർജ്ജ് വടക്കേത്തല | 13 |
| ഫാ. പോൾ ആലപ്പാട്ട് | 14 |
| ഫാ. സിറിയക് ചാലിശ്ശേരി | 14 |
| ഫാ. ഗോഡ്വിൻ കിഴക്കൂടൻ | 14 |
| ഫാ. ഡേവിസ് പുലിക്കോട്ടിൽ Sr. | 15 |
| ഫാ. പോൾ അറക്കൽ | 16 |
| ഫാ. സജീവ് ഇമ്മട്ടി | 17 |
| ഫാ. അജിത്ത് കൊള്ളന്നൂർ | 19 |
| ഫാ. വർഗ്ഗീസ് കൂത്തൂർ | 19 |
| ഫാ. ജേക്കബ് തച്ചറാട്ടിൽ | 19 |
| ഫാ. ബാസ്റ്റിൻ ആലപ്പാട്ട് | 21 |
| ഫാ. പ്രദീപ് മാപ്രാണത്തുക്കാരൻ | 21 |
| ഫാ. നിക്കോളസ് പൊറത്തൂർ | 21 |
| ഫാ. ജോയ് പുത്തൂർ | 22 |
| ഫാ. ജോസ് കോനിക്കര Jr. | 25 |
| ഫാ. സിജോ മുരിങ്ങാത്തേരി | 25 |
| ഫാ. അനു ചാലിൽ | 27 |
| ഫാ. ജോജോ എടത്തിരുത്തി | 28 |




## നാമഹേതുകതിരുനാൾ

ഫാ. ജോവി കുണ്ടുകുളങ്ങര 13




## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ചിറമ്മൽ മാത്യു | 02.02.1913 |
| ഫാ. കള്ളിയത്ത് ജോസഫ് | 02.02.1983 |
| ഫാ. കൈയാലകം ജോസഫ് | 03.02.1951 |
| ഫാ. മാളിയേക്കൽ ജോസഫ് | 06.02.1950 |
| ഫാ. മഞ്ഞളി ജോർജ്ജ് | 07.02.2014 |
| ഫാ. അക്കര ആന്റണി Jr. | 07.02.1971 |
| ഫാ. പുല്ലോക്കാരൻ ആന്റണി | 08.02.1972 |
| ഫാ. കന്നുംകോടത്ത് ആന്റണി | 12.02.1958 |
| ഫാ. എളങ്കുന്നപ്പുഴ ജോസഫ് | 12.02.1992 |
| ഫാ. മേച്ചേരി പോൾ | 12.02.2011 |
| ഫാ. പുളിക്കൻ ജോസഫ് | 15.02.2021 |
| ഫാ. അക്കരപ്പറ്റി ജോൺ | 16.02.1999 |
| ഫാ. ചെറയത്ത് ജോൺ | 17.02.1982 |
| ഫാ. ചക്കാലമറ്റം ആന്റണി | 18.02.1928 |
| ഫാ. ചെറയത്ത് ആന്റണി | 19.02.2015 |
| ഫാ. കോട്ടക്കൽ പൗലോസ് | 20.02.1892 |
| ഫാ. അക്കര ജോർജ്ജ് | 21.02.1959 |
| ഫാ. എളങ്കുന്നപ്പുഴ ജോർജ്ജ് | 22.02.1976 |
| ഫാ. വാഴപ്പിള്ളി ജോർജ്ജ് Jr. | 23.02.1952 |
| ഫാ. കരിപ്പേരി ഫ്രാൻസിസ് | 25.02.2021 |
| ഫാ. വേഴപറമ്പിൽ ജോസ് | 28.02.2006 |



# സന്ന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ
### ഡിസംബർ

**1. എഫ്.സി.സി.**

ഡിസംബർ 2 മുതൽ 8 വരെ കറുകിടം ലവേർണ്ണ കോൺവെന്റിൽ വച്ച് നൊവിഷ്യേറ്റിൽ പ്രവേശിക്കാൻ ഒരുങ്ങുന്ന പോസ്റ്റുലൻസിന് ജനറൽ തലത്തിൽ നടത്തിയ ഒരുക്ക ധ്യാനത്തിൽ (TSR7+EKM3) 10 അർത്ഥിനികൾ സംബന്ധിച്ചു. ഡിസംബർ 5 മുതൽ 8 വരെ മരത്താക്കര ബ്ലസഡ് സാക്രമെന്റ് കോൺവെന്റിൽ വച്ച് സി. മേരി ഷൈജ നയിച്ച ഒരുക്ക ധ്യാനത്തിൽ പോസ്റ്റുലൻസിയിലേക്ക് പ്രവേശിക്കാൻ ഒരുങ്ങിക്കൊണ്ടിരിക്കുന്ന (TSR6+PKD1) 7 അർത്ഥിനികൾ സംബന്ധിച്ചു. ഡിസംബർ 9,10 തീയതികളിൽ തൃശൂർ ഡി.ബി.സി.എൽ.സി യിൽ വച്ച് പാറോക് ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ആധ്യാത്മിക മാർഗ്ഗദർശനം വൈദീക- സമർപ്പിത ശുശ്രൂഷകളിൽ എന്ന വിഷയത്തെ ആസ്പദമാക്കി റവ ഫാ. പീറ്റർ ചക്യാത്ത് OCD നയിച്ച പരിശീലന പ്രോഗ്രാമിൽ സിസ്റ്റേഴ്സ് പങ്കെടുത്തു. ഡിസംബർ 10-ാം തീയതി പ്രോവിൻസിലെ എല്ലാ ഭവനങ്ങളിലും പരിഹാരദിനം ആചരിച്ചു. സഭാ സ്ഥാപനദിനമായ ഡിസംബർ 14-ാം തീയതി 10 പോസ്റ്റുലന്റ്സ് വെങ്ങിണിശ്ശേരി അൽവേർണിയ കോൺവെന്റിൽ വച്ച് കാനോനിക നൊവിഷ്യേറ്റിലേയ്ക്കും, Phase II-ലെ 7 അർത്ഥിനികൾ മരത്താക്കര ബ്ലസഡ് സാക്രമെന്റ് കോൺവെൻറിൽ വച്ച് പോസ്റ്റുലൻസിയിലേയ്ക്കും പ്രവേശിച്ചു. ഡിസംബർ

15–ാം തീയതി രണ്ടാം വർഷ നോവിസസ്സ് നിശ്ചയിക്കപ്പെട്ട ഭവനങ്ങളിലേക്ക് റീജിയൻസിക്കായി പോയി. അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഡിസംബർ 16 മുതൽ 18 വരെ സി. അജയ്യ MSJയുടെ നേതൃത്വത്തിൽ നടത്തിയ Psycho Spirituality Awareness Course–ൽ 11 സിസ്റ്റേഴ്സ് പങ്കെടുത്തു.

17–ാം തീയതി തൃശൂർ എം.ഐ കോൺവെന്റിൽ ഡിസംബർ മാസത്തെ ഉപവാസ പ്രാർത്ഥനസമ്മേളനം നടത്തി. തിരൂർ സിയോൻ റിന്യുവൽ സെന്ററിൽ വച്ചു സെന്റ് ജോസഫ് ഗ്രൂപ്പിലെ സിസ്റ്റേഴ്സിനായി നടന്ന നിയമാവലി ധ്യാനത്തിൽ 69 പേർ പങ്കെടുത്തു. ബ്രഹ്മകുളം സെന്റ് ജോസഫ് ബോർഡിംഗിൽ വച്ച് നടത്തിയ ദൈവവിളി ക്യാമ്പിൽ 15 കുട്ടികൾ പങ്കെടുത്തു.

**2. സി.എസ്.സി.**

സി.എസ്.സി. സഭാസ്ഥാപകൻ ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ 143–ാം ജൻമദിനം, ഊക്കനച്ചൻ മാമ്മോദീസാ സ്വീകരിച്ച പള്ളിയായ ഏനമ്മാവ് കർമ്മലമാത ദേവാലയത്തിൽ വച്ച് 2022 ഡിസംബർ 18–ാം തിയതി ആഘോഷിച്ചു. തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചത് അദിലാബാദ് രൂപതാദ്ധ്യക്ഷൻ മാർ പ്രിൻസ് പാണേങ്ങാടൻ പിതാവാണ്.

കൂർക്കഞ്ചേരി മരിയ പ്രൊവിൻസിന്റെ നേതൃത്വത്തിൽ നടത്തി വരുന്ന ജീവകാരുണ്യപ്രവർത്തനങ്ങളുടെ ഭാഗമായി ശാരീരികവും മാനസീകവുമായി തളർന്നുപോയവർക്കുള്ള ഇടഇ സഹയാത്ര എന്ന പേരിൽ സഞ്ചരിക്കുന്ന സൗജന്യ കൗൺസിലിംഗ്, പാലിയേറ്റീവ് കെയർ 2022 ഡിസംബർ 19 ന് തൊയക്കാവ് തിരുഹൃദയ ദേവാലയത്തിൽ വച്ച് വിശുദ്ധ കുർബാനയ്ക്കുശേഷം ഉദ്ഘാടനം ചെയ്യപ്പെട്ടു. കൂർഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 2022 ഡിസംബർ 16 മുതൽ 18 വരെ സുപ്പീരിയേഴ്സ് കോൺഫ്രൻസ് നടത്തി.

**3. സി.എം.സി.**

11–ാം തിയ്യതി ഇൻസ്പെക്ഷൻ ടീമിന്റെയും ഹെഡ്മിസ്ട്രസ്മാരുടെയും മീറ്റിംങ്ങ് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്നു. കോട്ടപ്പടി ബഥനി സ്ക്കൂളിന്റെ ആശീർവാദകർമ്മം 13–ാംതിയ്യതി ഫാ. ജോയ് കൊള്ളന്നൂർ നിർവഹിച്ചു. റവ. ഫാ. ജിൽറ്റോ സി.എം.ഐയുടെ നേതൃത്വത്തിൽ സുപ്പീരിയേഴ്സിനും 1988–1994 വരെയുള്ള ബാച്ചിലെ സിസ്റ്റേഴ്സിനും 3 ദിവസത്തെ റിന്യൂവൽ കോഴ്സ് കോലഴിയിൽ വെച്ച് നടത്തി. മുള്ളൂർക്കര കാർമ്മൽ മൗണ്ട് സ്പെഷ്യൽ സ്ക്കൂളിന്റെ രജത ജൂബിലി ഡിസം.17 ന് ഘോഷിച്ചു. സി.എം.സി

അസോസിയേറ്റ്സിന്റെ ഒരുദിവസത്തെ ഗാതറിംങ്ങ് തൃശ്ശൂർ സെന്റ് മേരീസ് കോളേജിൽ വെച്ച് വിശ്വാസരൂപീകരണ കൗൺസിലർ സി. റാണി ജോർജിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. 27 മുതൽ 29 വരെ നടത്തിയ ജൂനിയേഴ്സ് കോഴ്സിൽ 27 സിസ്റ്റേഴ്സ് സംബന്ധിച്ചു.

**4. സി.എസ്.എം.**

8,9 തിയ്യതികളിൽ ഡിബിസിഎൽസിയിൽ വച്ച് നടന്ന സ്പിരിച്ചൽ ഡിറക്ടേഴ്സിന്റെ കോഴ്സിന് സിസ്റ്റേഴ്സ് പങ്കെടുത്തു. CMI മാർ തോമാ പ്രോവിൻസ് ലോകസുവിശേഷവത്കരണത്തിന്റെ ഭാഗമായി വൈദികർക്കും, സിസ്റ്റേഴ്സിനും സെമിനാരി വിദ്യാർത്ഥികൾക്കുമായി നടത്തിയ പ്രസംഗ മത്സരത്തിൽ സി. ജോയൽ ജോസ് രണ്ടാം സ്ഥാനത്തിന് അർഹയായി.19.12.2022 തൃശ്ശൂർ ബിഷപ്സ് ഹൗസിൽ വെച്ച് നടന്ന വൊക്കേഷൻ പ്രമോട്ടേഴ്സ് മീറ്റിംഗിൽ 2 സിസ്റ്റേഴ്സ് പങ്കെടുത്തു. 25.12.2022 ൽ ക്രിസ്തുമസിനോടനുബന്ധിച്ച് കുണ്ടുകുളം ഗ്രാമത്തിൽ 44 കുടുംബങ്ങൾക്ക് ഭക്ഷ്യകിറ്റ് വിതരണം നടത്തി.

**5. എസ്.എ.ബി.എസ്.**

ഡിസംബർ 2–ാം തീയതി ചേറ്റുപുഴ പ്രോവിൻഷ്യൽ ഹൗസിൽ നാൽപത് മണിക്കൂർ ആരാധന നടത്തി. പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ സോഫി പെരേപ്പാടൻ വേലൂപ്പാടം, ചെന്നായ്പ്പാറ, മരോട്ടിച്ചാൽ എന്നിവിടങ്ങളിലെ ഭവനസമൂഹങ്ങളിൽ ഔദ്യോഗിക സന്ദർശനം നടത്തി. ഡിസംബർ 4–ാം തീയതി മുതൽ ചേറ്റുപുഴ കർമ്മലമാത ഇടവകയിൽ സിസ്റ്റേഴ്സ് ഹോം മിഷൻ നടത്തി. അമലോത്ഭവതിരുന്നാൾ ദിനമായ ഡിസംബർ 8 ന് ആരാധനാസന്യാസിനീസമൂഹം മുഴുവൻ വിശുദ്ധബലി മദ്ധ്യേ വ്രതനവീകരണം നടത്തി. ഡിസംബർ 10 ന് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തിയ 'The Hope' എന്ന ഫിലിം പ്രദർശനത്തിൽ എല്ലാ ഭവനസമൂഹത്തിൽ നിന്നുമുള്ള സിസ്റ്റേഴ്സ് സംബന്ധിച്ചു. ഡിസംബർ 9, 10 തീയതികളിലായി തൃശൂർ അതിരൂപത PAROC ന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'Spiritual Direction Seminar' ൽ സിസ്റ്റേഴ്സ് പങ്കെടുത്തു. റവ. ഫാ. ഡേവിസ് ചിറമേൽ നൽകിയ അഞ്ചര സെന്റ് സ്ഥലത്ത് നിർമ്മൽ റാണി പ്രോവിൻസ് നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം ഡിസംബർ 15 ന് നടന്നു. ഡിസംബർ 28ന് സോഷ്യൽ വർക്ക് ഫണ്ടിൽ നിന്നും പഠനസഹായം സ്വീകരിക്കുന്ന വിദ്യാർത്ഥികളുടെ സംഗമം പ്രൊവിൻഷ്യൽ കൗൺസിലർ സി. ഉഷ മാർഗരറ്റിന്റെ നേതൃത്വത്തിൽ തൃശൂർ നിർമ്മ ലമാത സ്ക്കൂളിൽ വച്ച് നടന്നു. ഡിസംബർ 29 ന് വന്ദ്യപിതാവ് ദൈവദാസൻ മാർ തോമസ് കുര്യാളശ്ശേരിയുടെ 150–ാം ചരമവാർഷികത്തോടനുബന്ധിച്ച് ജനറലേറ്റ് സെനക്കളിൽ വച്ച് നട

ത്തിയ 21 പ്രോവിൻസുകളിലെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കായി സംഘടിപ്പിച്ച ക്വിസ്സ് മത്സരത്തിൽ പങ്കെടുത്ത് ഒന്നാം സമ്മാനമായ 15000 രൂപ ക്യാഷ്പ്രൈസും സർട്ടിഫിക്കറ്റും നേടിയ സി. ആൻസി കോളാട്ടുകുടി, സി. ഏയ്ഞ്ചൽ വട്ടക്കുഴി എന്നിവർക്ക് പ്രോവിൻസിന്റെ അഭിനന്ദനങ്ങൾ.

## ആദരാഞ്ജലികൾ



01/12/22 സി.എം.സി. ചൂണ്ടൽ മരീനാഹോം മഠാംഗമായ സി. ലൂസിയ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് കോനിക്കര മൃതസംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.



17/12/22 സി.എം.സി. ചൂണ്ടൽ മരീനാഹോം മഠാംഗമായ സി. മേരി പിയ നിത്യതയിലേക്ക് വിളിക്കപ്പെട്ടു. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ.ജോസ് വല്ലൂരാൻ മൃതസംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.



20/12/22 സി.എം.സി. ഒല്ലൂർ ഫാറ്റിമ മഠാംഗമായ സി. സെലറീന നിത്യതയിലേക്ക് വിളിക്കപ്പെട്ടു. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് കോനിക്കര മൃതസംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

**സി. സോഫി പെരേപ്പാടൻ**
**എസ്.എ.ബി.എസ്.**
പ്രസിഡണ്ട്

**സി. ലെത്തീസിയ എസ്. എം.സി.**
സെക്രട്ടറി

# മാർ തോമ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന കേന്ദ്രം, പാലയൂർ

**വിദേശ പഠനസംഘം പാലയൂർ സെന്റ് തോമസ് മേജർ ആർക്കി എപ്പിസ്കോപൽ തീർത്ഥകേന്ദ്രം സന്ദർശിച്ചു.**

വി തോമശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950 ജൂബിലിയോട് അനുബന്ധിച്ച് തൃശ്ശൂർ അതിരൂപത മേരിമാതാ മേജർ സെമിനാരിയിൽ നടത്തുന്ന അന്താരാഷ്ട്ര സെമിനാറിൽ പങ്കെടുക്കുവാൻ എത്തിയ ജർമ്മനി, ഫ്രാൻസ്, മലേഷ്യ, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിൽ നിന്നും എത്തിച്ചേർന്ന സിസ്റ്റർ നതാലി ബെകാർട്ട്, ഫാ. പീറ്റർ ഷാലെൻബർഗ്, മിസ്റ്റർ ലാർസ് ഷാഫേഴ്സ്, മിസ്റ്റർ മാക്സിമിലിയൻ വെൽറ്റികെ, ഫാ.ക്ലാരൻസ് ദേവദാസ് എന്നിവരുടെ പഠനസംഘമാണ് ദേവാലയത്തിൽ സന്ദർശനം നടത്തിയത്.പാലയൂർ തീർത്ഥകേന്ദ്രം ആർച്ച്പ്രീസ്റ്റ് ഡോ.ഡേവിസ് കണ്ണമ്പുഴ, അസി.വികാരി ഫാ. മിഥുൻ വടക്കേത്തല, കൈക്കാരൻമാർ എന്നിവർ ചേർന്ന് പഠനസംഘത്തിലെ അംഗങ്ങൾക്ക് സ്വീകരണം നൽകി. പ്രസ്തുത പഠനസംഘം ചരിത്രം ഉറങ്ങുന്ന ഭാരത ക്രൈസ്തവരുടെ ഈറ്റില്ലമായ പാലയൂർ സെന്റ് തോമസ് മേജർ ആർക്കി എപിസ്കോപ്പൽ തീർത്ഥകേന്ദ്രത്തിൽ മാർതോമാശ്ലീഹ ജലമാർഗ്ഗം എത്തിയ ബോട്ടുകുളം, അത്ഭുതം പ്രവർത്തിച്ച തളിയകുളം, വി കുരിശു സ്ഥാപിച്ച സ്ഥലം, ചരിത്ര മ്യൂസിയം എന്നിവ സന്ദർശിക്കുകയും പഠനവിധേയമാക്കുകയും ചെയ്തു.

**ഫാ. ഡേവിസ് കണ്ണമ്പുഴ**
ആർച്ച് പ്രീസ്റ്റ്

# സാമ്പത്തിക കാര്യാലയം

**1. തെരട്ട് സമർപ്പിക്കൽ**

ഇടവകകൾ/സ്ഥാപനങ്ങൾ/സംഘടനകൾ/ പ്രസ്ഥാനങ്ങൾ എന്നിവയുടെ തെരട്ട് സമർപ്പിക്കുന്നതിന് നിശ്ചയിക്കപ്പെട്ട സമയപരിധി കഴിഞ്ഞിരിക്കുകയാണ് ഈ പ്രത്യേക സഹചര്യത്തിൽ ഇനിയും തെരട്ട് സമർപ്പിക്കാത്ത ഇടവകകൾ/സ്ഥാപനങ്ങൾ/സംഘടനകൾ/ പ്രസ്ഥാനങ്ങൾ ഉണ്ടെങ്കിൽ എത്രയും വേഗം അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ തെരട്ട് സമർപ്പിക്കേണ്ട കാര്യം ഓർമ്മപ്പെടുത്തുന്നു.

**2. കൈക്കാരന്മാരുടേയും കണക്കെഴുത്തുകാരുടേയും യോഗം– 04/03/2023**

നമ്മുടെ പള്ളികളിലെ കൈക്കാരന്മാരുടേയും (നടത്തു കൈക്കാരനും അടുത്ത ടേമിലെ കൈക്കാരനും) കണക്കെഴുത്തുകാരുടേയും ഒരു സംയുക്ത യോഗം 2023 മാർച്ച് 04 ശനിയാഴ്ച ഉച്ചതിരിഞ്ഞ് 2.00 ന് ഉ.ആ.ഇ.ഘ.ഇ ഓഡിറ്റോറിയത്തിൽ വെച്ച് കൂടുന്നതാണ്.ഇടവകയുടെ വിവിധ സാമ്പത്തിക കാര്യങ്ങളും പുതിയ ആദായ നികുതി നിയമങ്ങൾ, ഏടാ എന്നിവയും ചർച്ച ചെയ്യുന്ന ഈ സുപ്രധാന യോഗത്തിലേക്ക് കൈക്കാരന്മാരേയും കണക്കെഴുത്തുകാരേയും ബഹുമാനപ്പെട്ട വികാരിയച്ചൻ പറഞ്ഞയക്കുന്നതിന് ശ്രദ്ധിക്കുമല്ലോ.


**ഫാ. വർഗീസ് കുത്തൂർ**
ഫിനാൻസ് ഓഫീസർ

**ഫാ. ലിൻസൻ തട്ടിൽ**
അസി. ഫിനാൻസ് ഓഫീസർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

മിശിഹായിൽ ഏറെ സ്നേഹിക്കപ്പെടുന്ന കുഞ്ഞുമക്കളെ,

ഫെബ്രുവരി മാസം വന്നെത്തിയല്ലോ. വർഷാവസാന പരീക്ഷകൾക്കായി നിങ്ങൾ തീക്ഷ്ണതയോടെ ഒരുങ്ങി തുടങ്ങിയിട്ടുണ്ടാകും. അതിനെല്ലാം മുന്നോടിയായി വരുന്ന കാറ്റകിസം പരീക്ഷക്കും നിങ്ങൾ നല്ലരീതിയിൽ പഠിച്ചൊരുങ്ങണം. ഈ പരീക്ഷാ കാലഘട്ടം അല്പം ടെൻഷൻ നിറഞ്ഞതാണെങ്കിലും, ഒരു വർഷക്കാലമുള്ള നിങ്ങളുടെ അദ്ധ്വാനത്തെ വിലയിരുത്തുന്നതിനുള്ള സമയമാണ്. നല്ലവണ്ണം ഒരുങ്ങി പരീക്ഷകളെ അഭിമുഖീകരിക്കുവാനും, ഈശോയിൽ ആശ്രയിച്ച് എല്ലാ പരീക്ഷകളിലും ഉന്നത വിജയം കരസ്ഥമാക്കാനും ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. നിങ്ങൾക്ക് എല്ലാ ഭാവുകങ്ങളും ഞാൻ നേരുന്നു. സമയം അമൂല്യമാണ് എന്നറിഞ്ഞ് ശരിയായി ഉപയോഗിക്കാൻ നിങ്ങൾ ശ്രദ്ധിക്കണം.

ഈയിടെ കാലം ചെയ്ത ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ മൃതസംസ്കാര ശുശ്രൂഷ നിങ്ങൾ മാധ്യമങ്ങളിലൂടെ കണ്ടിട്ടുണ്ടാകും. മാർപാപ്പയുടെ മൃതസംസ്ക്കാര തിരുകർമ്മങ്ങളിൽ സംബന്ധിക്കാനുള്ള വലിയ അനുഗ്രഹം എനിക്ക് ദൈവം തന്നു. കത്തോലിക്കാസഭയിൽ ധാരാളം പ്രതിസന്ധികൾ ഉണ്ടായപ്പോഴും ദൈവത്തിൽ ആശ്രയിച്ച് ധൈര്യത്തോടെ സഭയെ മുന്നോട്ടുനയിച്ച ബനഡിക്ട് മാർപാപ്പയെ അനുസ്മരിച്ച് പ്രാർത്ഥിക്കാൻ ധാരാളം വിശ്വാസികൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും വന്നിട്ടുണ്ടായിരുന്നു. കുഞ്ഞുങ്ങളോട് പ്രത്യേക കരുതലുണ്ടായിരുന്ന ബനഡിക്ട് മാർപാപ്പ ഒരിക്കൽ പറഞ്ഞത് ഞാൻ കുഞ്ഞുങ്ങളെ ഇഷ്ടപ്പെടുന്നു കാരണം അവർ ദൈവത്തോട് അടുത്തു നിൽക്കുന്നു എന്നാണ്. അതോടൊപ്പം മാർപാപ്പ നമ്മെ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്ന ഒരു കാര്യമുണ്ട്. നമുക്ക് ദൈവത്തിന്റെ കൃപയും ക്ഷമയും ആവശ്യമുണ്ട്. നമുക്ക് ധാരാളം കഴിവുകളും ജീവിതസാഹചര്യങ്ങളും ഉണ്ടെങ്കിലും ദൈവത്തിൽ ആശ്രയിക്കുമ്പോ

ഴാണ് നാം ജീവിതവിജയം നേടുന്നത്. നമുക്ക് നിരവധിയായ അനുഗ്രഹങ്ങൾ നൽകിയ ദൈവത്തിന് നന്ദി പറഞ്ഞും നമുക്ക് ജന്മം നൽകിയ മാതാപിതാക്കളുടെ അനുഗ്രഹം സ്വീകരിച്ചും നല്ല മക്കളായി മുന്നേറുമ്പോഴാണ് ദൈവത്തിൻറെ കൃപ നമ്മുടെമേൽ ഉണ്ടാക്കുക. അതുപോലെ നമുക്ക് വന്നിട്ടുള്ള തെറ്റുകൾക്ക് ദൈവത്തോട് ക്ഷമ യാചിച്ചു ദൈവ സന്നിധിയിൽ എളിമപ്പെടുമ്പോഴാണ് ദൈവം നമ്മെ ഉയർത്തുക. ബെനഡിക്ട് പതിനാറാമൻ മാർപാപ്പ നമുക്ക് പറഞ്ഞുതരുന്ന ഈ സന്ദേശം ഉൾക്കൊണ്ടുകൊണ്ട് നമുക്ക് കൂടുതൽ വിശുദ്ധിയോടെ ജീവിക്കാം.

കഴിഞ്ഞദിവസം ഒരു ഇടവകയിൽനിന്ന് അവരുടെ വികാരിയച്ചൻ കുട്ടികളോട് കാണിക്കുന്ന സ്നേഹത്തിനും പരിഗണിക്കും നന്ദി പറഞ്ഞുകൊണ്ട് കുട്ടികളുടെ ഒരു കത്ത് എനിക്ക് ലഭിച്ചു. അവരുടെ വികാരിയച്ചനെ അവിടെനിന്നും സ്ഥലംമാറ്റരുത് എന്നതായിരുന്നു അവരുടെ ആവശ്യം. ആ കത്ത് വായിച്ചപ്പോൾ എനിക്ക് ഒത്തിരി സന്തോഷം തോന്നി. ധാരാളം ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിലും ദൈവം ഏൽപ്പിച്ച ഉത്തരവാദിത്വം ഭംഗിയായി നിർവഹിക്കുന്ന നിങ്ങളുടെ ഇടവകയിലെ വൈദികരെയും സമർപ്പിതരെയും നിങ്ങൾ നന്ദിയോടെ ഓർക്കണം. അവർക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം. അവർ ചെയ്യുന്ന സേവനത്തിന് അവർക്ക് നന്ദി പറയണം. പറ്റുമെങ്കിൽ അവർക്ക് നന്ദി പറഞ്ഞുകൊണ്ട് ഒരു കത്തെഴുതുന്നത് നല്ലതാണ്.

ഫെബ്രുവരി എന്ന വാക്ക് വരുന്നത് റോമാക്കാരുടെ ശുദ്ധീകരണ തിരുനാളുമായി ബന്ധപ്പെട്ടാണ്. ഈ ഫെബ്രുവരി മാസത്തിൽ നമ്മെ സംബന്ധിച്ചിടത്തോളം വലിയ നോമ്പ് ആരംഭിക്കുന്ന സമയമാണ്. വരുന്ന ഫെബ്രുവരി 20–ാം തീയതി തിങ്കളാഴ്ചയാണ് വിഭൂതി തിരുനാൾ നാം ആഘോഷിക്കുന്നത്. ഈ നോമ്പുകാലം നമുക്ക് ഏറെ തീക്ഷ്ണതയോടെ ആചരിക്കാം. അടുത്തടുത്ത് കുമ്പസാരിക്കുവാനും, 50 ദിവസവും മുടങ്ങാതെ വിശുദ്ധ കുർബാനയിൽ പങ്കെടുക്കാനും, മറ്റ് പരിത്യാഗങ്ങൾ അനുഷ്ഠിക്കാനും നിങ്ങൾ ശ്രദ്ധിക്കണം. അതോടൊപ്പം മറ്റുള്ളവരെ സഹായിക്കാൻ ലഭിക്കുന്ന ഒരവസരവും നിങ്ങൾ പാഴാക്കരുത്. 'എന്റെ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ചെയ്തുകൊടുത്തപ്പോൾ എനിയ്ക്കു തന്നെയാണ് ചെയ്തു തന്നത്' (മത്താ. 25:40) എന്ന ഈശോയുടെ വാക്കുകൾ നിങ്ങളുടെ ഹൃദയത്തിൽ ഉണ്ടായിരിക്കട്ടെ. അങ്ങനെ ഈശോയോടുള്ള സ്നേഹത്തെ പ്രതി നോമ്പ് അനുഷ്ഠിക്കുമ്പോൾ അത് നമുക്ക് അനുഗ്രഹപ്രദമാകും. നോമ്പുകാല പരിത്യാഗം പാവപ്പെട്ടവർക്കായി

നൽകുമ്പോൾ കൂടുതൽ ഫലപ്രാപ്തിയുണ്ടാകും. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# വിശ്വാസപരിശീലനകേന്ദ്രം

വിശ്വാസപരിശീലന ക്ലാസ്സുകളിലെ വാർഷിക പരീക്ഷകൾ ഈ മാസം രണ്ടാമത്തെ ഞായറാഴ്ച മുതൽ ആരംഭിക്കുന്നു. നന്നായി ഒരുങ്ങാം. പാഠങ്ങൾ കൂടുതൽ മനസ്സിലാക്കാൻ ശ്രമിക്കാം. അവധിക്കാലം വിശ്വാസപരിശീലനം തുടരാനുള്ള അവസരമാണ്. പഠിച്ചവയൊക്കെ പ്രാവർത്തികമാക്കാനുള്ള അവസരം. ഈശോയുടെ സമർപ്പണത്തെ മാതൃകയാക്കി ദൈവവിളികളെക്കുറിച്ച് വിവേചിച്ചറിയാനും അവധിക്കാലം വിനിയോഗിക്കാം. നന്നായി ഒരുങ്ങി വിശ്വാസപരിശീലന പരീക്ഷകൾ ചെയ്യാം. എല്ലാവർക്കും നല്ല വിജയം ആശംസിക്കുന്നു.

**I. Sunday Catechism**

**1. പ്രിൻസിപ്പൽമാരുടെ യോഗം**

തിയതി : 2023 ഫെബ്രുവരി 5

ദിവസം : ഞായർ

സമയം : 11.00 am Registration

സ്ഥലം : വിശ്വാസപരിശീലനകേന്ദ്രം, DBCLC

എല്ലാ പ്രിൻസിപ്പൽമാരേയും ക്ഷണിക്കുന്നു. എല്ലാവരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**2. വാർഷിക പരീക്ഷകൾ**

ഫെബ്രുവരി മാസത്തിലാണ് വാർഷികപരീക്ഷകൾ. അതിനായി കുട്ടികളെ ഒരുക്കുമല്ലോ. പരീക്ഷകളുടെ സമയക്രമം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 2023 ഫെബ്രുവരി 12 | 2 PM-5PM | **ACC** |

| | | |
|---|---|---|
| | 2 PM-4PM | **Stds. X, XII** |
| 2023 ഫെബ്രുവരി 19 | 2 PM-4PM | **Stds. I, III, V, VII, IX & XI** |
| 2023 ഫെബ്രുവരി 26 | 2 PM-4PM | **Stds. II, IV, VI, VIII** |

**3. Std. XII & ACC ഹാജർ**

Std. XII & ACC ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ ഹാജർ സോഫ്റ്റ് വെയറിൽ കൃത്യമായി ചേർക്കുന്നതിനുള്ള അവസാന തിയതി ജനുവരി 30. ജനുവരി 30 നുള്ളിൽ രേഖപ്പെടുത്തിയ 20 ഹാജരെങ്കിലും ഉള്ള വിദ്യാർത്ഥികൾക്കുമാത്രമെ വാർഷികപരീക്ഷ എഴുതുവാൻ സാധിക്കു. കുട്ടികളുടെ ഹാജർ കൃത്യസമയത്തുതന്നെ ചെയ്യാൻ യൂണിറ്റധികാരികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലൊ.

**4. Std. XII & ACC വാർഷിക പരീക്ഷക്കുള്ള യോഗ്യത (**Eligibility**)**

അർദ്ധവാർഷിക പരീക്ഷ എഴുതിയ 20 ഹാജർ നിർബന്ധമായും ഉള്ള വിദ്യാർത്ഥികൾക്കുമാത്രമേ വാർഷിക പരീക്ഷ എഴുതുന്നതിനുള്ള യോഗ്യത ഉണ്ടായിരിക്കുകയുള്ളു. Std. XII വിദ്യാർത്ഥികൾക്കുള്ള രജിസ്റ്റർ നമ്പറും, എ.സി.സി. വിദ്യാർത്ഥികൾക്കുള്ള ഹാൾ ടിക്കറ്റും മുകളിൽ പറഞ്ഞ യോഗ്യതയുള്ള വിദ്യാർത്ഥികൾക്കു മാത്രമേ ലഭിക്കുകയുള്ളു. അവരെ മാത്രമേ പരീക്ഷ എഴുതിക്കാവൂ.

**5. Std. XII & ACC ക്ലാസ്സുകളിലെ വാർഷിക പരീക്ഷകളെ സംബന്ധിച്ച്**

1. പരീക്ഷകളെ സംബന്ധിച്ച് വിശ്വാസപരിശീലന വിദ്യാർത്ഥികളേയും അവരുടെ മാതാപിതാക്കളേയും നേരത്തെ അറിയിച്ചിരിക്കേണ്ടതാണ്.
2. ബഹു. വൈദികരുടെ മേൽനോട്ടത്തിലും പ്രിൻസിപ്പലിന്റെ ചുമതലയിലുമാണ് പരീക്ഷകൾ നടത്തേണ്ടത്.
3. പരീക്ഷയെ സംബന്ധിച്ച് വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൃത്യമായി തന്നെ പാലിക്കേണ്ടതാണ്. വാർഷിക പരീക്ഷയിൽ പങ്കെടുക്കാനുള്ള നിബന്ധനകളും (Attendance apX-em-b-h), Syllabus, Question Paper Scheme, Marks Distribution എന്നിവയെ സംബന്ധിച്ചും പരീക്ഷയുടെ നടത്തിപ്പിനെ സംബന്ധിച്ചും ഉള്ള കാര്യങ്ങൾ വിശ്വാസപരിശീലനമാർഗ്ഗരേഖയിലും വാർഷിക പ്രോഗ്രാമിലും നൽകിയിട്ടുള്ളത് കൃത്യമായി പാലിക്കേണ്ടതാണ്.
4. പരീക്ഷാനടത്തിപ്പിൽ ഏതെങ്കിലും തരത്തിൽ വീഴ്ച്ചകളോ അപാകതകളോ ഉണ്ടാകരുത്. ഇക്കാര്യം ബന്ധപ്പെട്ടവർ വളരെ ഗൗരവത്തിൽ തന്നെ എടുക്കേണ്ടതാണ്.
5. ചോദ്യങ്ങൾക്കു താഴെ ഉത്തരമെഴുതി തിരിച്ചേൽപ്പിക്കാവുന്നവിധം പുസ്തകരൂപത്തിലുള്ള Question & Answer Book വിശ്വാസപരിശീലന കേന്ദ്രത്തിൽനിന്ന് നൽകുന്നതാണ്. ചോദ്യങ്ങൾ മലയാളത്തിലും

ഇംഗ്ലീഷിലും നൽകിയിരിക്കും. വിദ്യാർത്ഥി ഏതെങ്കിലും ഒരു ഭാഷ യിൽ മാത്രമേ ഉത്തരങ്ങളെഴുതുവാൻ പാടുള്ളൂ.

6. പരീക്ഷാ നടത്തിപ്പിന് വിസിറ്റർ ആയി നിയമനം ലഭിക്കുന്നവർ ആ ചുമതല കൃത്യമായി തന്നെ നിർവ്വഹിക്കുക. നിയമനവിവരം സ്വന്തം യൂണിറ്റിലെ പ്രിൻസിപ്പലിനേയും വികാരിയച്ചനേയും പോകേണ്ട യൂണിറ്റിലെ പ്രിൻസിപ്പലിനേയും വികാരിയച്ചനേയും നേരത്തെതന്നെ അറിയിക്കേണ്ടതാണ്.
7. വിസിറ്ററെ കൂടാതെ, പരീക്ഷാ ഹാളിൽ മേൽനോട്ടത്തിന് ആവശ്യ മായത്ര വിശ്വാസപരിശീലകരെ പ്രിൻസിപ്പൽ നിയോഗിക്കേണ്ടതാണ്.

### 6. Std. XII Re-Examination, Improvement Registration നെ സംബന്ധിച്ച വിവരങ്ങൾ

12–ാം ക്ലാസ്സിലെ വാർഷികപരീക്ഷയിൽ തോൽക്കുകയോ, Absent ആവുകയോ, ചെയ്തവർക്ക് Re-examination എഴുതാവുന്നതാണ്. 12ാം ക്ലാസ്സിൽ ജയിക്കുകയും 40 മാർക്ക് ഇല്ലാതിരിക്കുകയും ചെയ്തവർക്ക് Improvement Examination എഴുതാവുന്നതാണ്. ഈ പരീക്ഷകൾ എഴു തുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളെ സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ചെയ്യേണ്ട വിധം താഴെ കൊടുക്കുന്നു.

1. വിദ്യാർത്ഥി സോഫ്റ്റ് വെയറിൽ Inactive Mode ൽ ആയിരിക്കണം.
2. Software - Public Examination - Previous ReExam Registration- Re-examination എഴുതുന്ന വിദ്യാർത്ഥികളെ മാത്രം സെലക്ട് ചെയ്ത് രജിസ്റ്റർ ചെയ്യുക
3. Software - Public Examination - Previous Improvement Registration- Improvement എഴുതുന്ന വിദ്യാർത്ഥികളെ മാത്രം സെലക്ട് ചെയ്ത് രജിസ്റ്റർ ചെയ്യുക
4. ജനുവരി 31 –ാം തിയതി മുതൽ ഫെബ്രുവരി 5–ാം തിയതി വരെ യുള്ള ദിവസങ്ങളിൽ ഈ രജിസ്ട്രേഷൻ നടത്തേണ്ടതാണ്.
   ഇത്തരത്തിൽ രജിസ്ട്രേഷൻ നടത്തിയെങ്കിൽ മാത്രമെ വിദ്യാർ ത്ഥി കൾക്ക് രജിസ്റ്റർ നമ്പർ ലഭിക്കുകയും വാർഷികപരീക്ഷ എഴുതു വാനും സാധിക്കുകയുള്ളൂ.

### 7. Std. XII, ACC കേന്ദ്രീകൃത മൂല്യനിർണ്ണയം

താഴെ പറയുന്ന തിയ്യതികളിൽ DBCLC-യിൽ നടത്തുന്നു.

സമയം (09.30 am-04.30 pm)

Std. XII : 2023 മാർച്ച് 4, 5 ശനി, ഞായർ

ACC : 2023 മാർച്ച് 4, 5, 11, 12 (ശനി, ഞായർ ദിവസങ്ങൾ)

1. ACC കേന്ദ്രീകൃത മൂല്യനിർണ്ണയം വിശ്വാസപരിശീലനകേന്ദ്രത്തിൽ വെച്ചു തന്നെ നടത്തുന്നത് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ Chair for Christian Studies and Research –ന്റെ തീരുമാനപ്രകാരവും മേൽനോട്ടത്തിലുമാണ്.
2. Std. XII, ACC കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് ആ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാവരും നിർബന്ധമായും വരേണ്ടതാണ്.

**8. ഉത്തരക്കടലാസു പരിശോധന:** Stds. I മുതൽ XI വരെയുള്ള വിദ്യാർത്ഥികളുടെ ഉത്തരകടലാസു പരിശോധന ബഹുമാനപ്പെട്ട വികാരിയച്ചന്റെയും പ്രിൻസിപ്പാലിന്റെയും നേതൃത്വത്തിൽ യൂണിറ്റിൽ തന്നെ ഒരു ദിവസം എല്ലാ വിശ്വാസപരിശീലകരും ഒന്നുചേർന്ന് നടത്തുവാൻ നിർദ്ദേശിക്കുന്നു. ഇതിനാവശ്യമായ ഉത്തരസൂചിക വാട്സാപ്പ് ഗ്രൂപ്പുകളിലൂടെ പരീക്ഷകൾക്കുശേഷം നൽകുന്നതാണ്. വിദ്യാർത്ഥികളുടെ വാർഷികപരീക്ഷാ ഉത്തരക്കടലാസുകൾ വിശ്വാസപരിശീലനകേന്ദ്രം നൽകിയിരിക്കുന്ന ഉത്തരസൂചികയുടെ അടിസ്ഥാനത്തിൽ കൃത്യതയോടും നീതിയോടും മൂല്യനിർണ്ണയം ചെയ്യേണ്ടതാണ്

### 9. Internal Assessment Mark Entry

പരീക്ഷാ തിയതിയിലെ അറ്റൻഡൻസ് വരെ എന്റർ ചെയ്തതിനുശേഷം മാത്രമെ ഇന്റേണൽ മാർക്ക് എൻട്രി നടത്താവൂ.

XII & ACC - Last Date: March 5

Std. I to XI - Last Date: March 13

**10. വാർഷിക പുനഃപരീക്ഷ** 1 മുതൽ 11 വരെ ക്ലാസ്സുകൾക്ക് മാർച്ച് 19 ഞായർ, യൂണിറ്റുകളിൽ ഈ പരീക്ഷയുടെ ചോദ്യപേപ്പറുകൾ യൂണിറ്റുകളിൽ തന്നെ തയ്യാറാക്കേണ്ടതാണ്.

**11.** വാർഷിക പുനപരീക്ഷയുടെ മാർക്ക് എൻട്രി സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യേണ്ട അവസാന തിയതി: മാർച്ച് 27

## II. Daily Catechism

**1. മോറൽ സയൻസ് സ്കോളർഷിപ്പ്**

പരീക്ഷാതിയതി: 11/02/2023

സമയം : 10 AM to 12 PM

സ്ഥലം : ഡി.ബി.സി.എൽ.സി.

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# INSTITUTE OF THEOLOGY

**TRICHUR D B C L C**
(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

1. **B.A. in Theology and Religious Studies (Three Years)** (affiliated to Katholicke Universiteit, Leuven, Belgium):

- സെക്കന്റ് സെമസ്റ്ററിലെ Laity and Religious: Their Vocation and Mission, Role of the Laity in the Pastoral Work in the Indian Context (Rev. Dr. Shijo Chiriankandath), Luke - Acts (Rev. Dr. Freejo Parakkal), Biblical Greek (Rev. Fr. Francis Koothur) എന്നീ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു. ജനുവരി 06, 07, 09 തിയ്യതികളിൽ നടന്ന അന്താരാഷ്ട്ര കോൺഫറൻസിൽ (Listening and Learning: History and Culture in Dialogue with Pope Francis) B.A. in Theology Students പങ്കെടുത്തു.

2. **Certificate Course in Theology (One Year)** (affiliated to Chair for Christian Studies and Research, Calicut University)

- ജനുവരി 08–ാം തിയ്യതി ഇതരമതങ്ങളോടുള്ള കത്തോലിക്കാസഭയുടെ കാഴ്ചപ്പാട് (Rev. Dr. Chacko Chiramel), ജനുവരി 15–ാം തിയ്യതി അനുരഞ്ജനകൂദാശ (Rev. Dr. Varghese Melit Palathingal), ജനുവരി 29–ാം തിയ്യതി സഭാവിജ്ഞാനീയം (Rev. Dr. Saijo Thaikattil) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു. ജനുവരി 06, 07, 09 തിയ്യതികളിൽ നടന്ന അന്താരാഷ്ട്ര കോൺഫറൻസിൽ Certificate Course in Theology Students പങ്കെടുത്തു.
- 2021 –2022 ബാച്ചുക്കാരുടെ സർട്ടിഫിക്കറ്റ് വിതരണം ജനുവരി 26 –ാം തിയ്യതി നടന്ന അവാർഡ് ദാനചടങ്ങിൽ വെച്ച് നടന്നു.

3. **Course on Theology of Family (One and Half Years) -** (affiliated to Chair for Christian Studies and Research, Calicut University)

- Faith, Marriage and Family & Spirituality in the Family (Rev. Dr. Chacko Chiramel) എന്ന വിഷയത്തിന്റെ ക്ലാസ്സ് ജനുവരി 22 ന് നടന്നു.
- 45 ദമ്പതികളാണ് (90 പേർ) ഈ കോഴ്സിൽ പങ്കെടുക്കുന്നത്.

**4. Advanced Certificate Course in Theology (Six Months)**
(affiliated to Chair for Christian Studies and Research, Calicut University)

- സന്യാസിനിമാർക്കുള്ള ഈ വർഷത്തെ Advanced Certificate Course മേരിമാതാ മേജർ സെമിനാരിയിൽ ഡിസംബർ മാസത്തോടെ അവസാനിച്ചു.

**5. Online Certificate Course in Theology (Two Years)**
(affiliated to Chair for Christian Studies and Research, Calicut University)

- വിശ്വാസപ്രമാണം (Rev. Dr. Lijo Chalissery) എന്ന വിഷയത്തിന്റെ ക്ലാസ്സ് ജനുവരി 22 ന് നടന്നു.

**6. Catechumenate Course**

- ഇടവകകളിൽനിന്ന് പുതിയതായി കത്തോലിക്കാ സഭയിൽ ചേർന്നവർക്കുള്ള ഈ കോഴ്സിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുമല്ലോ.

**7. Basic CTC & Advanced CTC**

- നിയമിക്കപ്പെട്ടിട്ടുള്ള ആദ്യത്തെ 3 വർഷത്തിനുള്ളിൽ എല്ലാ വിശ്വാസപരിശീലകരും അടിസ്ഥാനപരിശീലനകോഴ്സിൽ (Basic CTC) പങ്കെടുത്ത് സർട്ടിഫിക്കറ്റ് നേടണം.

**8. Basic Bible Course (BBC)**

- തൃശൂർ അതിരൂപത ബൈബിൾ പ്രേഷിതത്വവും തിയോളജി ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് നടത്തുന്ന ബൈബിൾ ക്ലാസ്സ് 2023 പുതിയ ബാച്ച് ഫ്രെബുവരി 26 ന് ആരംഭിക്കും.
- ഞായറാഴ്കളിൽ 2 PM മുതൽ 5 PM വരെയാണ് ക്ലാസ്സ്
- വിശുദ്ധ ഗ്രന്ഥത്തിൽ പാണ്ഡിത്യമുള്ള വൈദികരും അല്മായരും ആയിരിക്കും ക്ലാസ്സുകൾ എടുക്കുക.
- ക്ലാസ്സുകൾ DBCLC യിൽ വച്ച് നടക്കുന്നു.

**ഫാ. ലിജോ ചാലിശേരി**
ഡീൻ & റെജിസ്ട്രാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# എക്സൽ അക്കാദമി

**IELTS COACHING**

എക്സൽ അക്കാദമി DBCLC കാമ്പസ്സിൽ ഫെബ്രുവരി മാസത്തിൽ IELTS കോച്ചിങ്ങ് ആരംഭിക്കുന്നു. അഡ്മിഷൻ ആരംഭിച്ചു.

**K-TET Course** (Kerala Teachers eligibility test)

എക്സൽ അക്കാദമിയുടെ K-TET കോഴ്സിന്റെ പതിനഞ്ചാമത്തെ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു. ജനുവരി അവസാനം ക്ലാസുകൾ ആരംഭിച്ചു.

**PSC കോഴ്സ്**

എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ PSC റെഗുലർ കോഴ്സ് (തിങ്കൾ മുതൽ വെള്ളി വരെ) ആരംഭിക്കുന്നു.

**Excel Career Guidence Programme**

എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ ഇടവകകളിൽ എക്സൽ കരിയർ ഗൈഡൻസ് പ്രോഗ്രാം നടന്നുകൊണ്ടിരിക്കുന്നു. മോട്ടിവേഷൻ സ്പീക്കർ, കരിയർ ഗുരു, പ്രഗൽഭരായ അധ്യാപകർ ക്ലാസുകൾ നയിക്കുന്നു.

**Excel Excllence Exam**

തൃശ്ശൂർ അതിരൂപതയിലെ ഇടവകകളിലെ വിശ്വാസപരിശീലന ക്ലാസ്സുകളിലെ 7, 8, 9, 10, 11 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ഫെബ്രുവരി 5–ാം തിയതി ഞായറാഴ്ചയും തൃശ്ശൂർ ജില്ലയിലെ സ്കൂളുകളിൽ ഫെബ്രുവരി 3–ാം തിയതി വെള്ളിയാഴ്ചയും Excel Excllence Exam സംഘടിപ്പിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് – 9847276657, 9744941585

**മാണി കെ. പീറ്റർ**
അക്കാദമിക്ക് ഹെഡ്

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

# മേരിമാത
# മേജർ സെമിനാരി

**ദനഹാ തിരുനാൾ**

ക്രിസ്തുമസ് അവധി കഴിഞ്ഞ് എല്ലാവരും തിരിച്ചെത്തിയ ജനുവരി 5–ാം തിയ്യതി വൈകീട്ട് സെമിനാരികുടുംബം ദനഹാ തിരുനാളിനോടനുബന്ധിച്ച് ലോകത്തിന്റെ പ്രകാശമായ മിശിഹായെ അനുസ്മരിച്ച് പിണ്ടിതെളിയിച്ചു. റവ. ഫാ. സജി കണയങ്കൽ CST പ്രാർത്ഥനാ ശുശ്രൂഷ നയിച്ച് സന്ദേശം നൽകി.

**പരിശുദ്ധ ത്രിത്വത്തോടൊപ്പം**

സെമിനാരിയുടെ രജതജൂബിലിയോടനുബന്ധിച്ചുള്ള ജനുവരി മാസത്തെ പ്രത്യേക വിചിന്തന വിഷയം പരിശുദ്ധ ത്രിത്വത്തോടൊപ്പം എന്നതാണ്. സെമിനാരികുടുംബം ത്രിത്വൈക കൂട്ടായ്മയിൽ ഒന്നാകുവാൻ എന്ന നിയോഗം സമർപ്പിച്ച് ഈ ദിവസങ്ങളിൽ പ്രത്യേകം പ്രാർത്ഥിച്ചുക്കൊണ്ടിരിക്കുന്നു.

**ദൈവശാസ്ത്ര കോൺഫറൻസ്**

വിശുദ്ധ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം വാർഷികവും തൃശൂർ മേരിമാതാ മേജർ സെമിനാരിയുടെ രജത ജൂബിലിയും പ്രമാണിച്ച് Listening and Learning: History and Culture in Dialogue with Pope Francis എന്ന വിഷയത്തെ അധികരിച്ച് 2023 ജനുവരി 6, 7, 9 തിയ്യതികളിൽ ത്രിദിന കോൺഫറൻസ് സംഘടിപ്പിച്ചു. തൃശൂർ അതിരൂപതയും മേരിമാതാ മേജർ സെമിനാരിയും തൃശൂർ സെന്റ് തോമസ് കോളേജും പറോക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്രിസ്റ്റ്യൻ ചെയറും സംയുക്തമായാണ് കോൺഫറൻസ് നടത്തിയത്. ഇരുപതിലധികം വിദഗ്ദ്ധർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

**നവവൈദികർക്ക് സ്വീകരണം**

എന്റെ ഹൃദയത്തിനനുയോജ്യമായ ഇടയന്മാരെ ഞാൻ നിങ്ങൾക്ക് നൽകും (ജറെ. 3:15) എന്ന തിരുവചനം അന്വർത്ഥമാക്കിക്കൊണ്ട് മേരിമാതാ മേജർ സെമിനാരിയിൽ നിന്നും പരിശീലനം പൂർത്തിയാക്കി ഇക്കഴിഞ്ഞ ക്രിസ്തുമസിനുശേഷം കർത്താവിന്റെ ശുശ്രൂഷാ പൗരോഹിത്യം സ്വീകരിച്ച നവവൈദികർക്ക് ജനുവരി 8, 9 തിയ്യതികളിലായി സ്വീകരണം നൽകി. നവവൈദികരുടെ കാർമ്മികത്വത്തിൽ സെമിനാരി കുടുംബം ഒന്നുച്ചേർന്നർപ്പിച്ച ദിവ്യബലി അനുഭവദായകമായിരുന്നു. മേരി

മാതാ സെമിനാരിയിൽ തത്വശാസ്ത്രം പഠിച്ച് മറ്റു സെമിനാരികളിൽ പരിശീലനം പൂർത്തിയാക്കി ഇക്കാലയളവിൽ പൗരോഹിത്യം സ്വീകരിച്ച വൈദികർ ജനുവരി 16–ാം തിയ്യതി സെമിനാരി കുടുംബത്തോടൊപ്പം കൃതജ്ഞതാ ദിവ്യബലി അർപ്പിച്ചു.

**മാസധ്യാനം**

2023 ലെ ആദ്യ മാസധ്യാനം ജനുവരി 13, 14 എന്നീ തിയ്യതികളിലായിരുന്നു. ബഹു. സിജോൺ കുഴിക്കാട്ടുമ്യാലിലച്ചൻ നൽകിയ നിർദ്ദേശങ്ങൾക്കനുസൃതം വൈദികവിദ്യാർത്ഥികളെല്ലാവരും പ്രാർത്ഥനാപൂർവ്വം സ്വയം വിലയിരുത്തി തങ്ങളുടെ ദൈവവിളി ജീവിതത്തെ ക്രമപ്പെടുത്തുവാൻ ഈ ധ്യാനാവസരം പ്രയോജനപ്പെടുത്തി.

**ബേഴ്സ് സ്ഥാപിച്ചവർ**

**Benefactor Membership**

1. ശ്രീ. ആന്റണി പി. വി., പനയ്ക്കൽ ഹൗസ്, പേരാമംഗലം, തൃശൂർ.
2. ശ്രീ. ജോസഫ് അറ്റ്‌ലി, തൈക്കാട്ടിൽ ഹൗസ്, ഏനാമാക്കൽ, തൃശൂർ.
3. ശ്രീമതി റീത്ത ഡേവിസ്, പള്ളിപ്പാടൻ ഹൗസ്, മുല്ലക്കര, മണ്ണുത്തി, തൃശൂർ.

ഏതൊരുവനും സ്വന്തം നന്മ കാംക്ഷിക്കാതെ അയൽക്കാരന്റെ നന്മ കാംക്ഷിക്കട്ടെ (1 കോറി. 10:23). ത്യാഗപൂർവ്വം ഞങ്ങളെ കരുതുന്ന എല്ലാ ഉപകാരികൾക്കും ദൈവാനുഗ്രഹങ്ങൾ നേരുന്നു.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. അന്താരാഷ്ട്ര കോൺഫറൻസ്**

തൃശൂർ മേരിമാതാ മേജർ സെമിനാരിയും, തൃശൂർ അതിരൂപതയും, സെന്റ് തോമസ് കോളേജും സംയുക്തമായി ഒരു അന്താരാഷ്ട്ര കോൺഫറൻസ് 2 ദിവസങ്ങളിലായി നടത്തി. പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ പഠനവിഷയങ്ങളിലുള്ള ചരിത്രപരവും സാംസ്കാരികവുമായ ആശയസംവാദമായിരുന്നു കോൺഫ്രൻസിന്റെ വിഷയം.

**2. സെമിനാർ**

കോളേജ് ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 'സെക്ഷ്വൽ ഹരാസ്മെന്റ് : അവയർനസ് ആന്റ് പ്രിവൻഷൻ' എന്ന വിഷയത്തിൽ തൃശൂർ കാത്തലിക് സിറിയൻ ബാങ്ക് ലൊ ഓഫീസർ അഡ്വ. പുഷ്യ ജോസ് സെമിനാർ നയിച്ചു.

**3. പി.എച്ച്.ഡി ബിരുദം നേടി**

സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിലെ അദ്ധ്യാപകനായ റെസിൻ ആർ. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ (കുസാറ്റ്) നിന്നും പി.എച്ച്.ഡി ബിരുദം നേടി.

**4. അനുസ്മരണ പദയാത്ര**

പരിശുദ്ധപിതാവ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പായുടെ നിര്യാണത്തിൽ അതിരൂപതയിലെ വിശ്വാസികൾ തൃശൂർ സ്വരാജ് റൗണ്ടിൽ അനുസ്മരണ പദയാത്ര നടത്തി. ദു:ഖാനുസ്മരണ സമ്മേളനം കോളേജിൽ നടത്തി.

**5. ഹാന്റിക്രാഫ്റ്റ് പ്രദർശനവും വില്പനയും**

മീഡിയ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഹാന്റിക്രാഫ്റ്റ് ബാഗുകളുടേയും, ആഭരണങ്ങളുടേയും പ്രദർശനവും വില്പനയും കോളേജിൽ സംഘടിപ്പിച്ചു.

**6. പ്ലെയ്സ്മെന്റ് സെൽ**

പ്ലെയ്സ്മെന്റ് സെല്ലിന്റെ സഹായത്തോടെ കഴിഞ്ഞ മാസം 46 വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു. ഫെഡറൽ ബാങ്ക് - 3, ഇ വൈ-1, ജൂബിലി മെഡിക്കൽ കോളേജ്-1, ആൾസെക് ടെക്നോളജി-1, ഗോവൻ ഇൻസ്റ്റിറ്റ്യൂട്ട്-40. ഇതോടു കൂടി ഈ വർഷം 475 വിദ്യാർത്ഥികൾക്ക് പ്ലെയ്സ്മെന്റ് ലഭിച്ചു. പ്ലെയ്സ്മെന്റ് കോർഡിനേറ്റർ സുനിൽ സണ്ണി സാറിനും മറ്റ് പ്ലെയ്സ്മെന്റ് അംഗങ്ങൾക്കും വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ.

റസൊണെൻസ്: പ്ലെയ്സ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ പ്ലെയ്സ്മെന്റ് ലഭിച്ച വിദ്യാർത്ഥികളുടെ യോഗം 'റസൊണെൻസ് 22' എന്ന പേരിൽ സംഘടിപ്പിച്ചു. മാനേജർ മാർ ടോണി നീലങ്കാവിൽ ഉത്ഘാടനം ചെയ്തു.

**7. കോളേജ് യൂണിയൻ ഉത്ഘാടനം**

കോളേജ് യൂണിയൻ 2022-23 വർഷത്തെ ഭാരവാഹികളായി വിദ്യാർത്ഥികൾ സത്യപ്രതിജ്ഞ ചെയ്തു. പ്രശസ്ത സിനി ആർട്ടിസ്റ്റ് സെന്തിൽ രാജാമണി കോളേജ് യൂണിയൻ ഉദ്ഘാടനം ചെയ്തു. ചെയർമാൻ എൽവിൻ പയസ്, വൈസ് ചെയർപേഴ്സൻ - നികില സുനിൽ,

ജനറൽ സെക്രട്ടറി – ആൻലിൻ വിൽസൺ, ജോയിന്റ് സെക്രട്ടറി – ആൽഫിയ എൻ, ഫൈനാർട്ട്സ് സെക്രട്ടറി – ഗോകുൽ കെ.പി, ജനറൽ ക്യാപ്റ്റൻ – വിഷ്ണുദാസ് കെ, യു.യു.സി – കാവ്യ ദേവദാസ് & ആവിഷ്. യു, എഡിറ്റർ – സുവിത കെ.എസ് എന്നിവരാണ് ഭാരവാഹികൾ.

**8. ധാരണപത്രം ഒപ്പു വെച്ചു**

ഫിസിക്സ് ഡിപ്പാർട്ട്മെന്റും കല്ലടിക്കോട് എം.ഇ.എസ് കോളേജുമായി ധാരണാപത്രം ഒപ്പു വെച്ചു.

**9. ലോകകപ്പ് ഫുട്ബോൾ ഫൈനൽ പ്രവചന മത്സരം നടത്തി**

അനദ്ധ്യാപക കൂട്ടായ്മയായ തേജസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ ലോകകപ്പ് ഫുഡ്ബോൾ വിജയി പ്രവചന മത്സരം നടത്തി.

**10. കോളേജ് കലോത്സവം നടത്തി**

മിഴിവ് 2022 എന്ന പേരിൽ കേളേജ് ഫൈനാർട്ട്സ് ഫെസ്റ്റിവൽ നടത്തി. ഏറ്റവും കൂടുതൽ പോയിന്റ് നേടി കോമേഴ്സ് ഡിപ്പാർട്ട്മെന്റ് ഒന്നാം സ്ഥാനവും, ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് രണ്ടാം സ്ഥാനവും നേടി. മൂന്നു ദിവസം ഓൺ സ്റ്റേജും, മൂന്നു ദിവസം വൈകിട്ട് ഓഫ് സ്റ്റേജ് മത്സരങ്ങളും നടത്തി.

**11. യുഗസംഗമം**

ഇവിടെ പഠിച്ചു പോയ മൂന്നു തലമുറകളിൽപ്പെട്ട പൂർവ്വ വിദ്യാർത്ഥികളുടെ സംഗമം 'യുഗ സംഗമം' ശ്രീ.ടി.എസ്. അനന്തരാമൻ ഉദ്ഘാടനം ചെയ്തു.

**12. മാത്സ് ക്വിസ്സ്**

മാത്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ പ്രൊഫ. എം. ഡി. പോൾ മെമ്മോറിയൽ ഇന്റർ കോളേജിൽ മാത്സ് ക്വിസ്സ് മത്സരം നടത്തി.

**13. ദേശീയ ഊർജ്ജ സംരക്ഷണ ദിനം**

കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡും, സെന്റ് തോമസ് കോളേജും സംയുക്തമായി ദേശീയ ഊർജ്ജ സംരക്ഷണ ദിനം ആചരിച്ചു. സെമിനാറും ഉപഭോക്തക്കൾക്കുള്ള അവാർഡുകളും വിതരണം ചെയ്തു.

**14. കേക്ക് ഫെസ്റ്റ്**

ഇ.ഡി ക്ലബിന്റെ ആഭിമുഖ്യത്തിൽ കേക്ക് ഫെസ്റ്റ് നടത്തി.

**15. മാതൃഭൂമി അക്ഷരോത്സവം നടത്തി**

മാതൃഭൂമി പത്രത്തിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് നടത്തപ്പെട്ട പ്രഭാഷണ പരമ്പരയിൽ 'വായനയുടെ പ്രസക്തി ഇന്ന്' എന്ന

വിഷയത്തിൽ ബഹുമാനപ്പട്ട തൃശൂർ ജില്ലാ കളക്ടർ ശ്രീമതി. ഹരിത വി. കുമാർ ഐ.എ.എസ് സെന്റ് തോമസിൽ സെമിനാർ നയിച്ചു.

**16. കായികം**

1. ഇന്റർ യൂണിവേഴ്സിറ്റി ഫുട്ബോൾ മത്സരത്തിൽ വിജയിച്ച കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീമിൽ പങ്കെടുത്ത ജിസ്സൻ ജോളി, ഹാഫിസ് പി.എ, ഷാമനാദ് കെ.പി എന്നിവർക്ക് അഭിനന്ദനങ്ങൾ.
2. കരാട്ടെ ചാമ്പ്യൻഷിപ്പ് ഇന്റർ യണിവേഴ്സിറ്റി ഫസ്റ്റ് ശബരിനാഥ് ഇ.ബി. കരസ്ഥമാക്കി.

കാലിക്കറ്റ് യൂണിവേഴ്സിറ്റി മത്സര വിജയികൾ

| | |
|---|---|
| 1000 & 5000 മീ ഓട്ടം | – ഒന്നാം സ്ഥാനം – ശ്രീരാഗ് എ.എസ്. |
| | മൂന്നാം സ്ഥാനം – അസ്വാൻ ജെ. |
| 100 മീറ്റർ ഓട്ടം | – രണ്ടാം സ്ഥാനം – മുഹമ്മദ് മൊയ്ദീൻ. |
| മാരത്തോൺ | – ഒന്നാം സ്ഥാനം – അജിത്. കെ. |
| 400 മീറ്റർ ഓട്ടം | – ഒന്നാം സ്ഥാനം – റാഷിബ് ജലീൽ. |
| 4x100 റിലെ | – രണ്ടാം സ്ഥാനം – ലൈജു ആന്റ് ടീം. |
| നടത്തം | – രണ്ടാം സ്ഥാനം – പ്രവീൺ കെ.ബി. |
| ഹൈജമ്പ് | – ഒന്നാം സ്ഥാനം – സലീഹ കെ.എച്ച്. |
| 800 മീറ്റർ ഓട്ടം | – രണ്ടാം സ്ഥാനം – അഷിൻ ടി.എ. |
| ഭാരധ്വഹനം | – ഒന്നാം സ്ഥാനം – റഫീക് സി. |
| ടെന്നീസ് | – മൂന്നാം സ്ഥാനം. |

**17. ഹെൽത്ത് ഫിറ്റ്നെസ് സെന്റർ ഉത്ഘാടനം**

കോളേജിന്റെ ടി.എസ്.സി ഹെൽത്ത് ഫിറ്റ്നസ് സെന്റർ ഉദ്ഘാടനം ചെയ്തു.

**18. ലോക കപ്പ് ഫുട്ബോൾ നെഞ്ചിലേറ്റി സെന്റ് തോമസ്**

ലോക കപ്പ് ഫുട്ബോൾ മത്സരത്തെ അനുസ്മരിച്ചു കൊണ്ട് ഫൈനലിനു മുമ്പുള്ള ഫൈനൽ എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപക-അനദ്ധ്യാപകർ തമ്മിൽ സൗഹൃദ മത്സരം സംഘടിപ്പിച്ചു.

**19. അനുസ്മരണ യോഗം നടത്തി**

ഫിസിക്സ് ഡിപ്പാർട്ട്മെന്റിലെ റിട്ടയേർഡ് അദ്ധ്യാപകൻ പ്രൊഫ. വിൻസെന്റ് പി.ഐ യുടെ നിര്യാണത്തിൽ അനുസ്മരണ യോഗം നടത്തി.

| | |
|---|---|
| **ഫാ. ബിജു പാണേങ്ങാടൻ** | **ഡോ. ആന്റോ പി. വി.** |
| എക്സിക്യൂട്ടീവ് മനേജർ | പി.ആർ.ഒ. |

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

### മുള്ളൂർക്കര

**സെമിനാർ സംഘടിപ്പിച്ചു**

ഡിസംബർ 19 തിങ്കളാഴ്ച ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആധുനിക ലോകത്തിൽ എന്ന വിഷയത്തെ അടിസ്ഥാനമാക്കി സെമിനാർ സംഘടിപ്പിച്ചു. ഫിസിക്കൽ സയൻസ് അസിസ്റ്റന്റ് പ്രൊഫസർ മിസ്സ്. സുജിന എം.എസ് വിഷയത്തെ ആസ്പദമാക്കി പ്രബന്ധം അവതരിപ്പിച്ചു.

**നെറ്റ്, സെറ്റ്, ടെറ്റ് കോച്ചിംഗ് ക്ലാസ്**

ഡിസംബർ 20 ചൊവ്വാഴ്ച നെറ്റ്, സെറ്റ്, ടെറ്റ് എന്നീ മത്സരപരീക്ഷകൾക്ക് ഒരുക്കമായുള്ള കോച്ചിംഗ് ക്ലാസ് കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ ഉദ്ഘാടനം ചെയ്തു. ഐക്യുഎസി കോഡിനേറ്റർ മിസ്സ്. ശ്രീവിദ്യ രാധാകൃഷ്ണൻ ആമുഖ ക്ലാസുകൾക്ക് നേതൃത്വം നൽകി.

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി. മാനേജർ

**ഫാ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

# ത്യാഗരാജാർ പോളിടെക്നിക് കോളേജ്,

### അളഗപ്പനഗർ

**1.** Antinarcotic Cell ന്റെ ആഭിമുഖ്യത്തിൽ മെക്കാനിക്കൽ വിഭാഗം മേധാവി, ശ്രീ. ജസ്റ്റിൻ പാച്ചൻ അവറുകളുടെ അദ്ധ്യക്ഷതയിൽ വിദ്യാർത്ഥികൾക്കായി നടത്തിയ ബോധവൽക്കരണ സെമിനാറിന്റെ ഉദ്ഘാടനം പുതുക്കാട് പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ ശ്രീ. സുനിൽ ദാസ് നിർവ്വഹിക്കുകയും വിദ്യാർത്ഥികൾക്കായി ക്ലാസ്സ് എടുക്കുകയും ചെയ്തു. കേരള സർക്കാർ ലഹരി വിമുക്ത ക്യാമ്പെയിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ നടത്തിയ പോസ്റ്റർ മത്സരത്തിൽ ഒന്നാം സമ്മാനത്തിന് അർഹനായ ശ്രീ. ആകാശ് ടി ബിയെ പ്രസ്തുത യോഗത്തിൽ മെമെൻറോ നൽകി ആദരിച്ചു.

**2.** Lady Welfare cellന്റെ നേതൃത്വത്തിൽ ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി ഒരു Hygienic Awareness Class നടത്തുകയുണ്ടായി. Wellness Trainer Mr. Vibinan K U ക്ലാസ്സ് എടുക്കുകയും, വിദ്യാർത്ഥിനികൾക്കായി Menstrual Hygiene Awareness ക്ലാസ്സിന് Wellness Trainer Mrs. RekhaVipinan ക്ലാസ്സ് നയിച്ചു. Lady welfare Adviser ശ്രീമതി. ജീജ ആൻറണി നേതൃത്വം നൽകി.

**3.** ഈ അധ്യയന വർഷത്തിലെ പി.ടി.എ. ജനറൽ ബോഡി മീറ്റിങ്ങ്, ശ്രീ. ഷിന്റോ മാത്യൂ, പി.ടി.എ. പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ നടത്തുകയുണ്ടായി. ഫാ. ജിയോ തെക്കിനിയത്ത് മുഖ്യപ്രഭാഷണവും, സെക്രട്ടറി ശ്രീ. ജെൽസൻ കെ ജെ റിപ്പോർട്ട് അവതരണവും, ട്രഷറർ ശ്രീ ബിനോജ് ജോസ് വരവ് ചെലവ് കണക്ക് അവതരണവും നടത്തി. കഴിഞ്ഞ അധ്യയനവർഷത്തിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ വിദ്യാർത്ഥികൾക്ക് സമ്മാനദാനം നടത്തി. പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. അധ്യാപകരും, രക്ഷിതാക്കളും യോഗത്തിൽ പങ്കെടുത്തു.

**4.** കോളേജിലെ Placement Cell ന്റെ സഹായത്തോടെ കഴിഞ്ഞമാസം 2 വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു.

മേഘ കെ ഒ (സിവിൽ) Frames Globel
അനു ബാബു (സിവിൽ) SAMANTO Associates

**5.** ത്യാഗരാജാർ പോളിടെക്നിക് കോളേജിന്റെ 66–ാമത് അതലറ്റിക് മീറ്റ് (2022–23) പോളിടെക്നിക് കോളേജ് ഗ്രൗണ്ടിൽ ഡിസംബർ 22ന് കാലത്ത് 9.00 മണിക്ക് പ്രിൻസിപ്പാൾ ശ്രീ. ടോണി പോൾ ഫ്ളാഗ് ഓഫ് ചെയ്ത് ഉദ്ഘാടനം ചെയ്തു. 250ഓളം വിദ്യാർത്ഥികളും 50ഓളം സ്റ്റാഫ് അംഗങ്ങളും മൽസരങ്ങളിൽ പങ്കെടുത്തു. സമ്മാനദാനം ഇലക്ട്രിക്കൽ HOD –incharge ശ്രീ. സെബി എൻ പി നിർവ്വഹിച്ചു.

**6.** കോളേജിലെ എൻ.എസ്.എസ് വളണ്ടിയർമാർക്കായി 7 ദിവസത്തെ ക്യാമ്പ് 25.12.2022ന് പുതുക്കാട് St. Xaviers Convent U P School ൽ വെച്ച് പുതുക്കാട് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ എം ബാബുരാജ് Flag Hoisting നടത്തി ഉദ്ഘാടനം ചെയ്തു.

**ലിൻറോഷ് ജോൺ ടി**
പി.ആർ.ഒ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ...ആചരിക്കാൻ...**

| | | |
|---|---|---|
| 3 (വെള്ളി) | – | ആദ്യവെള്ളി, വി. കുർബാന |
| 4 (ശനി) | – | ലോക കാൻസർ ദിനം |
| 11 (ശനി) | – | ലൂർദ്ദ് മാതാവ് (രോഗീദിനം) |
| 13 (തിങ്കൾ) | – | റേഡിയോ ദിനം |
| 21 (ചൊവ്വ) | – | മാതൃ ാഷ ദിനം |
| 25 (ശനി) | – | വാഴ്ത്തപ്പെട്ട സി. റാണി മരിയ |
| 28 (വെള്ളി) | – | ശാസ്ത്രദിനം |

**2. വാർഷിക പരീക്ഷകൾ**

വാർഷിക പരീക്ഷകൾ ആരംഭിക്കാറായി. വിദ്യാർത്ഥിനി വിദ്യാർത്ഥികളെ പരീക്ഷകൾക്ക് നന്നായി ഒരുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. S.S.L.C., Plus Two വിദ്യാർത്ഥികൾക്ക് സ്പെഷൽ ക്ലാസ്സുകൾ വേണമെങ്കിൽ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ നൽകുന്ന നിർദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുമല്ലോ. പഠനത്തിൽ പിന്നിൽ നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി, എല്ലാ സ്കൂളുകളും 100% വിജയം നേടാൻ പ്രത്യേകം ശ്രദ്ധിക്കുക. ഫുൾ A+ കിട്ടുവാൻ സാധ്യതയുള്ളവർക്കും പ്രത്യേകം പരിശീലനം നൽകുമല്ലോ.

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**ക്വാ വാദിസ്**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ വിവാഹത്തിന്റെ അകന്ന ഒരുക്കത്തിന്റെ ഭാഗമായി ഇടവകയിലെ പ്ലസ് വൺ വിദ്യാർത്ഥികൾക്ക് വേണ്ടിയും അവരുടെ മാതാപിതാക്കൾക്കുവേണ്ടിയും ഫാമിലി അപ്പൊസ്റ്റൊലേറ്റ് ക്വാ വാദിസ് എന്ന ഒരു മാർഗദർശന പ്രോഗ്രാം തയ്യാറാക്കിയിട്ടുണ്ട്. ലൈംഗിക വിദ്യാഭ്യാസം, മനശാസ്ത്ര വിഷയങ്ങൾ, പ്രണയം, വിവിധ അഡിക്ഷൻസ്, ദൈവവിളികൾ എന്നീ വിഷയങ്ങളാണ് ഈ കോഴ്സിന്റെ ഉള്ളടക്കം. ഈ വിഷയങ്ങളിൽ വിദഗ്ദരായവരാണ് ക്ലാസ്സുകൾ നയിക്കുന്നത്. ഏകദേശം 3 മണിക്കൂർ ദൈർഘ്യ

മുള്ളതാണ് ഈ കോഴ്സ്. ചെറിയ ഇടവകകൾ ആണെങ്കിൽ +1, +2, ACC യുവജനങ്ങൾ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ടും ഈ പരിപാടി അച്ചന്റെ ഇടവകയിൽ സംഘടിപ്പിക്കാം. ഇടവകയിൽ ഇത് സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നവർ വിളിക്കുക – 8086677252, 9605043327. കഴിഞ്ഞ മാസം കാവീട്, ബസിലിക്ക എന്നീ ഇടവകകളിൽ നടത്തുകയുണ്ടായി. ഏറെ മനോഹരമാക്കാൻ സഹായിച്ച എല്ലാവർക്കും നന്ദി.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
**ഫാ. ജിന്റോ ചൂണ്ടൽ**
**ഫാ. ക്രിസ്റ്റീൻ ചിറമ്മൽ**
അസി. ഡയറക്ടർമാർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# കുടുംബക്കൂട്ടായ്മ

**ഫൊറോന ആനിമേറ്റേഴ്സ് യോഗം**

16 ഫൊറോനകളിലെ കുടുംബകൂട്ടായ്മ ആനിമേറ്റേഴ്സ് അച്ചന്മാരുടെയും ഫൊറോന കൺവീനർമാരുടെയും സംയുക്ത യോഗം ജനുവരി 17–ാം തിയ്യതി ചൊവ്വാഴ്ച്ച കാലത്ത് ഫാമിലി അപ്പസ്റ്റോലേറ്റിൽ വച്ച് നടന്നു. ഈ യോഗത്തിൽ 2023 വർഷത്തെ വാർഷിക പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുകയും പ്രവർത്തനഫണ്ട് കൂപ്പൺ തയ്യാറാക്കുന്നതിനെക്കുറിച്ച് തീരുമാനമെടുക്കുകയും ചെയ്തു. ഫൊറോനകളിൽ നടക്കുന്ന കൺവെൻഷനുകളെക്കുറിച്ചുള്ള ചർച്ചകളും യോഗത്തിൽ നടക്കുകയുണ്ടായി. തുടർന്നുള്ള ചർച്ചകൾക്കും സ്നേഹവിരുന്നിനും ശേഷം പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

**അതിരൂപത കുടുംബകൂട്ടായ്മ ജൂബിലി ഭവന വെഞ്ചിരിപ്പ്**

തൃശ്ശൂർ അതിരൂപതയിൽ കുടുംബകൂട്ടായ്മ ആരംഭിച്ചതിന്റെ ഗോൾഡൻ ജൂബിലിയോടനുബന്ധിച്ച് നിർമ്മിച്ച് കൊടുത്ത അഞ്ചാമത്തെ വീടായ ചിറളയം (കുന്ദംകുളം) ഇടവകയിലെ ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം ജനുവരി 18–ാം തിയ്യതി അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വെഞ്ചിരിപ്പ് കർമ്മം നടത്തി. ഭവന നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകി സഹകരിച്ച ഇടവക കുടുംബകൂട്ടായ്മ ഭാരവാഹികൾക്ക് ഒത്തിരി നന്ദി. ജൂബിലിയോടനുബന്ധിച്ച് അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതി നൽകിയ അഞ്ച് ഭവനങ്ങൾക്ക് പുറമെ എരുമപ്പെട്ടി ഫൊറോന കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ നൽകിയ വീടിന്റെ വെഞ്ചിരിപ്പ് കർമ്മം ഡിസംബർ 27–ാം തിയ്യതി എരുമപ്പെട്ടി ഇടവകയിൽ വച്ച് നടന്നു. ഈ ഭവനം എരുമപ്പെട്ടി ഇടവകയിലെ ഭവനമില്ലാത്ത കുടുംബകൂട്ടായ്മ ഭാരവാഹിക്കാണ് നിർമ്മിച്ച് നൽകിയത്.

അങ്ങനെ 6 ജൂബിലി ഭവനങ്ങൾ പണിതു കൊടുക്കുവാൻ സാധിച്ചു. സഹകരിച്ച എല്ലാവർക്കും നന്ദി.

**അതിരൂപത കുടുംബകൂട്ടായ്മ ജനറൽബോഡി**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ ജനറൽബോഡി യോഗം ഫെബ്രുവരി 11–ാം തിയ്യതി ശനിയാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വെച്ച് 3.00 മണിക്ക് കൂടുന്നു. പ്രസ്തുത യോഗത്തിൽ 16 ഫൊറോനയിലെ കേന്ദ്രസമിതി എക്സിക്യൂട്ടീവ് അംഗങ്ങളും (തിരഞ്ഞെടുക്കപ്പെട്ട 7 പ്രതിനിധികളും നാമനിർദ്ദേശം ചെയ്ത 2 പ്രതിനിധികളും), അതിരൂപത ജനറൽബോഡിയിലേക്ക് അഭിവന്ദ്യ പിതാവ് നാമനിർദ്ദേശം ചെയ്ത 15 അംഗങ്ങളും പങ്കെടുക്കേണ്ടതാണ്. ഈ യോഗത്തിൽ വച്ച് 2023 വർഷത്തെ അതിരൂപത, ഫൊറോന, ഇടവക, കുടുംബ തലത്തിലെ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖയായ വാർഷിപദ്ധതിയുടെ പ്രകാശന കർമ്മവും അതിരൂപത – ഫൊറോന ഭാരവാഹികളുടെയും, ഇടവക കൺവീനർ, യൂണിറ്റ് പ്രസിഡണ്ട് എന്നിവരുടെയും പേരും ഫോൺ നമ്പറും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഡയറക്ടറിയുടെ പ്രകാശന കർമ്മവും, പ്രവർത്തനഫണ്ട് കൂപ്പണിന്റെ വിതരണ ഉദ്ഘാടനവും നടക്കുന്നതാണ്.

**ഫൊറോന കൺവെൻഷനുകൾ**

16 ഫൊറോനകളിലെ കുടുംബകൂട്ടായ്മ കൺവെൻഷനുകൾ ഫെബ്രുവരി 26 – മാർച്ച് 5, 12, 19 എന്നീ ദിവസങ്ങളിലായി ഫൊറോന കുടുംബകൂട്ടായ്മ നിശ്ചയിക്കുന്ന സ്ഥലങ്ങളിൽ വച്ച് നടക്കുന്നു. പ്രസ്തുത കൺവെൻഷനിൽ അതാത് ഫൊറോനകളിലെ ഇടവകകളിലെ എല്ലാ കുടുംബകൂട്ടായ്മ ഭാരവാഹികൾ പങ്കെടുക്കുമല്ലോ.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

**ജോർജ്ജ് അലക്സ്**
ജനറൽ സെക്രട്ടറി

## മാതൃവേദി

**പ്രാർത്ഥനാദിനം**

മാതൃവേദി അംഗങ്ങൾക്കായുള്ള അതിരൂപത തല പ്രാർത്ഥനാദിനമാണ് ഫെബ്രുവരി 25–ാം തിയ്യതി ശനിയാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നത്. 9.30 ന് ജപമാലയോടുകൂടി പ്രാർത്ഥനാദിനം

ആരംഭിക്കും. തുടർന്ന് ആരാധനയും വി.കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്. ഈ പ്രാർത്ഥനാദിനത്തിലേക്ക് മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**മയക്കുമരുന്ന് ബോധവൽക്കരണ ക്ലാസ്സ്**

മാതൃവേദി അംഗങ്ങൾക്ക് വേണ്ടി മയക്കുമരുന്ന് ബോധവൽക്കരണ ക്ലാസ്സ് ഫെബ്രുവരി 25 ശനി രാവിലെ 10.30 മുതൽ 11.30 വരെ സംഘടിപ്പിച്ചിരിക്കുന്നു. ഏവരേയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ഈ പ്രാവശ്യം ഫെബ്രുവരി 25 ശനി (9.30 am – 1.00 pm) നടത്തേണ്ടത് എരുമപ്പെട്ടി ഫൊറോനയിലെ ഇടവകകളാണ്. ഇനി ഏതെങ്കിലും ഫൊറോനകൾക്കോ ഇടവകയ്ക്കോ വ്യക്തികൾക്കോ കൊണ്ടുവരാൻ താൽപര്യമുണ്ടെങ്കിൽ ഫെബ്രുവരി 15–ാം തിയ്യതി ശനിയാഴ്ച്ച കൊണ്ടുവരാവുന്നതാണ്.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി ജീന ജോസഫ്**
സെക്രട്ടറി

**ശ്രീമതി എൽസി വിൻസെന്റ്**
പ്രസിഡണ്ട്

## ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്



**തിരുമണിക്കൂർ ആരാധന, വി.കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും ഫെബ്രുവരി 6 തിങ്കൾ വൈകീട്ട് 6.00 മുതൽ 7.30 വരെ നടത്തുന്ന തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഏലീശ്വാ സഹഗമനവും കുടുംബ സംഗമവും**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് സമിതിയുടെയും ഹോളിഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ നല്ല കുഞ്ഞുങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ഗർഭിണികൾക്കുവേണ്ടി ഏലീശ്വാ സഹഗമനവും ഈ ശുശ്രൂഷയിലൂടെ കടന്നുപോയി ജന്മം കൊടുത്ത കുഞ്ഞുങ്ങളുടേയും മാതാപിതാക്കളുടേയും സംഗമവും ഫെബ്രുവരി 19 ഞായർ 10 മണി മുതൽ 1 മണി വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നു. എല്ലാ ഗർഭിണികളേയും ഈ ശുശ്രൂഷയിലൂടെ കടന്നുപോയി കുഞ്ഞുങ്ങൾക്ക് ജന്മം നൽകിയ മാതാപിതാക്കളുടേയും കുഞ്ഞുങ്ങളുടേയും സംഗമവും അന്ന് ഉണ്ടായിരിക്കുന്നതാണ്. ഏറെ സ്നേഹത്തോടെ ഗർഭിണികളേയും കുടുംബങ്ങളേയും ക്ഷണിക്കുന്നു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. രാജൻ ആന്റണി**
പ്രസിഡന്റ്

**സി. ഷെറിൻ CHF**
കോർഡിനേറ്റർ

Santhwanam
ARCHDIOCESE OF TRICHUR

**സാന്ത്വനം സർജിക്കൽസ് (രോഗി പരിചരണ ഉപകരണ ബാങ്ക്)**

ഡിസംബർ മാസത്തിൽ മഡോണ, പാലക്കൽ, ലൂർദ്ദ്, മരത്താക്കര എന്നീ ഇടവകകളിലെ രോഗികൾക്ക് സർജിക്കൽ ഉപകരണങ്ങൾ നൽകി. കട്ടിൽ, എയർബെഡ്, ബെഡ്, ഓക്സിജൻ കോൺസൻട്രേറ്റർവീൽചെയർ എന്നീ സർജിക്കൽ ഉപകരണങ്ങളാണ് വിവിധ ഇടവകകളിലേക്കായി നൽകിയത്.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ പ്രോജക്ടിന്റെ ഭാഗമായി ക്ലസ്റ്റർ മീറ്റിംഗുകൾ 2022 ഡിസംബർ 19,20 തിയതികളിൽ മണ്ണുത്തി, പുതുക്കാട്, മുല്ലശ്ശേരി എന്നിവിടങ്ങളിൽ നടന്നു.

2022 ഡിസംബർ മാസത്തോടുകൂടി SAFP യിൽ 14 അംഗങ്ങൾ 6 വർഷം പൂർത്തിയാക്കി. അവരുടെ വീടുകൾ സന്ദർശിച്ച് പ്രോഗ്രസ് റിപ്പോർട്ട് തയ്യാറാക്കി, SAFP INDIA ഓഫീസിലേക്ക് അയച്ചു.

**സെമിനാർ സംഘടിപ്പിച്ചു.**

സാന്ത്വനത്തിന്റെ പ്രർത്തനങ്ങളെ കൂടുതൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ ഫൊറോനകളിൽ ഷീറോ, കുറുന്തോട്ടി കൃഷി

തുടങ്ങിയ പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ ലക്ഷ്യമിടുന്നു. അതിന്റെ മുന്നോടിയായി ലൂർദ്ദ്, പുത്തൂർ, പുതുക്കാട്, പാലയൂർ, പഴുവിൽ തുടങ്ങിയ ഫൊറോനകളിൽ സെമിനാറുകൾ നടത്തി.

**10 ഭവനങ്ങളുടെ ശിലാസ്ഥാപനകർമ്മം നടത്തി**

മാർതോമാശ്ലീഹായുടെ 1950–ാം രക്തസാക്ഷിത്വ വാർഷികത്തോടനുബന്ധിച്ച് സാന്ത്വനത്തിന്റെ നേതൃത്വത്തിൽ വൈലത്തൂരിൽ ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ അസീസി പ്രോവിൻസ് തൃശൂരിന്റെ സഹായത്തോടെയും അനേകം വ്യക്തികളുടെ സഹായത്തോടെയും ആരംഭിക്കുന്ന സാന്തോം വില്ലേജിലെ 10 ഭവനങ്ങളുടെ ശിലാസ്ഥാപനകർമ്മം അഭിവന്ദ്യ മാർ ടോണി പിതാവ് നിർവ്വഹിച്ചു. ഗുരുവായൂർ എം.എൽ.എ. ശ്രീ എൻ. കെ. അക്ബർ, സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ, വടക്കേക്കാട് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഫസലു അലി, വൈലത്തൂർ ഇടവക വികാരി ഫാ. ജോവി കുണ്ടുകുളങ്ങര, സാന്ത്വനം അസോ. ഡയറക്ടർ ഡോ. ഫാ.ജോസ് വട്ടക്കുഴി, തൃശൂർ അസീസി പ്രോവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ ലിറ്റിൽ മേരി FCC, സിസ്റ്റർ ലിൻസി ജോസ് FCC, പ്രോജക്ട് കോർഡിനേറ്റർ സിസ്റ്റർ ജിസ്മരിയ എന്നിവർ സന്നിഹിതരായിരുന്നു.

**സാന്ത്വനതീരത്ത് തിരുനാൾ ആഘോഷിച്ചു.**

മത്സ്യതൊഴിലാളികൾക്കുവേണ്ടിയുള്ള പ്രാർത്ഥനാലയമായ ചാവക്കാട് സാന്ത്വനതീരത്ത് പരിശുദ്ധ ആരോഗ്യ മാതാവിന്റെയും വി. സെബസ്ത്യാനോസിന്റെയും തിരുനാൾ 2023 ജനുവരി 7, 8 തിയതികളിൽ ആഘോഷിച്ചു. ജനുവരി 7 ന് തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് കോനിക്കര കൊടിയേറ്റം നിർവഹിച്ചു. ജനുവരി 8 ന് റവ.ഫാ. പ്രിൻസ് പൂവത്തിങ്കൽ അച്ചന്റെ നേതൃത്വത്തിൽ ആഘോഷമായ ദിവ്യബലിയും തുടർന്ന് ഭക്തിനിർഭരമായ പ്രദക്ഷിണവും ഉണ്ടായിരുന്നു. സാന്ത്വനം മുൻ ഡയറക്ടറായ ബഹുമാനപ്പെട്ട പ്രിൻസ് പൂവ്വത്തിങ്കലച്ചന് പൗരോഹിത്യ രജത ജൂബിലി ആശംസകൾ നേർന്നു. ഫാ. ജോയ് മൂക്കൻ, അസോ. ഡയറക്ടർ ഡോ.ഫാ. ജോസ് വട്ടക്കുഴി, പാലയൂർ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രം ആർച്ച് പ്രീസ്റ്റ് റവ.ഡോ. ഡേവീസ് കണ്ണമ്പുഴ, സഹവികാരി ഫാ. മിഥുൻ വടക്കേത്തല, സി. ഹെലേന FCC, സി.ഫെമി FCC, ശ്രീ. മാത്യൂസ് ഒലക്കേങ്കിൽ, ശ്രീ. ടോണി ചക്രമാക്കൽ എന്നിവർ നേതൃത്വം നൽകി.

**ക്ലാസ് നടത്തി**

അളഗപ്പനഗർ പഞ്ചായത്ത് ഹയർ സെക്കൻഡറി സ്കൂളിലെ

നാഷണൽ സർവീസ് സ്കീം യൂണിറ്റ് സപ്തദിന ക്യാമ്പിൽ ആത്മഹത്യ പ്രതിരോധം എന്ന വിഷയത്തെ ആസ്പദമാക്കി 2022 ഡിസംബർ 31–ന് ക്ലാസ് നടത്തി.

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ.സിജു പുളിക്കൻ**
അസി.ഡയറക്ടർ

# ചിൽഡ്രൻസ് മിനിസ്ട്രി

## Santom Quiz 2k22 Winners

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ അതിരൂപതതല സാന്തോം ക്വിസ്സ് ഡി.ബി.സി.എൽ സി.യിൽ വെച്ച് ജനുവരി 2 ന് നടത്തി. 16 ഫൊറോനകളിൽ നിന്നുള്ള വിവിധ യൂണിറ്റുകൾ മത്സരത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ ക്വിസ്സ് മത്സം ഉദ്ഘാടനം ചെയ്യുകയും മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയും ചെയ്തു. ക്വിസ്സ് മാസ്റ്റേഴ്സായ റവ. ഫാ. ഡൈജോ പൊറുത്തൂരും, റവ. സി. ആൻ കരോളിൽ സി.എച്ച്.എഫ് ഉം ക്വിസ്സ് മത്സരത്തിന് നേതൃത്വം നൽകി.

**സമ്മാനർഹരായ ടീമുകൾ**

FIRST - **Lourdes Cathedral Forane, Thrissur**
Joseph L Akkara
Loui Bright K
Agnes Mary Benny

SECOND - St. Joseph's Church, Kuriachira
San Rose C S
Isabella Tony
Anju Augustine

THIRD - St. Antony's Church, Guruvayoor
Sandra K G
Della Rose M S
Aleena John E

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** "കർത്താവേ, അവിടുത്തെ വാഗ്ദാനമനുസരിച്ച് അങ്ങേ ദാസനെ സമാധാനത്തിൽ വിട്ടയ്ക്കണമേ എന്തെന്നാൽ സകല ജനതകൾക്കും വേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണുകൾ കണ്ടു കഴിഞ്ഞു." (ലൂക്കാ 2: 29–31)

**സുകൃതജപം:** ഈശോയെ അങ്ങയുടെ ഹിതമറിയുവാനുള്ള വരം തരണമേ!

**പ്രാർത്ഥനാ നിയോഗം:** സമർപ്പിതർ തങ്ങളുടെ ദൗത്യ നിർവ്വഹണത്തിൽ ആത്മധൈര്യം കൈവിടാതെ തുടരുന്നതിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

**പരിചയപ്പെടുന്ന വിശുദ്ധൻ:** സ്വന്തം സഹോദരിയായ വി. സ്കോളാസ്റ്റിക്കയുടെ ആത്മാവ് ഒരു പ്രാവിന്റെ രൂപത്തിൽ സ്വർഗ്ഗീയ സൗഭാഗ്യത്തിൽ പ്രവേശിക്കുന്നത് ദർശിച്ച വിശുദ്ധ ബനഡിക്റ്റാണ് നാം പരിചയപ്പെടുന്ന വിശുദ്ധൻ. ഫെബ്രുവരി 12 ന് തിരുസഭ വിശുദ്ധന്റെ തിരുനാൾ ആഘോഷിക്കുന്നു.

**പ്രവർത്തനം:** മയക്കുമരുന്നിനും മറ്റു ലഹരിക്കും അടിമകളാകുന്നവരെ അതിൽ നിന്ന് പിൻതിരിപ്പിക്കാൻ പരിശ്രമിക്കുക.

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

# മദ്യവിരുദ്ധ സമിതി

**1. കോർ കമ്മിറ്റി മീറ്റിങ്ങ്**

13.12.2022 ൽ അതിരൂപത ഓഫീസിൽ കോർ കമ്മിറ്റി യോഗം ചേർന്നു. അതിരൂപത പ്രസിഡന്റ് സി.പി. ഡേവീസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന് അതിരൂപത ഡയറക്ടർ ബഹു. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ അനുഗ്രഹ പ്രഭാഷണം നടത്തി. മുൻ മാസത്തെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അതിരൂപത സെക്രട്ടറി ടി.എസ്. അബ്രാഹം അവതരിപ്പിച്ചു. ലഹരി വിമുക്ത കുടുംബ സംഗമത്തിന്റെ ക്രമീകരണത്തിന് സി.പി. ഡേവീസിനെയും യുവജന സംഗമം സംഘടിപ്പിക്കുന്നതിന് ഐ.ജെ. സിജോയെയും കൺവീനർമാരായി ചുമതലപ്പെടുത്തി. ഇടവക – ഫൊറോന തലങ്ങളിലേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പുകൾ ക്രമമായി നടന്നുവരുന്നതായി വിലയിരുത്തി. തെരഞ്ഞെടു

പ്പുകൾ നടക്കാത്ത യൂണിറ്റുകളിൽ അവ ഉടൻ പൂർത്തിയാക്കണമെന്ന് തീരുമാനിച്ചു.

**2. ലഹരി വിമുക്ത കുടുംബ സംഗമം**

18.12.2022 ൽ കോടന്നൂർ സെന്റ് ആന്റണീസ് പള്ളി സ്കൂളിൽ ലഹരി വിമുക്ത കുടുംബ സംഗമം സംഘടിപ്പിച്ചു. കോടന്നൂർ ഇടവക വികാരി ബഹു. ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ സ്വാഗതം ആശംസിച്ചു. നെസ്റ്റ് ഡി–അഡിക്ഷൻ സെന്റർ ഡയരക്ടർ ബഹു. ഫാ. ടിജോ ജോയ് മുള്ളക്കരയാണ് ചടങ്ങിന്റെ ഉദ്ഘാടകനായത്. പ്രമുഖ വചനപ്രഘോഷകനായ ശശി ഇമ്മാനുവേൽ മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. വിനോയ് ഫ്രാൻസീസ്, ടി.എൽ. ആന്റണി, സി.ആർ. ലോജു, സി.വി. ജോസഫ് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ലഹരി വിമുക്ത കുടുംബങ്ങളെ പ്രതിനിധീകരിച്ച് ഏ.ടി. പോൾസൺ, ടി.എ. ആന്റണി എന്നിവർ പ്രതിസ്പന്ദനം നടത്തി. അതിരൂപത സെക്രട്ടറി ടി.എസ്. അബ്രാഹത്തിന്റെ കൃതജ്ഞതാർപ്പണത്തോടെ പരിപാടികൾ പര്യവസാനിച്ചു. 121 കുടുംബങ്ങളിൽ നിന്നായി 250 ലേറെ പേർ ചടങ്ങിൽ പങ്കാളികളായി.

**3. ക്രിസ്മസ് ലഹരി വിമുക്തമാക്കുക – ഉപവാസ പ്രാർത്ഥനായജ്ഞം**

ക്രിസ്മസ് ലഹരി വിമുക്തമാക്കുക എന്ന ആഹ്വാനത്തോടെ ക്രിസ്മസിന്റെ തലേ ദിവസവും ക്രിസ്മസ് ദിനത്തിലും ഉപവാസ പ്രാർത്ഥനായജ്ഞം അനുഷ്ഠിച്ചു. 24.12.2022 ൽ ചിറ്റിശ്ശേരി ദൈവാലയാങ്കണത്തിൽ ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ ഉപവാസമിരുന്നു. ഉപവാസ യോഗത്തിന് അതിരൂപത പ്രസിഡന്റ് അദ്ധ്യക്ഷത വഹിക്കുകയുണ്ടായി. ചിറ്റിശ്ശേരി ഇടവക വികാരി ബഹു. ഫാ. വർഗ്ഗീസ് കാഞ്ഞിരത്തിങ്കൽ സ്വാഗതം ആശംസിച്ച യോഗം ഉദ്ഘാടനം ചെയ്തത് നെസ്റ്റ് ഡയറക്ടർ ബഹു. ടിജോ ജോയ് മുള്ളക്കര അച്ചനാണ്. സഭാംഗങ്ങളും അന്യമതസ്തരുമായി നിരവധി പേരാണ് ഐക്യദാർഢ്യം പ്രകടിപ്പിക്കാനെത്തിയത്. പുതുക്കാട് ഫൊറോന വികാരി വെരി. റവ. ഫാ. ജോൺസൺ ചാലിശ്ശേരി സമാപന സന്ദേശം നൽകുകയും ശേഷം നാരങ്ങാനീര് നൽകി ഉപവാസയജ്ഞം പര്യവസാനിപ്പിക്കുകയും ചെയ്തു.

25.12.2022 ക്രിസ്മസ് ദിനത്തിൽ ഒല്ലൂർ സെന്ററിൽ തൈക്കാട്ടുശ്ശേരി ഇടവക വികാരി ബഹു. ഫാ. സ്റ്റാർസൺ കള്ളിക്കാടന്റെ നേതൃത്വത്തിൽ ഇടവകാംഗങ്ങളും മദ്യവിരുദ്ധ പ്രവർത്തകരും ബഹു. സിസ്റ്റേഴ്സും അതിരൂപത ഭാരവാഹികളും വിവിധ യൂണിറ്റുകളിൽ

നിന്നുള്ള പ്രതിനിധികളും ചേർന്ന് അമ്പതോളം പേർ ഉപവാസ പ്രാർത്ഥനയിൽ പങ്കെടുത്തു. വെരി റവ. ഫാ. ഡോ. പോൾ പൂവ്വത്തിങ്കൽ സി.എം.ഐ. ആയിരുന്നു ഉപവാസ യജ്ഞത്തിന്റെ ഉദ്ഘാടകൻ. അതിരൂപത ഡയറക്ടർ ബഹു. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ ഉപവാസപ്രാർത്ഥനാ യജ്ഞത്തിന്റെ സമാപനത്തിന് മുഖ്യാതിഥിയായി.

**4. കോർ കമ്മിറ്റി മീറ്റിങ്ങ്**

29.12.2022 ൽ അതിരൂപത പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ സംഘടനാ ഓഫീസിൽ ചേർന്ന യോഗത്തിന് ഡയറക്ടറച്ചൻ സ്വാഗതവും ആമുഖ പ്രഭാഷണവും നിർവ്വഹിച്ചു. സമർപ്പിതരുടെ രചനകൾ ഉൾക്കൊള്ളിച്ചുള്ള 'അർപ്പിത വൈഖരി' എന്ന പുസ്തകം തയ്യാറായതായി അച്ചൻ അറിയിച്ചു.

**5. ആദരാഞ്ജലി**

മദ്യവിരുദ്ധ സമിതിയുടെ അതിരൂപത പ്രസിഡന്റായിരുന്ന എം.കെ. ബാബുവിന്റെ വിയോഗത്തിൽ ഡയറക്ടറച്ചനും കോർ കമ്മിറ്റി യംഗങ്ങളും 29.12.2022 ൽ പരേതന്റെ ഭവനം സന്ദർശിച്ച് ഒപ്പീസു ചൊല്ലി പ്രാർത്ഥിക്കുകയുണ്ടായി.

**6. യുവജനസംഗമം**

01.01.2023 ഞായറാഴ്ച പൊങ്ങണംകാട് സെന്റ് മേരീസ് ഇടവക ദൈവാലയം അതിരൂപത മദ്യവിരുദ്ധ സമിതിയുടെ യുവജനസംഗമത്തിന് വേദിയായി. രാവിലെ 10 മണിക്ക് അതിരൂപത ഡയറക്ടറച്ചൻ ദിവ്യബലിയർപ്പിച്ചുകൊണ്ട് പരിപാടികൾക്ക് ആരംഭം കുറിച്ചു. പ്രസിദ്ധ ലഹരി വിരുദ്ധ പ്രബോധകനായ ശ്രീ. സേവ്യാർ പള്ളിപ്പാട്ട് യുവജനങ്ങളിൽ പടർന്നു പിടിച്ചുകൊണ്ടിരിക്കുന്ന മാരക വിപത്തായ ലഹരി ഉപഭോഗത്തിനെതിരെ ക്ലാസ് നയിച്ചു. കൃതജ്ഞതാർപ്പണത്തോടെ യോഗം പര്യവസാനിച്ചു.

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**ശ്രീ. ജോസ് വടക്കേത്തല**
പി.ആർ.ഒ.

# ജീസസ് യൂത്ത്

**കേരള ജീസസ് യൂത്ത് ഫാമിലി കോൺഫറൻസിന് (JYKFC 22) തൃശ്ശൂർ കുരിയച്ചിറ സെന്റ് ജോസഫ്സ് സ്കൂൾ വേദിയായി**

കേരള ജീസസ്സ് യൂത്തിന്റെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ ജീസസ് യൂത്ത് കുടുംബങ്ങൾക്കുമായി 2022 ഡിസംബർ 29, 30, 31 തിയ്യതികളിലായി കുരിയച്ചിറ സെന്റ് ജോസഫ്സ് മോഡൽ സ്കൂളിൽ വെച്ച് JYKFC '22 (ജീസസ് യൂത്ത് കേരള ഫാമിലി കോൺഫറൻസ്) നടന്നു.

ലവ്, ലിവ്, ലീഡ് എന്നീ വിചിന്തന വിഷയങ്ങളിലൂടെയായിരുന്നു പ്രധാനമായും ഈ ഫാമിലി കോൺഫറൻസ് കടന്നുപോയത്. ഫാമിലി കോൺഫറൻസിന്റെ ഉദ്ഘാടനം ഡിസംബർ 29ന് രാവിലെ സി.ബി.സി. ഐ അദ്ധ്യക്ഷനും തൃശ്ശൂർ അതിരൂപത മെത്രാപ്പൊലീത്തയുമായ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവഹിച്ചു. കുരിയച്ചിറ ഇടവക വികാരി ബഹു. ഫാ.തോമസ് വടക്കൂട്ട്, സെന്റ് ജോസഫ്സ് മോഡൽ സ്കൂൾ അഡ്മിനിസ്ട്രേറ്ററും പ്രിൻസിപ്പാളുമായ ബഹു. ഫാ. ഡോ. ബിജു നന്തിക്കര, തൃശ്ശൂർ ജീസസ് യൂത്ത് ഡയറക്ടർ ബഹു. ഫാ.ബാസ്റ്റിൻ പുന്നോലിപ്പറമ്പിൽ, സി.സാന്നിധ്യ സി. എം. സി, കെ.ജെ.വൈ.സി. കോർഡിനേറ്റർ ജോൺ സണ്ണി, ടി.ജെ.വൈ.സി. കോർഡിനേറ്റർ ബ്രിട്ടോ മൈക്കിൾ, ജീസസ് യൂത്ത് കേരള ഫാമിലി സ്ട്രീം കോർഡിനേറ്റേഴ്സ് ഷൈജൻ പോൾ & ജൻസി ഷൈജൻ, ജെ.വൈ.കെ.എഫ്.സി. ജനറൽ കോർഡിനേറ്റേഴ്സ് രാജു പോൾ & സോണി രാജു എന്നിവർ ഉദ്ഘാടനം ചടങ്ങിൽ പങ്കെടുത്തിരുന്നു.

കേരളത്തിലെ വിവിധ രൂപതകളിൽനിന്നായി 650 കുടുബങ്ങൾ ഈ സംഗമത്തിൽ പങ്കെടുക്കുകയുണ്ടായി. തൃശ്ശൂർ അതിരൂപതയിലെ 14 ഇടവകകളിലെ ഭവനങ്ങളിലാണ് കോൺഫറൻസിൽ എത്തിച്ചേർന്നവർക്ക് താമസസൗകര്യം ഒരുക്കിയിരുന്നത്. അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ, അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ, അഭിവന്ദ്യ മാർ അലക്സ് വടക്കുംതല എന്നിവരുടെ സാന്നിധ്യം കോൺഫറൻസ് ദിനങ്ങൾ കൂടുതൽ മിഴിവുറ്റതാക്കി. കോൺഫറൻസിൽ കിഡ്സ്, പ്രീടീൻസ്, ടീൻസ് എന്നിവർക്ക് പ്രത്യേകം ക്ലാസ്സുകൾ ക്രമീകരിച്ചിരുന്നു. 41 മിനിസ്ട്രികളാണ് കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിനായി പ്രവർത്തിച്ചുകൊണ്ടിരുന്നത്. ആഗോളസഭയുടെ കുടുബ വർഷാചരണങ്ങളോട്

ചേർന്ന് കുടുംബങ്ങളെ സഭയോടു ചേർത്ത് സുവിശേഷാധിഷ്ഠിതമായി ജീവിക്കുന്നതിനുള്ള പരിശീലനക്കളരിയായിരുന്നു ഫാമിലി കോൺഫറൻസ്.

**ബ്രിട്ടോ മൈക്കിൾ**
കോർഡിനേറ്റർ

**ഫാ. ബാസ്റ്റ്യൻ പുന്നോലിപ്പറമ്പിൽ**
ഡയറക്ടർ

# കെ. എൽ. എം.



**തൃശൂർ അതിരൂപത ജനറൽ ബോഡി വാർഷിക സമ്മേളനം**

തൃശൂർ അതിരൂപതയിലെ തൊഴിലാളി സംഘടനയായ കേരള ലേബർ മൂവ്മെന്റിന്റെ ജനറൽ ബോഡി വാർഷിക യോഗവും, 2023/ 2024 വർഷങ്ങളിലേക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പും, തൊഴിലാളികളുടെ സമ്മേളനവും 2022 ഡിസംബർ 18, ഞായറാഴ്ച പേരകം സെന്റ് മേരിസ് പള്ളി ഹാളിൽ സംഘടിപ്പിക്കുകയുായി. തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. അടുത്ത രണ്ട് വർഷങ്ങളിലേക്ക് കെ.എൽ.എം. അതിരുപത പ്രസിഡന്റായി ശ്രീ. ബിജു ചിറയത്തിനേയും, ജനറൽ സെക്രട്ടറിയായി ശ്രീമതി മോളി ജോബിയേയും, ട്രഷററായി ശ്രീ. ജോയ് മാളിയേക്കലിനേയും മറ്റു ഭാരവാഹികളേയും ജനറൽ ബോഡി അംഗങ്ങൾ വോട്ടെടുപ്പിലൂടെ തിരഞ്ഞെടുത്തു. അടുത്ത വർഷം കെ.എൽ.എം.ന്റേയും തൊഴിലാളി ഫോറങ്ങളുടേയും അംഗത്വം വർദ്ധിപ്പിക്കുവാനും നേതൃത്വ പരിശീലനപരിപാടികളും തൊഴിലാളി ശക്തീകരണ പരിപാടികളും നടത്തുവാനും തീരുമാനിച്ചു. മേഖലകളുടെ (ഫൊറോന) നേതൃത്വത്തിൽ പുതിയ യൂണിറ്റുകൾ രൂപപ്പെടുത്തുവാനും നിലവിലുള്ള യൂണിറ്റുകളിൽ തൊഴിലാളി ഫോറങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാനും തീരുമാനിച്ചു.

**2023/ 2024 വർഷങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട കെ.എൽ.എം. അതിരൂപത ഭാരവാഹികൾ.**

1. പ്രസിഡന്റ് : ബിജു ചിറയത്ത്, കൊഴുക്കുള്ളി
2. വൈസ് പ്രസിഡന്റുമാർ
   1. ആന്റോ പോൾ, പുല്ലഴി
   2. ബീന പോൾ, ചിറ്റാട്ടുകര
3. ജനറൽസെക്രട്ടറി : മോളി ജോബി, തലോർ

| | | |
|---|---|---|
| 4. സെക്രട്ടറിമാർ | | 1. ജഗൻ പാലയൂർ, മുല്ലശ്ശേരി |
| | | 2. ബാബു ജെയ്ക്കബ്, ചെറുതുരുത്തി |
| | | 3. ആന്റോ കെ.വി., മൂർ |
| | | 4. സേവ്യർ വി.വി., പാവർട്ടി |
| | | 5. റോബസ് പറപ്പുള്ളി, പുതുക്കാട് |
| 5. ട്രഷറർ | : | ജോയ് മാളിയേക്കൽ, നടത്തറ |
| 6. കമ്മിറ്റി അംഗങ്ങൾ | | 1. ഫ്രഞ്ചി ആന്റണി, ചേർപ്പ് |
| | | 2. ആനി ജെയ്സൻ, പാലക്കൽ |
| 7. പി.എസ്.എസ്. അംഗങ്ങൾ | | 1. ലോനപ്പൻ വി.എൽ, പാലക്കൽ |
| | | 2. ജോസ് മാടാനി, പുത്തൂർ |
| | | 3. ലിസ്സി ആന്റോ, മുണ്ടൂർ |
| 8. സംസ്ഥാന കമ്മിറ്റി അംഗം | : | ഷീജൻ ചിറമ്മേൽ, കിള്ളിമംഗലം |
| 9. റിസോഴ്സ് ടീം കൺവീനർ | : | ഷാജു ആന്റണി, കാൽവരി (അരണാട്ടുകര) |
| 10. തൊഴിലാളി ഫോറങ്ങൾ; | | |
| നിർമ്മാണ തൊഴിലാളി ഫോറം | : | ജെയിംസ് പള്ളത്ത്, വെട്ടുകാട് |
| തയ്യൽ തൊഴിലാളി ഫോറം | : | ഷീബ ജോയി, എരുമപ്പെട്ടി |
| ഗാർഹിക തൊഴിലാളി ഫോറം | : | ലിസി ബാബു, പുതുക്കാട് |
| മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ഫോറം | : | ജോസ് മാടാനി, പുത്തൂർ |
| ചെറുകിട തോട്ടം തൊഴിലാളി ഫോറം | : | ടോമി വള്ളോപ്പിള്ളി, വലക്കാവ് |
| പീടിക തൊഴിലാളി ഫോറം | : | ബിനു താണിക്കൽ, പാലയൂർ |
| 11. മേഖല (ഫൊറോന) പ്രസിഡന്റുമാർ | | |
| ചേലക്കര | : | ജെനു തോമസ്, പഴയന്നൂർ |
| വടക്കാഞ്ചേരി | : | ജോസ് സി.എൽ., കരുമത്ര |
| എരുമപ്പെട്ടി | : | ബാബു വി.എ. എരുമപ്പെട്ടി |
| പാലയൂർ | : | തോമസ് ചറമ്മൽ, പേരകം |
| വേലൂർ | : | കെ. ടി. ജെയിംസ്, എരനെല്ലൂർ |
| കൊട്ടേക്കാട് | : | സെബി സി. ജെ., മുണ്ടൂർ |
| കണ്ടശ്ശാംകടവ് | : | സെൻ ഊക്കൻ, മുല്ലശ്ശേരി |
| പറപ്പൂർ | : | ഡേവീസ് സി.ടി. പറപ്പൂർ |
| മറ്റം | : | ഷാജു പി.ഐ., എളവള്ളി |
| പഴുവിൽ | : | വർഗീസ് മാങ്ങൻ, പെരിങ്ങോട്ടുകര |
| ഒല്ലൂർ | : | ജോസ് ചിറയത്ത്, തലോർ |

| | |
|---|---|
| പുതുക്കാട് | : ബേബി വാഴക്കാല, വേലൂപ്പാടം |
| പുത്തൂർ | : ജെയിംസ് വി. കെ. മരോട്ടിച്ചാൽ |
| തൃശൂർ ലൂർദ്ദ് | : ജോസ് കുന്നപ്പിള്ളി, മുക്കാട്ടുകര |
| തൃശൂർ ഡോളേഴ്സ് | : ഫ്രാൻസീസ് ഏനോക്കാരൻ, ഒളരി |

**അതിരൂപത സംയുക്ത എക്സിക്യൂട്ടീവ് യോഗം (3.01.2023)**

കേരള ലേബർ മൂവ്മെന്റിന്റെ (കെ.എൽ.എം.) തിരഞ്ഞെടുക്കപ്പെട്ട അതിരൂപത നിർവാഹക സമിതി അംഗങ്ങളുടേയും കഴിഞ്ഞ വർഷങ്ങളിലെ നിർവാഹക സമിതി അംഗങ്ങളുടേയും സംയുക്ത യോഗം 2023 ജനുവരി 3 ന് തൃശൂർ കാത്തലിക് പാസ്റ്ററൽ സെന്ററിൽ നടത്തുകയും പുതിയ ഭാരവാഹികൾ ഡയറക്ടറുടെ കൈയിൽ നിന്നും ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുകയും ചെയ്തു.

**മോൺ. ഫാ. തോമസ് തലച്ചിറ അനുസ്മരണവും വാർഷിക കർമ്മപദ്ധതി ഉദ്ഘാടനവും**

കേരള ലേബർ മൂവ്മെന്റിന്റെ (കെ.എൽ.എം.) നാമവും സംവിധാനവും സംസ്ഥാന വ്യാപകമാക്കി വളർത്തിയ മോൺ. ഫാ. തോമസ് തലച്ചിറയുടെ ചരമ വാർഷികത്തിൽ (ജനുവരി 11) കേരള ലേബർ മൂവ്മെന്റിന്റെ (കെ.എൽ.എം.) നേതൃത്വത്തിൽ അനുസ്മരണ സമ്മേളനം സംഘടിപ്പിച്ചു. തൃശൂർ മുളയം മേരിമാത മേജർ സെമിനാരി റെക്ടർ ഫാ. ജെയ്സൺ കൂനംപ്ളാക്കൽ അനുസ്മരണ പ്രഭാഷണം നടത്തി. തദവസരത്തിൽ കേരള ലേബർ മൂവ്മെന്റിന്റെ വാർഷിക കർമ്മപരിപാടികളുടെ ഉദ്ഘാടനം തൃശൂർ അതിരൂപത സംഘടനകളുടെ ഏകോപന സമിതി സെക്രട്ടറി ഡോ. ടോണി ജോസഫ് നിർവഹിച്ചു. അതിരൂപത പ്രസിഡന്റ് ബിജു ചിറയത്ത് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഫാ. ജോർജ് തോമസ് നിരപ്പുകാലായിൽ ആമുഖ സന്ദേശം നല്കുകയും ഫാ. പോൾ മാളിയമ്മാവ് വാർഷിക കർമ്മ പദ്ധതികൾ വിശദീകരിക്കുകയും ചെയ്തു. തുടർന്ന് തോമസച്ചന്റെ ഫോട്ടോക്ക് മുന്നിൽ പുഷ്പാർച്ചന നടത്തി.

| | |
|---|---|
| **ഫാ. ജോർജ് തോമസ് നിരപ്പുകാലായിൽ** | **ബിജു ചിറയത്ത്** |
| ഡയറക്ടർ | പ്രസിഡന്റ് |
| **ഫാ. പോൾ മാളിയമ്മാവ്** | **ആന്റോ പോൾ** |
| അസി. ഡയറക്ടർ | ജനറൽ സെക്രട്ടറി |

# സ്ലം സർവ്വീസ് സെന്റർ

അതിരൂപത സ്ലം സർവ്വീസ് സെന്ററിന്റെ പുതിയ പ്രസിഡണ്ട് ആയി ബേബി മൂക്കനെയും സെക്രട്ടറി ആയി ജോയ് പോൾ കൂനംപ്ലാക്കലിനെയും തെരഞ്ഞെടുത്തു. മറ്റു ഭാരവാഹികളായി ജോബ് ചിറമ്മൽ (വൈ.പ്രസിഡണ്ട്) ഫ്രാൻസീസ് കല്ലറയ്ക്കൽ (ട്രഷറർ) റപ്പായി പാലമറ്റം, ജോൺസൺ കൊക്കൻ, അഡ്വ. ആന്റൊ ഡേവിസ്, ജോസ് കുത്തൂർ (കമ്മിറ്റി) എന്നിവരെ തെരഞ്ഞെടുത്തു.ഡയറക്ടർ ഫാ.സിജു പുളിക്കൻ അദ്ധ്യക്ഷത വഹിച്ചു.

**ഫാ.സിജു പുളിക്കൻ**
ഡയറക്ടർ

# അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ്

**1. മീഡിയ അവാർഡ് ഡേ**

തൃശ്ശൂർ അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ മാധ്യമദിനാചരണം 2023 ഫെബ്രുവരി 26ന് ഞായർ ഉച്ചകഴിഞ്ഞ് 2:30ന് തൃശ്ശൂർ സെന്റ് തോമസ് കോളേജ് മെഡ്ലിക്കോട്ട് ഹാളിൽ സമുചിതമായി ആചരിക്കുന്നു. 2021ലെ മികച്ച പാരിഷ് ബുള്ളറ്റിനുകൾക്കുള്ള സമ്മാനവിതരണം, അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സിൽവർ ജൂബിലി അവാർഡ്ദാനം എന്നിവ നടത്തപ്പെടും. എല്ലാ ഇടവക പി. ആർ. ഒ.മാരും ഈ സമ്മേളനത്തിൽ സംബന്ധിക്കേണ്ടതാണെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**2. പാരിഷ് ബുള്ളറ്റിൻ മത്സരം 2022**

അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നും പ്രസിദ്ധീകരിക്കുന്ന പാരിഷ് ബുള്ളറ്റിനുകൾക്കായി അതിരൂപതാ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് നടത്തുന്ന 2022ലെ പാരിഷ് ബുള്ളറ്റിൻ മത്സരത്തിലേക്കു അപേക്ഷകൾ ക്ഷണിക്കുന്നു. താഴെപ്പറയുന്ന മാനദണ്ഡങ്ങളനുസരിച്ച് ബുള്ളറ്റിനുകളും കൃതികളും 2023 മാർച്ച് 31ന് മുമ്പ്

'ബുള്ളറ്റിൻ മത്സരം' എന്ന് എഴുതിയ കവറിലാക്കി ആർച്ച്ബിഷപ്സ് ഹൗസ് റിസപ്ഷനിൽ ഏല്പിക്കേണ്ടതാണ്. 2023 മാർച്ച് 31നുശേഷം ലഭിക്കുന്ന ബുള്ളറ്റിനുകൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.

1. മികച്ച പാരിഷ്ബുള്ളറ്റിൻ

1.1. പ്രതിമാസം പ്രസിദ്ധീകരിക്കുന്നവയ്ക്കും ഇടവിട്ട് പ്രസിദ്ധീകരിക്കുന്നവയ്ക്കും വെവ്വേറെ മത്സരം ഉണ്ടായിരിക്കും.

1.2. ഈ മത്സരത്തിലെ മൂല്യനിർണ്ണയത്തിനു മാർക്കുവിഭജനം താഴെപ്പറയും വിധമായിരിക്കും: കവർ (15%), എഡിറ്റോറിയൽ (15%), ലേഔട്ട് (15%), ഉള്ളടക്കം (50%) ഇതര കാര്യങ്ങൾ (5%)

1.3. ഈ മത്സരത്തിന് 2022 വർഷം പ്രസിദ്ധീകരിച്ച ബുള്ളറ്റിനുകൾ ബൈൻഡ് ചെയ്ത ഒരു കോപ്പി സമർപ്പിക്കണം.

2. മികച്ച കവർ, മികച്ച എഡിറ്റോറിയൽ, മികച്ച ലേ ഔട്ട്

2.1 ഈ മത്സരങ്ങൾ എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നവയ്ക്കുമാത്രമായിരിക്കും

2.2. മികച്ച കവർ – 2022 സെപ്തംബർ (ഒരു കോപ്പി)

2.3. മികച്ച എഡിറ്റോറിയൽ – 2022 ആഗസ്റ്റ് എഡിറ്റോറിയൽ പേജ് മാത്രം. വികാരിയച്ചന്റെ ഒപ്പും സീലും നിർബന്ധം.

2.4. മികച്ച ലേ ഔട്ട് – 2022 മെയ് (ഒരു കോപ്പി)

3. മികച്ച ലേഖനം, കഥ, കവിത, കാർട്ടൂൺ, ഫീച്ചർ

3.1. എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നതോ അല്ലാത്തതോ എന്നു വേർതിരിവ് ഈ വിഭാഗത്തിന് ഉണ്ടായിരിക്കുന്നതല്ല.

3.2. ഓരോ പാരിഷ്ബുള്ളറ്റിനിൽനിന്നും ഓരോ വിഭാഗത്തിലേക്കും ഏറ്റവും മികച്ചതെന്നു തോന്നുന്ന ഒരു കൃതിയാണ് മത്സരത്തിന് സമർപ്പിക്കേണ്ടത്. (ഉദാ. കവിത – ഒരെണ്ണം, ലേഖനം – ഒരെണ്ണം എന്നിങ്ങനെ).

3.3. ഈ മത്സരങ്ങൾക്ക് പരിഗണിക്കപ്പെടേണ്ട കൃതികളടങ്ങുന്ന ബുള്ളറ്റിൻ പേജുകൾ മാത്രം ഒരു കോപ്പി വീതം നൽകണം. ഇതിൽ വികാരിയച്ചന്റെ ഒപ്പും സീലും നിർബന്ധം.

4. വികാരിയച്ചന്മാരുടെയും കൊച്ചച്ചന്മാരുടെയും പംക്തി

4.1. വികാരിയച്ചന്റെ പംക്തി – 2022 ഡിസംബറിലെ വികാരിയച്ചന്റെ പംക്തിയുടെ പേജ് മാത്രം ഒരു കോപ്പി.

4.2. കൊച്ചച്ചന്റെ പംക്തി – 2022 ഏപ്രിലിലെ കൊച്ചച്ചന്റെ പംക്തിയുടെ പേജ് മാത്രം ഒരു കോപ്പി

5. ഓരോവിഭാഗത്തിലുമുള്ള മത്സരത്തിന് പരിഗണക്കപ്പെടേണ്ട ബുള്ളറ്റിനുകളോ മത്സരയിനമോ വെവ്വേറെയായി തരം തിരിച്ച് ഒരുകോപ്പി

വീതം നല്കണം.

5.1. മത്സരഫലം പ്രഖ്യാപിച്ചശേഷം ബുള്ളറ്റിനുകൾ തിരികെ ലഭിക്കുന്നതാണ്.

**ജോർജ്ജ് ചിറമ്മൽ**
പ്രസിഡണ്ട്

**ഫാ. സിംസൺ ചിറമ്മൽ**
ഡയറക്ടർ

## സുവർണ്ണ ജൂബിലി സമാപനാഘോഷങ്ങളുടെ ഉദ്ഘാടനം

തൃശൂർ കലാസദന്റെ സുവർണ്ണജൂബിലി സമാപനാഘോഷങ്ങൾ സ്ഥാപിതദിനത്തിൽ ടി.എൻ. പ്രതാപൻ എം.പി. ഉദ്ഘാടനം ചെയ്തു. മാർ ആന്റണി ചിറയത്ത് അദ്ധ്യക്ഷത വഹിച്ചു. ആദ്യകാല ഭാരവാഹികളായ തോമസ് കിഴൂർ, ഫാ. ലോറൻസ് ഒലക്കേങ്കിൽ, ഫാ. ജോൺ കവലക്കാട്ട് എന്നിവരെ മാർ ചിറയത്ത് ഉപഹാരം നൽകി ആദരിച്ചു. മുൻ പ്രസിഡണ്ടുമാരായ ഡോ. ജോർജ് മേനാച്ചേരി, പ്രൊഫ. ജോൺ സിറിയക്, ഷെവ. സി.എൽ. ജോസ്, തോമസ് കൊള്ളന്നൂർ, ഡോ. സി. കെ. തോമസ്, വി.പി ജോസഫ് എന്നിവരേയും സെക്രട്ടറിമാരായ ഫാ. ജോസ് പുന്നോലിപറമ്പിൽ, ഫാ. ബാബു പാണാട്ടുപറമ്പിൽ, മോൺ, ജോസ് കോനിക്കര, ഫാ. പോൾ പുളിക്കൻ എന്നിവരേയും മേയർ എം. കെ. വർഗ്ഗീസ് ഉപഹാരവും പൊന്നാടയും നല്കി ആദരിച്ചു. കലാസദന്റെ 25 കലാകാരന്മാരെ സംവിധായകൻ ലിജോ ജോസ് പെല്ലിശ്ശേരി ഉപഹാരം നല്കി ആദരിച്ചു. സംഗീതവിഭാഗത്തിന് മികച്ച നേതൃത്വം നല്കി വരുന്ന ജെയ്ക്കബ് ചെങ്ങലായ്, സി.ജെ. ജോൺ എന്നിവരെ ബിഷപ്പ് ഉപഹാരം നല്കി അനുമോദിച്ചു. തുടർന്ന് കലാസദൻ കലാകാരന്മാർ ഒരുക്കിയ 'ഉണർവ്വ്-2022' സംഗീതപരിപാടിയും സ്നേഹവിരുന്നും ഉണ്ടായിരുന്നു.



2022 ഡിസംബർ 25ന് ആശീർവാദവും പ്രതിഷ്ഠാകർമ്മവും നിർവഹിക്കപ്പെട്ട
കൈപ്പറമ്പ് വിശുദ്ധ മദർതെരെസാ ദൈവാലയവും അൾത്താരയും



Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.01.2023
**February- 2023**

## തൃശ്ശൂർ അതിരൂപതയിലെ നവവൈദികർ

ആശംസകളോടെ അതിരൂപത കുടുംബം


Fr. Puthur John
Viyyur


Fr. Pulikkottil Davis Jr.
Chittattukara


Fr. Neelankavil Sinoj
Thiroor


Fr. Arimboor Derin
Karamuck

---

## തൃശ്ശൂർ അതിരൂപതയിൽ നിന്നുള്ള നവവൈദികർ

ആശംസകളോടെ
അതിരൂപത കുടുംബം


Fr. Thaikadan
Rijo OFM.Cap.- Velur


Fr. Maroky
Jithin OFM.Cap.
Chittilappilly


Fr. Kunnath Jitto SDB
Nellikkunnu


Fr. Vadakkan Remy CMI
Chengalur


Fr. Chonedan Sebin CMI
Pudukkad


Fr. Chowallur
Joju OFM.Cap.
Pavaratty


Fr. Arangassery Vinny
Varghese OFM.Cap.
Villadom


Fr. Pulikkottil John
Paul OFM.Cap.
Athani


Fr. Alappat Jis
Antony OFM.Cap.
Kodannur


Fr. Kurumbilai Shimjo SDV
Chittissery


Fr. Emmanuel Jose OCD
Padavarad


Fr. Alexis Pellissery OIC
Mulayam

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor